# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-340/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-340/2023 തീയ്യതി: 30/04/2023

## ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 29-12-2021 മുതൽ 13-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 20-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-03-2023 | 20-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. സണ്ണി എം. യു., ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ. വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ കെ. ജോർജ്ജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശാന്തി ഷാജിമോൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. കെ. സെൻകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബൈജു കെ.ലാൽ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.വർഗീസ് ജോസഫ് | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.സോജി തോമസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഗീതു വർഗീസ് | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | (സി.എച്ച്.സി) | | |
| ശ്രീമതി ഷിൻജ ബഷീർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ഇന്ദു വി സുകുമാർ | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി സിൽവി കെ.ജെ | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 01-04-2021 | 12-01-2022 |
| ശ്രീമതി.കൊച്ചുറാണി | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 13-01-2022 | 31-03-2022 |
| ശ്രീമതി.എ.എം.നസീമ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 06-12-2021 |
| ശ്രീ.പ്രൻസ് .സി | ഹെഡ് മാസ്റ്റർ | 07-12-2021 | 31-03-2022 |
| ഡോ. കാളീശ്വരൻ | വെറ്ററിനറി സർജൻ | 01-04-2021 | 30-06-2021 |
| ഡോ. ഹരികൃഷ്ണൻ പിള്ള | വെറ്ററിനറി സർജൻ | 01-07-2021 | 31-10-2021 |
| ഡോ. അജോ ജോസഫ് | വെറ്ററിനറി സർജൻ | 01-11-2021 | 31-03-2022 |
| ശ്രീ. സുർജിത്ത് ശശി | വി.ഇ.ഒ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരം | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 5 | റോഡിതര മെയിന്റനൻസ് ഫണ്ട് - ചെലവ് 67.81 ശതമാനം മാത്രം - 14.26 ലക്ഷം ലാപ്സായി | 1-3-2 |
| 6 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല - ബാദ്ധ്യത ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമല്ല | 1-3-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 9 | ക്ഷേമ പദ്ധതികൾ | 1-6 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 12 | വാർഷിക കണക്കുകളുടെ പരിശോധന - പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-9 |
| 13 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല | 1-9-1 |
| 14 | ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല | 1-9-2 |
| 15 | നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല | 1-9-3 |
| 16 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല | 1-9-4 |
| 17 | വിവിധ നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല - വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയില്ല | 1-9-5 |
| 18 | തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ അനാസ്ഥ - 2022-23ലെ വികസന ഫണ്ടിൽ ₹3,58,855/-യുടെ കുറവിന് സാധ്യത | 1-9-6 |
| 19 | പഞ്ചായത്തിന്റെ മിച്ചഫണ്ട് നിക്ഷേപിക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നില്ല | 1-9-7 |
| 20 | ഐ.കെ.എം. പേയ്മെന്റ് ഗേറ്റ് വേ മുഖേന അക്കൗണ്ടിൽ എത്തുന്ന തുകകൾ ക്രെഡിറ്റ് അക്നോളഡ്ജ്മെന്റ് നടത്തുന്നില്ല | 1-10 |
| 21 | ആയുർവ്വേദ സുഖ ചികിൽസ കേന്ദ്രങ്ങൾക്ക് വസ്തു നികുതി നിരക്ക് കുറവായി ഈടാക്കുന്നു | 1-11 |
| 22 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിസ്തീർണത്തിന് ആനുപാതികമായ നികുതി നിരക്കിൽ ഉൾപ്പെടുത്തിയില്ല | 1-12 |
| 23 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത | 1-13 |
| 24 | വാടക ഇനത്തിൽ കുടിശ്ശിക | 1-14 |
| 25 | ക്രമപ്രകാരമല്ലാത്ത കംപ്ലീഷൻ പ്ലാനിന് അംഗീകാരം നൽകി ഒക്യുപൻസി അനുവദിച്ചു | 1-15 |
| 26 | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം അനർഹർക്ക് വിതരണം ചെയ്തു | 1-16 |
| 27 | എസ്.എസ്.കെ. വിഹിതം ഉപയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-17 |
| 28 | ചെങ്കര കരിശുമല ടൂറിസ്റ്റ് കേന്ദ്രം വാച്ച് ടവർ - കരാറുകാരന് അധികം തുക നൽകി | 1-18 |
| 29 | പളിയക്കുടി അംഗണവാടിക്ക് ലൈബ്രറി അടിസ്ഥാന സൗകര്യങ്ങൾ - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി അളവിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ | 1-19 |

| | | |
|---|---|---|
| | കിഴിവ് പരിഗണിച്ചില്ല | |
| 30 | ആധുനിക അറവുശാല നിർമ്മാണം - ലക്ഷ്യം കൈവരിക്കാത്ത പദ്ധതി മാലിന്യ നിർമ്മാർജ്ജനത്തിനായി ഉപയോഗപ്പെടുത്തുന്നു | 1-20 |
| 31 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും - പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതര ക്രമക്കേട് | 1-21 |
| 32 | കാർഷിക പദ്ധതികളിലെ വിത്തുകളും തൈകളും ടെണ്ടർ നടപടിയില്ലാതെ നേരിട്ട് വാങ്ങുകയും ഗുണഭോക്താവിന് നേരിട്ട് നൽകാതെ ജന പ്രതിനിധികൾ മൊത്തമായി കൈപ്പറ്റുകയും ചെയ്യുന്നു | 1-22 |
| 33 | സുഭിക്ഷ കേരളം - ഫലവൃക്ഷത്തൈ വിതരണം - കാർഷിക കർമ്മസേനയെ ഇടനിലക്കാരായി ടെണ്ടർ നടപടിയില്ലാതെ വാങ്ങൽ നടത്തിയിരിക്കുന്നു | 1-23 |
| 34 | പൊതുവിഭാഗം ലൈഫ് പാർപ്പിട പദ്ധതിയുടെ സംസ്ഥാന വിഹിതം, ഹഡ്കോ ലോൺ വിഹിതം എന്നിവയുടെ ചെലവ് തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 1-24 |
| 35 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ചെലവ് തടസ്സം ₹47,80,000/- | 1-25 |
| 36 | ആശ്രയ പദ്ധതിയ്ക്കായി നൽകിയ തുകയുടെ ചെലവ് വിവരം ലഭ്യമല്ല | 1-26 |
| 37 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 38 | കുടിവെള്ള പ്രോജക്ടുകൾക്ക് നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-28 |
| 39 | ബിൽ ഓഫ് സപ്ലൈ നൽകിയ സ്ഥാപനം ജി.എസ്.ടി. ഈടാക്കി | 1-29 |
| 40 | മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച് - | 1-30 |
| 41 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - യഥാസമയം മരുന്ന് ലഭ്യമായിട്ടില്ല | 1-31 |
| 42 | കുടിവെള്ള വിതരണം - രേഖകൾ ഹാജരാക്കിയില്ല | 1-32 |
| 43 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-33 |
| 44 | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-34 |
| 45 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 1-35 |
| 46 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി | 1-36 |
| 47 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി | 1-37 |
| 48 | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി | 1-38 |
| 49 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-39 |
| 50 | വീഡിയോ കോൺഫറൻസ് ഹാളിന് അധിക സൌകര്യങ്ങൾ ഒരുക്കൽ- കൃത്രിമമായി സ്പെസിഫിക്കേഷനുകൾ നൽകി ജെം-ലൂടെ സാധനങ്ങൾ വാങ്ങി | 1-40 |
| 51 | ഫയലുകൾ അപൂർണ്ണം-ചെലവ് തടസപ്പെടുത്തുന്നു | 1-41 |
| 52 | ഇലക്ഷൻ ഡെപ്പോസിറ്റ് തുക - മുതൽ കൂട്ടിയില്ല | 1-42 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ചെങ്കര-കരിശുമല ടൂറിസ്റ്റ് കേന്ദ്രം വാച്ച് ടവർ - കരാറുകാരന് അധികം തുക നൽകി | 3-1 |
| 2 | പളിയക്കുടി അംഗണവാടി ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാത്തത് മൂലം അധികം തുക നൽകി | 3-2 |

| | | |
|---|---|---|
| 3 | കാലി വീപ്പയുടെ വില ഈടാക്കിയില്ല - ₹20,220/- അധികം നൽകി | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾ | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

16.02.2021-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹8,37,09,466/- മുന്നിരിപ്പും ₹57,48,95,000/- വരവും ₹58,29,50,800/- ചെലവും ₹7,56,53,666/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം ഭരണ സമിതിയുടെ 17.02.2021ലെ യോഗത്തിലെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10.02.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ, ബജറ്റ്, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2021-22-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | |
|---|---|---|
| 31.07.2022 | 27.06.2022 | |

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 95832347 | 95832347 | 93651998 | | |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 15486040 | 15486040 | 14859461 | | |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 3192849 | 3192849 | 2538098 | | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 21082191 | 21082191 | 9778762 | 11303429 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 37036654 | 37036654 | 13575247 | 23461407 | |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 17213836 | 17213836 | 14586369 | | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 11695287 | 11695287 | 7930300 | | |
| മഴക്കാല പൂർവ്വ ശുചീകരണം | 200000 | 200000 | 400000 | 357000 | 43000 | |
| സമ്പൂർണ്ണ ശുചിത്വം | 544592 | 0 | 544592 | 154000 | 390592 | |
| ഐ.സി.ഡി.എസ്. | 679419 | 1434770 | 2114189 | 0 | 2114189 | |
| എം.എൽ.എ. ഫണ്ട് | 0 | 948504 | 948504 | 914628 | 33876 | |
| ടി.എസ്.പി. കോർപ്പസ് | 59000 | 0 | 59000 | 0 | 59000 | |
| ബഡ്സ് സ്കൂൾ ബസ് വാങ്ങൽ | 1500000 | 0 | 1500000 | 0 | 1500000 | |
| ശബരിമല | 311100 | 370000 | 681100 | 229102 | 451998 | |
| എസ്.ഡി.ആർ.എഫ്. | 0 | 3192992 | 3192992 | 3192992 | 0 | |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 0 | 850000 | 850000 | 0 | 850000 | |
| ഹരിത കേരളം അവാർഡ് | 90285 | 0 | 90285 | 0 | 90285 | |

വിവിധ ഫണ്ടുകൾക്ക് ലഭിച്ച ബജറ്റ് വിഹിതം, അധിക അലോട്ട്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം (₹) | അധിക അലോട്ട്മെന്റ് (₹) | | ആകെ ലഭിച്ച ഫണ്ട് (₹) |
|---|---|---|---|---|
| | | 2020-21 ക്യാരി ഓവർ (പകുതി) | വോട്ടിംഗ് മെഷീൻ തുക തിരികെ | |
| വികസന ഫണ്ട് (ജനറൽ) | 93770000 | 2062347 | 0 | 95832347 |
| വികസന ഫണ്ട് (SCP) | 14939000 | 547040 | 0 | 15486040 |
| വികസന ഫണ്ട് (TSP) | 2888000 | 304849 | 0 | 3192849 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 17163000 | 50836 | 0 | 17213836 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 10831000 | 784900 | 79387 | 11695287 |

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം (₹) | അധിക അലോട്ട്മെന്റ് (₹) | ലൈഫ് ലോൺ (₹) | അംഗൻവാടി ഹോണറേറിയം (₹) | അക്കൗണ്ട് ചെയ്ത ഫണ്ട് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 93770000 | 2062347 | 4401467 | 2014800 | 89416080 |
| വികസനഫണ്ട് (SCP) | 14939000 | 547040 | 1645600 | 0 | 13840440 |
| വികസനഫണ്ട് (TSP) | 2888000 | 304849 | 303600 | 0 | 2889249 |

2. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

3. ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടിന്റെ ബില്ലുകൾ വികസന ഫണ്ട്-എസ്.സി.എസ്.പി ഫണ്ട് ഉപയോഗിച്ച് മാറിയിട്ടുണ്ട്. എന്നാൽ, ചെലവ് വിവരം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് | ഫണ്ട് | ബിൽ നം./തുക (₹) | തുക (₹) |
|---|---|---|---|
| ആട് വിതരണം എസ്.സി.പി. (218/22) | വികസന ഫണ്ട് – എസ്.സി.എസ്.പി. | 21100252008801240595/07.03.2022 | 157500 |

1-3-2 റോഡിതര മെയിന്റനൻസ് ഫണ്ട് - ചെലവ് 67.81 ശതമാനം മാത്രം - 14.26 ലക്ഷം ലാപ്സായി

2020-21ലെ ക്യാരി ഓവർ തുക ₹7,84,900/-, വോട്ടിംഗ് മെഷീനായി 2020-21ൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹79,387/- എന്നിവ ഉൾപ്പെടെ ലഭിച്ച റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹1,16,95,287/-ൽ 2021-22 സാമ്പത്തിക വർഷം ₹79,30,300/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 67.81 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹14,25,930/- ലാപ്സായി.

| അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| 11695287 | 7930300 | 3764987 | 67.81 | 2339057.4 | 1425929.6 |

1-3-3 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല - ബാദ്ധ്യത ശീർഷകങ്ങളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്.

ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേയ്ക്കോ മറ്റ് ഹെഡിലേയ്ക്കോ തുക മാറ്റിയിരിക്കുകയാണ്. മുൻ വർഷങ്ങളിൽ വിവിധ ഹെഡുകളിൽ വരവ് രേഖപ്പെടുത്തിയ തുകകളുടെ ഉറവിടം വ്യക്തമല്ലാത്തതിനാൽ 01.04.2021ലെ മുന്നിരിപ്പ് വ്യക്തമല്ല.

| ക്രമ നം. | ശീർഷകം | മുന്നിരിപ്പ് (₹) | വരവ് (₹) | ചെലവ് (₹) | 31.03.2022ലെ നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| 1 | 320200302 | 317656 | 0 | 0 | 317656 |
| 2 | 320200399 | 2105000 | 9760000 | 11120000 | 745000 |
| 3 | 320700404 | 77957 | 0 | 0 | 77957 |

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മതിയായ രേഖകളുടെ പിന്തുണയില്ലാതെ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഇൻകം ശീർഷകത്തിലേയ്ക്ക് തുക ക്രമീകരണം നടത്തിയതിനും വിശദീകരണം നൽകേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം % |
|---|---|---|---|---|---|
| 438 | 314498738 | 312 | 167507396 | 126 | 71.23 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|
| കൃഷി ഓഫിസർ | 27 | 22 | 21131072 | 16348333 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 10 | 10 | 11031984 | 8512626 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 9 | 9 | 1935000 | 1934795 |
| വെറ്ററിനറി സർജൻ | 11 | 10 | 8426000 | 4122300 |
| വി.ഇ.ഒ. | 8 | 7 | 33307448 | 29358842 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 8 | 9260000 | 7306513 |
| സെക്രട്ടറി | 129 | 84 | 90553779 | 44638540 |
| അസി. സെക്രട്ടറി | 27 | 18 | 19248334 | 13389441 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3000000 | 1500000 |
| ഹെഡ് മാസ്റ്റർ | 4 | 1 | 950000 | 450000 |

| | | | | |
|---|---|---|---|---|
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1827000 | 0 |
| അസി. എഞ്ചിനീയർ | 200 | 142 | 113828111 | 39946006 |
| ആകെ | 438 | 312 | 314498738 | 167507396 |

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 53.26% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ 91.53%ഉം എസ്.സി.പി. ഫണ്ടിന്റെ 85.14% ഉം ടി.എസ്.പി. ഫണ്ട് 72.8% ഉം വിനിയോഗിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് ശുചിത്വമാർന്ന മാംസം നൽകുന്നതിന് ലക്ഷ്യമിട്ട് രണ്ടേകാൽ കോടിയോളം രൂപ ചെലവഴിച്ച് 2021ൽ പൂർത്തീകരിച്ച ആധുനിക അറവുശാല ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയ ആസ്തിയായി പരിണമിച്ചിരിക്കുകയാണ്. പദ്ധതി പ്രദേശം നിലവിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായാണ് നിലവിൽ ഉപയോഗിച്ച് വരുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായിട്ടുള്ള വീഴ്ചകൾ ഖണ്ഡിക 1-19ൽ പ്രതിപാദിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളിലും ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ₹24,90,000/- അടങ്കൽ തുകയുള്ള വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷി എന്ന പദ്ധതി ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി അടങ്കൽ 5 ലക്ഷം രൂപയിൽ താഴെ വരുന്ന വിധത്തിൽ അഞ്ച് പദ്ധതികളായി ഏറ്റെടുത്ത് നടപ്പാക്കിയിരിക്കുന്നു. മറ്റ് ക്രമക്കേടുകൾ അടക്കമുള്ള വിശദാംശങ്ങൾ ഖണ്ഡിക 1-20ൽ ചേർത്തിട്ടുണ്ട്. വിത്തുകളും തൈകളും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് വാങ്ങിയിരിക്കുന്നത്. പച്ചക്കറികളും വിത്തുകളും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാതെ വാർഡ് മെമ്പർമാരാണ് കൈപ്പറ്റിയിരിക്കുന്നത്. വിശദാംശങ്ങൾ ഖണ്ഡിക 1-22ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1819 | 1699294 | 1701113 | 1698297 | 2816 |
| തൊഴിലാളികളുടെ കൂലി | 0 | 57165297 | 57165297 | 57165297 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 13440 | 6 |
| വിധവ പെൻഷൻ | 22077600 | 1423 |
| കർഷക തൊഴിലാളി പെൻഷൻ | 1902400 | 140 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 220800 | 11 |
| വാർദ്ധക്യകാല പെൻഷൻ | 49562300 | 2683 |
| വികലാംഗ പെൻഷൻ | 5067600 | 288 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.03.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,74,439/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

1-8-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നീ ഇനങ്ങളിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ

രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 വാർഷിക കണക്കുകളുടെ പരിശോധന - പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2021 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2021-22 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ, സാംഖ്യയിൽ തയ്യാറാക്കിയിട്ടുള്ള റിക്കൺസിലിയേഷന്റെ ആധികാരികത വ്യക്തമല്ല.

KURDFC ലോൺ തിരിച്ചടച്ചതിന്റെ വിവരം ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-9-1 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി ഇനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

1-9-2 ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യത പത്രിക പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ബാദ്ധ്യത ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന രേഖകളില്ല.

| ഷെഡ്യൂൾ | ഹെഡ് | വിശദാംശങ്ങൾ | തുക (₹) |
|---|---|---|---|
| B-9 Other Liabilities | 350300103 | Government And Other Dues Payable-Value Added Tax | 144 |
| | 350300106 | Government And Other Dues Payable-Revenue Recovery | 9845 |
| | 350300116 | Government And Other Dues Payable-Flood Cess | 178 |
| | 350409901 | Refunds Payables - Others | 4800 |
| | 350800299 | Other Liabilities | 2852506 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ഹെഡുകളിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ചും തുകകൾ സ്ഥാസമയം ബാദ്ധ്യതയിൽ നിന്നും ക്രമീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൊടുത്ത് തീർക്കുവാനുള്ള ബാദ്ധ്യതകൾ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-9-3 നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞ് കിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 31.03.2021-ൽ പിരിഞ്ഞ് കിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശ്ശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് 21.05.2021ലും തൻവർഷ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത് 2022 മാർച്ച് മാസവും ആണ് (31.03.2022). സാമ്പത്തിക വർഷം വരവുകൾ അസസ്സ് ചെയ്ത് നികുതി നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച് ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-9-4 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹40,000/- രേഖപ്പെടുത്തിയിട്ടുണ്ട്. 2018 മുതലുള്ള രേഖപ്പെടുത്തലുകൾ മേൽ ഹെഡിൽ ഉണ്ട്. മൂന്ന് മാസകാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനത് ഫണ്ടിൽ രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതും ക്രമീകരണം നടത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. സ്റ്റെയിൽ ചെക്ക് ബാദ്ധ്യതയായി വന്ന തുക ക്രമീകരിച്ചിരിക്കുന്നതിനും രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-9-5 വിവിധ നികുതി-നികുതിയിതര വരുമാനങ്ങളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല - വാർഷിക കണക്കുകളിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയില്ല

വിവിധ നികുതി-നികുതിയിതര വരുമാനങ്ങളുടെ തൻവർഷ കുടിശിക ഡി.സി.ബി, തയ്യാറാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കുകളിലെ വിവിധ വരുമാനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ ആധികാരികത വ്യക്തമല്ല.

രജിസ്റ്ററുകൾ തയ്യാറാക്കാത്തതിനും വാർഷിക കണക്കിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9-6 തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ അനാസ്ഥ - 2022-23ലെ വികസന ഫണ്ടിൽ ₹3,58,855/-യുടെ കുറവിന് സാധ്യത

2021-22 വാർഷിക ധനകാര്യ പത്രിക അനുസരിച്ച് വസ്തു നികുതി, വാടക എന്നീ ഇനങ്ങളിൽ വൻ കുടിശ്ശിക നിലനില്ക്കുന്നു. ധനകാര്യ പത്രികയുടെ ബി-15 പത്രിക പ്രകാരം 34.02 ലക്ഷം രൂപ കുടിശ്ശികയുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 243(1)-ാം വകുപ്പനുസരിച്ച്, ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ വരുമാനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നികുതി നികുതിയിതര വരുമാനം | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | പിരിവ് ശതമാനം |
|---|---|---|---|---|
| തൻവർഷം | 27991823 | 22731883 | 5686834 | 81.29 |
| കുടിശിക | 31763624 | 3422941 | 28340684 | 11.00 |
| ആകെ | 59755447 | 26154824 | 34027518 | 43.77 |

വസ്തുനികുതിയുടെ കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തന്മൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരവിനങ്ങളുടെ തൻ വർഷത്തെ ആകെ ഡിമാന്റ് തുകയുടെ കുറഞ്ഞത് 90% എങ്കിലും പിരിച്ചെടുക്കാത്തപക്ഷം തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് വിഹിതത്തിൽ നിന്ന് (പൊതു വിഭാഗം) പിഴയായി 1% തുക 2022-23 മുതൽ കുറവ് ചെയ്യുമെന്ന് 18.10.2022-ലെ ജി.ഒ.(എം.എസ്.)179/2022 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ബജറ്റ് രേഖകൾ പ്രകാരം 2022-23ലെ വികസന ഫണ്ട് സാധാരണ വിഹിതം ₹3,58,85,500/-യാണ്. ബജറ്റ് വിഹിതത്തിന്റെ ഒരു ശതമാനം (₹3,58,855/-) 2022-23 വർഷം റവന്യൂ പിരിവിലെ അനാസ്ഥമൂലം നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

1-9-7 പഞ്ചായത്തിന്റെ മിച്ചഫണ്ട് നിക്ഷേപിക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

പഞ്ചായത്തിലെ മിച്ചഫണ്ട് സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന സാഹചര്യത്തിൽ ഓഡിറ്റ് തരം തിരിവിൽ "ബി" യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2021-22ൽ താഴെ പറയും പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ പഞ്ചായത്ത് സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത സഹകരണ സ്ഥാപനങ്ങൾക്ക് ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരമുള്ള ഓഡിറ്റ് തരം തിരിവ് ഉറപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | അമരാവതി സർവ്വീസ് സഹകരണ ബാങ്ക് കുമളി ശാഖ | 21.11.2018 | 1 വർഷം | 2500000 | - |
| 2 | ഗ്രാമീൺ ബാങ്ക് കുമളി | 15.11.2018 | 1 വർഷം | 1000000 | - |
| 3 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 13..11.2018 | 1 വർഷം | 1000000 | - |

| | | | | | |
|---|---|---|---|---|---|
| 4 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 17.7.2019 | 1 വർഷം | 1500000 | - |
| 5 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 10.02.2021 | 1 വർഷം | 500000 | |
| 6 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 10.02.2021 | 1 വർഷം | 500000 | |
| 7. | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 24.03.2022 | 2 വർഷം | 1000000 | |
| 8. | ചെങ്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്. 1.254, ചെളിമട | 31.03.2022 | 1 വർഷം | 500000 | |
| 9. | ചെങ്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്. 1.254, ചെളിമട | 18.09.2021 | 1 വർഷം | 1000000 | |
| ആകെ | | | | 9500000 | |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/തീ.17.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നിക്ഷേപം നടത്തിയിട്ടുള്ള 3 സഹകരണ സ്ഥാപനത്തിന്റെയും സഹകരണ വകുപ്പിന്റെ ഓഡിറ്റ് തരം തിരിവ് സംബന്ധിച്ച സാക്ഷ്യപത്രം അടിയന്തിരമായി ബാങ്കിൽ നിന്നും ആവശ്യപ്പെടേണ്ടതും ചട്ടത്തിൽ നിർദ്ദേശിച്ച ഓഡിറ്റ് തരം തിരിവ് ഇല്ലാത്തപക്ഷം നിക്ഷേപ തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നും അടിയന്തിരമായി പിൻവലിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക ചട്ട വിരുദ്ധമായി ബാങ്കിൽ നിക്ഷേപിച്ചതിന് ഭരണ സമിതിയും സെക്രട്ടറിയും ഉത്തരവാദികളായിരിക്കുന്നതാണ്. ഈ വിഷയത്തിൽ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 ഐ.കെ.എം. പേയ്മെന്റ് ഗേറ്റ് വേ മുഖേന അക്കൗണ്ടിൽ എത്തുന്ന തുകകൾ ക്രെഡിറ്റ് അക്നോളഡ്ജ്മെന്റ് നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഓൺലൈനായി ഒടുക്കുന്ന നികുതി തുകകൾ സ്വീകരിക്കുന്നതിന് എസ്. ബി. ഐ. കുമളി ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് നിലവിലുണ്ട്. ഓൺലൈൻ ആയി ഒടുക്കുന്ന തുകകൾ ഐ.കെ.എം.-ന്റെ പേയ്മെന്റ് ഗേറ്റ് വേയിലേക്കാണ് പോകുന്നത്. ഈ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുകകൾ എത്തുമ്പോൾ ബാങ്ക് അക്കൗണ്ട് പരിശോധിച്ച് " lkmpg.kerala.gov.in " വെബ്സൈറ്റിൽ സെക്രട്ടറിക്ക് അനുവദിച്ചിരിക്കുന്ന ലോഗിൻ മുഖേന ക്രെഡിറ്റ് അക്നോളഡ്ജ്മെന്റ് നടത്തുന്നത് പണം അക്കൗണ്ടിലേക്ക് എത്തി എന്ന് ഉറപ്പാക്കുന്നതിന് സാധിക്കുന്നതാണ്. പഞ്ചായത്തിൽ നിലവിൽ ഇത്തരത്തിൽ ക്രെഡിറ്റ് അക്നോളഡ്ജ്മെന്റ് നടത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | ട്രാൻസാക്ഷൻ ഐ.ഡി. | തുക ₹ | ട്രാൻസാക്ഷൻ തീയതി | ബാങ്ക് അക്കൗണ്ടിൽ തുക ലഭ്യമായതിന്റെ നിലവിലെ സ്റ്റാറ്റസ് (ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിന് ശേഷം നൽകേണ്ടത്) |
|---|---|---|---|---|---|
| 1 | 37277944597 | SIBLE00016338227 | 774.00 | 2022-05-31 18:22:54 | Accept/ Reject |
| 2 | 37277944597 | SIBLE00016332876 | 1138.00 | 2022-05-31 15:22:56 | Accept / Reject |
| 3 | 37277944597 | SIBLE00016328793 | 1656.00 | 2022-05-31 11:23:03 | Accept / Reject |
| 4 | 37277944597 | SIBLE00016324132 | 1651.00 | 2022-05-31 04:25:45 | Accept / Reject |

| | | | | | |
|---|---|---|---|---|---|
| 5 | 37277944597 | SIBLE00016316266 | 1316.00 | 2022-05-30 13:22:35 | Accept / Reject |
| 6 | 37277944597 | SIBLE00016315073 | 255.00 | 2022-05-30 12:22:34 | Accept / Reject |
| 7 | 37277944597 | SIBLE00016313530 | 2128.00 | 2022-05-30 11:22:25 | Accept / Reject |
| 8 | 37277944597 | SIBLE00016308585 | 568.00 | 2022-05-30 10:22:12 | Accept / Reject |
| 9 | 37277944597 | SIBLE00016307717 | 609.00 | 2022-05-30 05:23:07 | Accept / Reject |
| 10 | 37277944597 | SIBLE00016305511 | 123.00 | 2022-05-29 19:23:29 | Accept / Reject |

ഐ.കെ.എം.-ന്റെ പേയ്മെന്റ് ഗേറ്റ് വേ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തുകകൾ എത്തുമ്പോൾ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിന് ശേഷം ക്രെഡിറ്റ് അക്നോളഡ്ജ്മെന്റ് നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-11 ആയുർവ്വേദ സുഖ ചികിൽസ കേന്ദ്രങ്ങൾക്ക് വസ്തു നികുതി നിരക്ക് കുറവായി ഈടാക്കുന്നു

സ.ഉ.(അ) നമ്പർ 36/2015/തസ്വഭവ. തീയതി 24-02-2015 പ്രകാരം ആയുർവ്വേദ സുഖ ചികിൽസ കേന്ദ്രങ്ങൾക്ക് (സ്പാ ഉൾപ്പെടെ) ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിന് ബാധകമാക്കാവുന്ന കുറഞ്ഞ അടിസ്ഥാന വസ്തു നികുതി നിരക്കായി ₹150/-യും കൂടിയ നിരക്കായി ₹160യും നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രസ്തുത വസ്തു നികുതി നിരക്ക് ₹160/-യായി നിശ്ചയിച്ചുണ്ട് (സഞ്ചയ പ്രകാരം). സഞ്ചയ സോഫ്റ്റ് വെറിലെ വസ്തു നികുതി നിർണ്ണയ രേഖകളും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകളും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയുർവ്വേദ സുഖ ചികിൽസ കേന്ദ്രങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത അടിസ്ഥാന വസ്തു നികുതി നിരക്ക് ഈടാക്കാതെ താഴെ കൊടുത്തിരിക്കും വിധം അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നം. | ഡി&ഒ രജിസ്റ്റർ പ്രകാരം ക്രമ നം. | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ് നം./കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണം (ച.മീ.) | സഞ്ചയ പ്രകാരം നിർണ്ണയിച്ച് അടിസ്ഥാന വസ്തു നികുതി നിരക്ക് ₹ | ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് ₹ | ഈടാക്കേണ്ടതിൽ കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് ₹ |
|---|---|---|---|---|---|---|---|---|
| 1 | 33 | ചെറിയാൻ | അപേക്ഷയിൽ നൽകിയിട്ടില്ല | സ്പാ | ലഭ്യമല്ല | 90 | 160 | 70 |
| 2 | 32 | റിയാസ് അഹമ്മദ് | 12/927 | സ്പാ | 84 | 60 | 160 | 100 |
| 3 | 57 | എം. ജോർജ്ജ് തോമസ് | 12/652 | സ്പാ | 120 | 60 | 160 | 100 |
| 4 | 71 | ചെയർമാൻ | 10/467 | സ്പാ | 745 | 60 | 160 | 100 |
| 5 | 132 | മഹീന്ദ്ര ഹോളിഡേയ്സ് & റിസോർട്ട് ക്ലബ് മഹീന്ദ്ര ടസ്കർ ടെൻറ് | 10/446 | സ്പാ | 1272 | 70 | 160 | 90 |
| 6 | 137 | പ്രിജിമോൻ കെ. എൻ. | 11/514 | സ്പാ | 108.74 | 60 | 160 | 100 |
| 7 | 381 | എം. ഡി., ചെമ്മണ്ണൂർ ഇന്റർനാഷണൽ ഹോളിഡേയ്സ് | 16/592 | സ്പാ | 235 | 90 | 160 | 70 |
| 8 | 98 | ഷാജി ആന്റണി , ഡയറക്ടർ എയ്ഞ്ചല ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് | 18/512 | സ്പാ | 239 | 90 | 160 | 70 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12/തീ. 15.03.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിസ്തീർണത്തിന് ആനുപാതികമായ നികുതി നിരക്കിൽ ഉൾപ്പെടുത്തിയില്ല

കുമളി പഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹60/- നിരക്കിലും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ₹70/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

എന്നാൽ തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണ്ണയിച്ച താഴെ ചേർത്തിരിക്കുന്ന, 100 ച. മീ.-യിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് മുൻ വർഷങ്ങളിൽ സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഈ ലിസ്റ്റിൽ റിസോർട്ട് ഉൾപ്പെടെ മറ്റ് ഉപയോഗ ക്രമങ്ങൾ ഉള്ള കെട്ടിടങ്ങൾ ഉണ്ട് എന്ന് മനസ്സിലാകുന്നു.

| ക്രമ. നം. | ബിൽഡിംഗ് ഐ.ഡി | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | 50619010017810 | 3/652 | ഐവിമോൾ വി. മൈക്കിൾ | വാഴയിൽ വീട്, | 121.68 |

| | | | | | |
|---|---|---|---|---|---|
| | | | | തങ്കമണി | |
| 2 | 50619010019093 | 4/296/8 | മാനേജിങ്ങ് പാർട്ട്ണർ | കോഫി കൌണ്ടി അട്ടപ്പള്ളം | 246 |
| 3 | 50619010020445 | 4/296/9 | മാനേജിങ്ങ് പാർട്ട്ണർ | കോഫി കൌണ്ടി അട്ടപ്പള്ളം | 246 |
| 4 | 50619010007635 | 5/381/ | ബിജു പോൾ | പാഴൂർ വീട് പത്തുമുറി | 128.26 |
| 5 | 50619010011517 | 5/656/ | ഇ. കെ. ജോൺ, | പാറത്താനത്ത് വീട്, അട്ടപ്പള്ളം - 685509 | 343 |
| 6 | 50619010019026 | 6/180/DE | സണ്ണ ജോർജ്ജ് | സണ്ണ ജോർജ്ജ് കിഴക്കേതലയ്ക്കൽ കുമളി | 146.12 |
| 7 | 50619010013474 | 6/438 | തോമസ് | മാപ്പാനിയിൽ അമരാവതി | 145 |
| 8 | 50619010021166 | 8/15/B | ബിനോയി ജെയിംസ് | ഇലഞ്ഞിയിൽ വീട് കുമളി | 145 |
| 9 | 50619010013517 | 17/507 | വൽസമ്മ എബ്രഹാം | പ്രസിഡന്റ് ക്രിസ്ത്യൻ ഇവാന്ത്യലിക്കൽ ഫെലോഷിപ്പ്, മുരുക്കടി | 238 |
| 10 | 50619010001693 | 8/255 | ജയിംസ് | തെക്കേമുറി | 220 |
| 11 | 50619010023165 | 8/255/B | ജയിംസ് | തെക്കേമുറിയിൽ കുമളി | 220 |
| 12 | 50619010015894 | 8/490 | കെ. എ. എബ്രാഹാം | കാട്ടുമറ്റത്തിൽ | 202 |
| 13 | 50619010001447 | 8/549 | റോബിൻ തോമസ് | പറപ്പള്ളിൽ കുമളി | 104 |
| 14 | 50619010001420 | 8/561 | മദർ സുപ്പീരിയർ | ബഥനി പ്രസ്സ് കുമിളി | 126 |
| 15 | 50619010015618 | 10/467 | ചെയർമാൻ | വിജയ ഹോസ്പിറ്റാലിറ്റി & റിസോർട്ട്സ് ലിമിറ്റഡ്, കുമളി | 745 |
| 16 | 50619010001295 | 10/796 | പ്രേമകുമാരി തേക്കടി | പുതുപ്പറമ്പിൽ കുമളി, തേക്കടി | 117 |
| 17 | 50619010017464 | 10/836 | സുരജ് ആർ. | അർച്ചന വീട് തേക്കടി | 134 |
| 18 | 50619010001003 | 11/432 | ശെൽവഭാനമതി | ഹൌ.നം.ബി1, വിശ്വനാഥപുരം സ്റ്റ്രീറ്റ്, മധുര (ഹോട്ടൽ ഗ്രീൻ പാലസ്, തേക്കടി) | 106 |
| 19 | 50619010001130 | 11/514 | അബ്ദുൾ റഹീം കുട്ടി | പുത്തൻപറമ്പിൽ തേക്കടി | 108.74 |
| 20 | 50619010013073 | 12/191 | റോസ് ലി തോമസ് | ചോപ്ലയിൽ | 700 |
| 21 | 50619010017407 | 12/205 | രാജൻ സെബാസ്റ്റ്യൻ | കാർത്തിക ടൂറിസ്റ്റ് ഹോം കുമളി | 106 |
| 22 | 50619010001262 | 12/234 | തോമസ് ജസ്റ്റിൻ | ഞള്ളത്തു വയലിൽ | 400 |
| 23 | 50619010013029 | 12/380 | ജി. ഹരിലാൽ | ശ്രീഭവൻ കൊല്ലംപട്ടട, കുമളി | 104 |
| 24 | 50619010000895 | 12/652 | എം. ജോർജ്ജ് തോമസ് | മുത്തൂറ്റ് ഡയറക്ടർ കാർഡമം കൌൻഡ് കുമളി | 120 |
| 25 | 50619010000858 | 12/692 | ഫിനാൻഷ്യൽ മാനേജർ | കേരളാ കാർഡമം പ്രൊസസിങ്ങ് & മാർക്കറ്റിങ്ങ് ലിമിറ്റഡ്, കുമളി | 527 |
| 26 | 50619010000859 | 12/693 | ഫിനാൻഷ്യൽ മാനേജർ | കേരളാ കാർഡമം പ്രൊസസിങ്ങ് & മാർക്കറ്റിങ്ങ് | 440 |

| | | | | | |
|---|---|---|---|---|---|
| | | | | ലിമിറ്റഡ്, കുമളി | |
| 27 | 50619010000516 | 12/733 | തോമസ് ഡൊമനിക്, ജോസ് ഡോമിനിക് | ഡയറക്ടർ, എസ്കേപ്പ്ഡ് റിസോർട്സ് പ്രൈ. ലിമിറ്റഡ്, കുമളി, | 198 |
| 28 | 50619010014566 | 12/888 | തോമസ് ജോൺ | വലിയകാപ്പിൽ തേക്കടി കുമളി, | 580 |
| 29 | 50619010000832 | 12/900 | തോമസ് മൈക്കിൾ | മൈക്കിൾസ് ഇൻ, തേക്കടി | 1300 |
| 30 | 50619010015347 | 12/918 | റിയാസ് അഹമ്മദ് | അബാദ് ഹിൽ റിസോർട്ട്സ് | 290 |
| 31 | 50619010012370 | 12/1013 | പി. റ്റി. ഫിലിപ്പ് | പുത്തൻപുരയ്ക്കൽ കുമളി | 116.16 |
| 32 | 50619010016110 | 12/1020 | പി. റ്റി. ഫിലിപ്പ് | പുത്തൻപുരയ്ക്കൽ കുമളി | 191 |
| 33 | 50619010000701 | 12/1080 | കെ. മുരളീധരൻ | ചൈത്രം കുമളി, തേക്കടി | 120 |
| 34 | 50619010001073 | 12/1080/1 | കെ. മുരളീധരൻ | ചൈത്രം കുമളി, തേക്കടി | 105 |
| 35 | 50619010021847 | 12/1168/1-3 | ജോൺ നൈനാൻ | കണിയാംപറമ്പിൽ കുളത്തുപാലം, കുമളി | 166.7 |
| 36 | 50619010013840 | 12/1191 | രാഹുൽ ടോം | കൊണ്ടോടിക്കൽ വടുവത്തുർ, കോട്ടയം | 286 |
| 37 | 50619010014502 | 12/1200/52 | സണ്ണി ജോസഫ് | മടത്തുംമുറിയിൽ കുളത്തുർ | 134.6 |
| 38 | 50619010014503 | 12/1200/53 | സണ്ണി ജോസഫ് | മടത്തുംമുറിയിൽ കുളത്തുർ | 134.6 |
| 39 | 50619010001934 | 12/1231 | ഷംസുദ്ദീൻ | എം.കെ.എസ്. ഹയറിങ്ങ് സ്റ്റേഷൻ, കളപ്പുരചിറയിൽ, കുമളി | 120 |
| 40 | 50619010002416 | 12/1251 | ജോസഫ് ചെറിയാൻ | കൊച്ചുപുത്തൻപുരയ്ക്കൽ | 120 |
| 41 | 50619010001955 | 12/1277 | അന്ന റ്റി. ജോൺ | അമ്പലത്തുങ്കൽ കുമിളി | 180 |
| 42 | 50619010020329 | 12/1673 | ജോർജ്ജ് തോമസ് | പുളിക്കപ്പറമ്പിൽ ചക്കുപള്ളം | 268.78 |
| 43 | 50619010021389 | 12/1782 | ഫിലോമിന തോമസ് | കക്കുഴിയിൽ തൊട്ടുപുഴ | 192 |
| 44 | 50619010023240 | 12/1885 | പി. ജെ. സാബു | പരിന്തിരിയ്ക്കൽ വീട് കുമളി | 106.32 |
| 45 | 50619010003476 | 13/297 | ചിന്നമ്മ തോമസ് | പുളിങ്കാലായിൽ കുമളി | 160 |
| 46 | 50619010002748 | 13/597 | തോമസ് സ്കറിയ | പാറാംതോട്ട് കൊല്ലംപട്ട | 172.9 |
| 47 | 50619010003497 | 13/626 | സെക്രട്ടറി | പീരുമേട് മാർക്കറ്റിംഗ് സൊസൈറ്റി, കുമളി | 126 |
| 48 | 50619010010839 | 14/211 | സെക്രട്ടറി | പാൽ സൊസൈറ്റി ഒന്നാം മൈൽ | 142.4 |
| 49 | 50619010021589 | 14/501/A | സൈനലാബുദ്ദീൻ | കിണ്ണറ്റിൻകരയിൽ കുമളി | 134.76 |
| 50 | 50619010021590 | 14/501/B | സൈനലാബുദ്ദീൻ | കിണ്ണറ്റിൻകരയിൽ കുമളി | 134 |
| 51 | 50619010013554 | 14/675 | മാത്യു പി. | പള്ളിക്കത്തടത്തിൽ, അമരാവതി | 120 |

| | | | | | |
|---|---|---|---|---|---|
| 52 | 50619010021708 | 14/881 | 1. ബാൽ മുഹമ്മദ്<br>2. ഫാത്തിമുത്ത് | ഷാഹുൽമൻസിൽ<br>റോസാപ്പൂക്കണ്ടം, കുമിളി | 303.85 |
| 53 | 50619010016207 | 15/78 | സിംസൺ | വലിയവീട്ടുവിള,<br>അട്ടപ്പള്ളം | 163 |
| 54 | 50619010020770 | 15/144 | സണ്ണി മാത്യു | വെട്ടുണ്ണിക്കൽ<br>കുമളി | 198 |
| 55 | 50619010018892 | 15/673/A | അഗസ്റ്റ്യൻ ജോസ് | കുന്നപറമ്പിൽ<br>അമരാവതി | 135.92 |
| 56 | 50619010020798 | 15/673/B | അഗസ്റ്റ്യൻ ജോസ് | കുന്നപറമ്പിൽ<br>അമരാവതി | 135.92 |
| 57 | 50619010020799 | 15/673/C | അഗസ്റ്റ്യൻ ജോസ് | കുന്നപറമ്പിൽ<br>അമരാവതി | 135 |
| 58 | 50619010015812 | 16/313 | പി. ജെ. തോമസ് | പൊരുന്നോലിൽ | 175 |
| 59 | 50619010017895 | 16/345 | ഒ. എൻ. ഹരിസുതൻ | ഓട്ടുക്കുന്നേൽ<br>സ്പ്രിംഗ് വാലി | 117 |
| 60 | 50619010005565 | 16/367 | കെ. റ്റി. മാത്യു | കുന്നപ്പള്ളിൽ | 185.8 |
| 61 | 50619010021431 | 16/889 | ജെന്നി ജോസഫ് | കുഴിഞ്ഞാലിൽ<br>പ്രവിത്താനം | 132.45 |
| 62 | 50619010006329 | 17/430 | രാമകൃഷ്ണൻ | രാമകൃഷ്ണൻ വിലാസം<br>മുരുക്കടി | 119.6 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 7/തീയതി. 13.03.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണ്ണയത്തിൽ അപാകത

2021-22 സാമ്പത്തിക വർഷം ഒന്നാം അർദ്ധ വർഷം പ്രാബല്യത്തിൽ ശ്രീ. ആൽബിൻ ജോസഫിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 6/903 മുതൽ 6/905 വരെ നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടങ്ങളിലെ പട്ടിക 6ന്റെ അടിസ്ഥാനത്തിൽ തറ നിർമ്മിതിക്ക് മേൽത്തരം തടി ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവ ഉപയോഗിക്കുന്നപക്ഷം അടിസ്ഥാന നികുതിയിന്മേൽ 15% വരുത്തേണ്ടതാണ്. നികുതി നിർണ്ണയ വിവര ശേഖരണ അപേക്ഷയിൽ ഗ്രാനൈറ്റ് ഉപയോഗിച്ചാണ് തറ നിർമ്മിതി നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തെറ്റായി നിശ്ചയിച്ചതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ ചുവടെ ചേർക്കും വിധം കുറവ് വന്നിട്ടുണ്ട്.

| | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ട വസ്തു നികുതി |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | 291.37 | 291.37 |
| അടിസ്ഥാന നികുതി നിരക്ക് | 6 | 6 |
| അടിസ്ഥാന വസ്തു നികുതി | 1748.22 | 1748.22 |
| ഇളവ് | 174.822<br>(മേഖല 10%) | 174.822<br>(മേഖല 10%) |
| വർദ്ധന | 349.644<br>(റോഡിന്റെ തരം 20%) | 611.877<br>(തറയുടെ തരം 15%+റോഡിന്റെ തരം 20%) |
| വസ്തു നികുതി+ലൈബ്രറി സെസ് | 1924+97 | 2186+110 |
| കുറവ് | 262+13 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 38/തീ. 17.03.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയിച്ചതിൽ വന്ന കുറവ് പുനർ നിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-14 വാടക ഇനത്തിൽ കുടിശ്ശിക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ പറയുന്ന മുറികളുടെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ/ മുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക+ജി.എസ്.ടി | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | ആകെ | കുറിപ്പ് |
|---|---|---|---|---|---|---|
| 1. | - | ഇറിഗേഷൻ സബ്ഡിവിഷൻ | 1634+295 | 4/2021 മുതൽ 03/2022 വരെ | 23148 | കരാറുകൾ ലഭ്യമാക്കിയില്ല |
| 2. | - | ബി.എസ്.എൻ.എൽ. | 9891+1780 | 4/2021 മുതൽ 03/2022 വരെ | 140052 | |
| 3. | - | മൈനർ ഇറിഗേഷൻ | 2711+488 | 4/2021 മുതൽ 03/2022 വരെ | 38388 | |
| | | | | ആകെ | 201588 | |

കെട്ടിട/മുറി നമ്പരുകളും വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 39/തീ. 18.03.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കുവാൻ അവശേഷിക്കുന്ന വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ക്രമപ്രകാരമല്ലാത്ത കംപ്ലീഷൻ പ്ലാനിന് അംഗീകാരം നൽകി ഒക്യുപൻസി അനുവദിച്ചു

2021-22ൽ 12/1885 മുതൽ 21/1887 വരെ നമ്പർ ചുവടെ ചേർത്തിട്ടുള്ള വാണിജ്യ കെട്ടിടത്തിന് ഒക്യുപൻസി നൽകി നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

| | |
|---|---|
| കെട്ടിട ഉടമസ്ഥൻ | ശ്രീ. പി. ജെ. സാബു |
| വാർഡ് നം. | 20 |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 413.58 ച. മീ. |
| വാണിജ്യാവശ്യത്തിനുള്ള കെട്ടിട ഭാഗത്തിന്റെ വിസ്തീർണ്ണം | 298.47 |
| സ്ഥല വിസ്തീർണ്ണം | 200 ച. മീ. (പ്ലാൻ പ്രകാരം) |

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകളുണ്ട്.

1) അപ്രൂവ്ഡ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 401.57 ചതുരശ്ര മീറ്ററാണ്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ 413.58 ചതുരശ്ര മീറ്ററാണ് കെട്ടിടത്തിന്റെ വിസ്തീർണ്ണം. അധിക നിർമ്മിതിക്ക് ബാധകമായ രാജിയാക്കൽ ഫീസ് ₹240/- (12.01x10x2) ഈടാക്കിയിട്ടില്ല.

2) 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം 75 ചി. മീറ്ററിൽ അധികരിക്കുന്ന വാണിജ്യ കെട്ടിടങ്ങളുടെ ഓരോ 90 ച. മീറ്ററിനും 1 കാർ പാർക്കിംഗ് സ്പേസും 25 ശതമാനം അധികമായി ബൈക്ക് പാർക്കിംഗ് സ്പേസും ചുവടെ പട്ടികയിൽ ചേർക്കുംവിധം നൽകേണ്ടതാണ്.

| | നൽകേണ്ട പാർക്കിംഗ് സ്പേസ് | പ്ലാനിൽ നൽകിയിട്ടുള്ള പാർക്കിംഗ് സ്പേസ് |
|---|---|---|
| ബാധകമായി കാർ പാർക്കിംഗ് സ്പേസ് (എണ്ണം) | 4(298.47/90) പൂർണ്ണ സംഖ്യയിലേക്ക് ഉയർത്തിയത് | 3(298.47/100) പൂർണ്ണ സംഖ്യയിലേക്ക് ഉയർത്തിയത് |
| കാർ പാർക്കിംഗിന് ആവശ്യമായ സ്ഥല വിസ്തീർണ്ണം | 60 ച. മീ.(4x15 ച.മീ.) | 4(15x3) |
| ബൈക്ക് പാർക്കിംഗ് സ്പേസ് (എണ്ണം) | 5(60x25)/3 | 4(45x25)/3 |

കംപ്ലീഷൻ പ്ലാനിൽ ആവശ്യമായ പാർക്കിംഗ് സ്പേസ് നൽകിയിട്ടില്ലെങ്കിലും പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി(നം.7/തീ.13.03.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ പാർക്കിംഗ് സ്പേസ് നൽകാത്ത കെട്ടിടത്തിന് നമ്പർ നൽകി ഒക്യുപൻസി അനുവദിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം അനർഹർക്ക് വിതരണം ചെയ്തു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഇടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | പേരും വിലാസവും | പെൻഷൻ ഐ.ഡി. | മരണപ്പെട്ട തീയതി/ മരണം രജിസ്റ്റർ ചെയ്ത തിയതി | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച പെൻഷൻ |
|---|---|---|---|---|---|---|---|
| 1 | എസ്. എൻ. വിശ്വനാഥൻ 17/338 ചാലിൽ | 3393 | 03.04.21/ 17.04.2021 | 04/2021-05/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 3200 (1600*2) |

| | | | | | | | |
|---|---|---|---|---|---|---|---|
| | ചോറ്റുപാറ | | | | | | |
| 2 | ഹമീദബീവി അബദുൾറഹമാൻ 2/128 മേട്ടിൽ, കമളി | 0317 | 27.03.21/ 17.04.2021 | 04/2021-05/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 3200 (1600*2) |
| 3 | അണ്ണാമലൈ ചെല്ലമുത്തു 7/271 ചന്ദ്രഭവൻ ചോററുപാറ പുതുവൽ ചോറ്റുപാറ | 0123 | 13.04.21/ 17.04.2021 | 04/2021-05/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 3200 (1600*2) |
| 4 | വർഗ്ഗീസ് റ്റി. റ്റി. തുങ്ങംപറമ്പിൽ സ്പ്രീംങ്ങ് വാലി, കമളി സ്പ്രിംഗ് വാലി P. O | 1640 | 12.04.21/ 17.04.2021 | 04/2021-05/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 3200 (1600*2) |
| 5 | മൈക്കൽ മൂങ്കലാർ 2-ഡിവിഷൻ നയിനാർ മൂങ്കലാർ | 0685 | 27.05.21/ 04.06.2021 | 06/2021-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ – വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് | 30400 (1600*19) |
| 6 | ജോസഫ് ചാക്കോ പടമാട്ടുങ്കൽ വെള്ളാരംകുന്ന് വെള്ളാരംകുന്ന് P. O | 1478 | 02.06.21/ 01.07.2021 | 07/2021-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 28800 (1600*18) |
| 7 | ഇസ്മായിൽ എ. എം. കൊരട്ടിയിൽ ലബ്ബക്കണ്ടം, കമളി കമളി P. O | 0386 | 30.06.21/ 05.07.2021 | 07/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 9600 (1600*6) |
| 8 | സാറാമ്മ ഫിലിപ്പ് ഓലിക്കര വെള്ളാരംകുന്ന് | 0599 | 02.07.21/ 22.07.2021 | 07/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 9600 (1600*06) |
| 9 | മുനിയമ്മ വേലു 2/272 കുട്ടിക്കൽ ചെങ്കര, കമളി | 0335 | 16.05.21/ 30.07.2021 | 07/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 9600 (1600*6) |
| 10 | വർഗ്ഗീസ്ജോസഫ് വെൺമേലിൽ നാലുകണ്ടം തേങ്ങാക്കൽ P. O. | 0160 | 02.08.21/ 10.08.2021 | 08/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 8000 (1600*5) |
| 11 | അന്തോണി ഗബ്രിയേൽ പുതുക്കാട് പുതുവൽ വെള്ളാരംകുന്ന് പി. ഒ. | 0132 | 04.08.21/ 10.08.2021 | 08/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 8000 (1600*5) |
| 12 | റോസമ്മ ചാക്കോ കന്നമ്പുറത്ത് അമരവതി അമരാവതി P. O. | 2721 | 13.08.21/ 26.08.2021 | 08/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 8000 (1600*5) |
| 13 | കല്യാണി ഗോപാലൻ പുല്ലാട്ട് വെള്ളാരം കുന്ന് വെള്ളാരംകുന്ന് P. O. | 0216 | 10.08.21/ 26.08.2021 | 08/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 8000 (1600*5) |
| 14 | രാമസ്വാമി ആനക്കുഴി പുതുവൽ അട്ടപ്പള്ളം | 0113 | 20.08.21/ 15.09.2021 | 09/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 6400 (1600*4) |

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | മാത്യൂതോമസ് ആലക്കളത്തിൽ ചോറ്റുപാറ | 1231 | 30.08.21/ 18.09.2021 | 09/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 6400 (1600*4) |
| 16 | ബ്രിജിത്ത പേങ്ങാട്ട് വീട് വെള്ളാരംകുന്ന് വെള്ളാരംകുന്ന് P. O. | 1088 | 16.09.21/ 05.10.2021 | 09/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ- കമളി ഗ്രാമപഞ്ചായത്ത് | 6400 (1600*4) |
| 17 | അന്നമ്മ എസ് അയ്യരതുണ്ടത്തിൽ അബേദ്കർകോളനി ചെങ്കര | 0654 | 25.09.21/ 07.10.2021 | 10/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 4800 (1600*3) |
| 18 | സുബ്ബയ്യ അടിവെട്ടി അമലഗിരി പുതുവൽ ചെങ്കര പി. ഒ, കുമളി | 0244 | 13.10.21/ 22.10.2021 | 10/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 4800 (1600*3) |
| 19 | പി. എസ്. ചാക്കോ പെഴമറ്റത്തിൽ അട്ടപ്പള്ളം | 0683 | 20.10.21/ 28.10.2021 | 10/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 4800 (1600*3) |
| 20 | സരസമ്മ ഗോപിനാഥൻ ആനക്കോട്ടിൽ അട്ടപ്പള്ളം | 1014 | 03.11.21/ 11.11.2021 | 11/2021-12/2021 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 3200 (1600*2) |
| 21 | രാജപ്പൻപിള്ള തെക്കേമുറിയിൽ സുൽത്താൻ പാമ്പുപാറ | 2080 | 22.11.21/ 11.12.2021 | 12/2021-05/2022 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 9600 (1600*6) |
| 22 | ജയലക്ഷ്മി പൊന്നയ്യ കന്നിമല, ചെങ്കര കുമളി, ചെങ്കര P. O. | 0612 | 27.12.21/ 03.01.2022 | 01/2022-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 19200 (1600*12) |
| 23 | ജോസഫ് മഠത്തിൽ, മുരിക്കടി കുമളി - 6855 | 2769 | 29.12.21/ 07.01.2022 | 01/2022-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 19200 (1600*12) |
| 24 | ഭഗവതി കോണിമറ എസ്റ്റേറ്റ് ചോറ്റുപാറ ചോറ്റുപാറപെരിയാർ | 1224 | 12.12.21/ 13.01.2022 | 01/2022-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 19200 (1600*12) |
| 25 | വിജയൻ പുത്തൻപുരക്കൽ അമരാവതി, കുമളി അമരാവതി P. O. | 2589 | 11.01.22/ 21.01.2022 | 01/2022-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 19200 (1600*12) |
| 26 | മറിയാമ താന്നി മൂട്ടിൽ മുരുക്കടി, കുമളി മുരുക്കടി P. O. | 0183 | 22.01.22/ 03.02.2022 | 02/2022-5/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 6400 (1600*4) |
| 27 | തോമസ് തോമസ് മറ്റപ്പള്ളിൽ ചക്കക്കാനം നെടുങ്കണ്ടം | 1869 | 13.01.22/ 04.02.2022 | 02/2022-6/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ – നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | 8000 (1600*5) |
| 28 | രാജമ്മ നെല്ലിമല എസ്റ്റേറ്റ് ശ്രീധരൻ വാളാടി P. O. | 1088 | 06.02.22/ 17.02.2022 | 02/2022-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | 17600 (1600*11) |
| 29 | എസ്. രാജ് ചോറ്റുപാറ എസ്റ്റേറ്റ് മാടസ്വാമി ചോറ്റുപാറ | 3684 | 14.02.22/ 19.02.2022 | 02/2022-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - കമളി ഗ്രാമപഞ്ചായത്ത് | 17600 (1600*11) |

| | | | | | | | |
|---|---|---|---|---|---|---|---|
| | പെരിയാർ P. O. | | | | | | |
| 30 | തങ്കമ്മ കട്ടപ്പൻ ഞാലിയിൽ വലിയക്കണ്ടം, കുമളി കുമളി P. O | 0441 | 16.02.22/ 03.03.2022 | 03/2022-12/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ - കുമളി ഗ്രാമപഞ്ചായത്ത് | 16000 (1600*10) |
| ആകെ | | | | | | | 321600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.21/തീ. 16.03.2023)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം പെൻഷൻ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരങ്ങൾ മാത്രമാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ലാത്തതിൽ ഈ ലിസ്റ്റ് ഭാഗികമാണ്.

അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡം 23.09.2020-ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ടി വിവരങ്ങൾ ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും തുക കൈപ്പറ്റുന്നപക്ഷം തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ തുക ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. മറ്റ് പഞ്ചായത്തുകളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകളെ അറിയിക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ,(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

### 1-17 എസ്.എസ്.കെ. വിഹിതം ഉപയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

സമഗ്ര ശിക്ഷാ അഭിയാൻ-കേരള പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹21,12,000/- പിൻവലിച്ച് സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ കോ-ഓർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, എസ്.എസ്.എ. വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ബിൽ നം./തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| എസ്.എസ്.എ. വിഹിതം നൽകൽ | 21100252013300421025 തീ. 20.09.2021 | വികസന ഫണ്ട് (പൊതുവിഭാഗം) | 2112000 | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| (01/2020) | | | | |

29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ-യിലെ ഖണ്ഡിക 7.6(3) പ്രകാരം എ.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക കൈമാറിയിട്ടുള്ളതല്ലാതെ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുന്ന എസ്.എസ്.എ. പ്രോജക്ടുകൾ സംബന്ധിച്ച് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം എ.എസ്.എ പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹21,12,000/- തടസ്സപ്പെടുത്തുന്നു.

1-18 ചെങ്കര കുരിശുമല ടൂറിസ്റ്റ് കേന്ദ്രം വാച്ച് ടവർ - കരാറുകാരന് അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്ട് നം. | 378/22 |
| പദ്ധതി അടങ്കൽ | ₹1000000/-(തനത് ഫണ്ട്) |
| കരാറുകാരൻ | ബിനു കെ. എം. |
| കരാർ നം. | 03/03.07.2019 |
| അളവ് ബുക്ക് നം. | 527/2019-20 |
| ബിൽ നം/തീയതി&തുക | റിക്വസിഷൻ നം. 506191360119121/03.02.2020, ₹415737/- |
| | റിക്വസിഷൻ നം. 506191360119154/12.03.2020, ₹200833/- |
| | റിക്വസിഷൻ നം. 5061913601200151/10.11.2020, ₹227607/- |
| | വൗച്ചർ നം. 22101779/31.03.2022, ₹105903/- |

14.03.2018ൽ ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ച പദ്ധതിയാണിത്. ₹9,42,922/- ക്വോട്ട് ചെയ്ത ശ്രീ.ബിനു കെ. എം. എന്ന കരാറുകാരനായിരുന്നു പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത്. പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യം ₹9,34,270/-യാണെങ്കിലും തനത് ഫണ്ടിൽ നിന്നും വിവിധ ചെക്കുകൾ പ്രകാരം ആകെ ₹950,08,/- നൽകിയിട്ടുണ്ട്. ഒന്നും രണ്ടും പാർട്ട് ബില്ലുകളിൽ നിന്ന് കുറവ് ചെയ്തിരുന്ന റിട്ടെൻഷൻ തുക മൂന്നാം പാർട്ട് ബില്ലിൽ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക അന്തിമ ബില്ലിൽ വീണ്ടും അനുവദിച്ച് നൽകിയത് മൂലമാണ് അധികം തുക നൽകുവാനിടയായിട്ടുള്ളത്. കരാറുകാരന് ₹15,810/- അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.22/16.03.2022) കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹15,810/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-19 പലിയക്കടി അംഗണവാടിക്ക് ലൈബ്രറി അടിസ്ഥാന സൗകര്യങ്ങൾ - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി അളവിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്ട് നം. | 232/22 |
| പദ്ധതി അടങ്കൽ | ₹800000/- (വികസന ഫണ്ട്) |

| | |
|---|---|
| കരാറുകാരൻ | ശ്രീ. റോയി ജോസഫ് |
| അളവ് ബുക്ക് | 28/2021-22 |
| കരാർ നം. | 52/02.09.2021 |
| എസ്റ്റിമേറ്റ് തുക | ₹713855/- |

ചെലവ് വിശദാംശങ്ങൾ

| ബിൽ നം. | തീയതി | തുക |
|---|---|---|
| 21100252013500723950 | 29.01.2022 | ₹321209 |
| 21100252013500428346 | 20.09.2021 | ₹307848 |

പാളിയക്കുടി അംഗണവാടി ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. ഇ-ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുകയായ ₹5,79,215/- (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 18.86% കുറവ്) ക്വോട്ട് ചെയ്ത ശ്രീ. റോയി ജോസഫ് എന്ന കരാറുകാരന് പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഏൽപിച്ച് കൊടുക്കുകയും ചെയ്തു.

എസ്റ്റിമേറ്റ് പ്രകാരമുള്ള ഓരോ പ്രവൃത്തി ഇനങ്ങൾക്കും പ്രത്യേകം നിരക്കുകളാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ചില പ്രവൃത്തി ഇനങ്ങളുടെ അളവുകളിൽ ഗണ്യമായ വർദ്ധനവുകൾ വരുത്തിയിട്ടുണ്ട്. 09.08.2017-ലെ ജി.ഒ.(പി)നം.3/2017/പി.ഡബ്ല്യൂ.ഡി. മാർഗ്ഗനിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് അളവിന്റെ 25% അധികമുള്ള പ്രവൃത്തി കൂടി മാത്രമാണ് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ചെയ്യുവാൻ അനുവാദമുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിനേക്കാൾ 25%ലും അധികമായി ചെയ്യുന്ന പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള ആകെയുള്ള ടെണ്ടർ കുറവ് ശതമാനം ബാധകമാണെന്ന് ധനകാര്യ വകുപ്പിൽ നിന്നുള്ള 04.05.2019ലെ ജി.ഒ.(പി.) നം.54/2019ലെ ഖണ്ഡിക 7 പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കുമ്പോൾ ആകെയുള്ള ടെണ്ടർ കുറവിന്റെ (18.86%കുറവ്) അടിസ്ഥാനത്തിനാലാണ് കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത തുകയെ അടിസ്ഥാനമാക്കി (എസ്റ്റിമേറ്റ് നിരക്ക്) അധികമായി ചെയ്തത് ഉൾപ്പെടെയുള്ള മുഴുവൻ അളവിനും തുക അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് & എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി അളവ് | അളവു ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി | എസ്റ്റിമേറ്റ് അളവിനേക്കാൾ അധികരിച്ച് ചെയ്ത പ്രവൃത്തി | കരാറുകാരന് അനുവദിച്ച തുക (₹) | കരാറുകാരന് നൽകാവുന്ന തുക (₹) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 50.10.1 Steel Work Inbuilt Up Tubular Trusses Etc. 396.34 Kg | 979.847kg | 583.507kg (147.22%) | ₹145017/- (979.847kg @₹148/kg)- | ₹131860/- (495.425@ ₹148/kg+ 484.422kg@ ₹120.84/kg) | 25%ലും അധികമായി ചെയ്ത ₹484.422/kg പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കായ ₹148.93/kgയിൽ നിന്നും 18.86% ടെണ്ടർ കിഴിവ് വരുത്തിയ ₹120.84-യാണ് ബാധകമായിട്ടുള്ളത് |
| 2 | 51.20 Providing& Fixing Precoated | 178.788m2 | 36.038m2 | ₹103160.68/- | ₹99258.83/- | 25%ലും അധികമായി ചെയ്ത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കായ ₹577.68/എം2ൽ |

| | | | | | | |
|---|---|---|---|---|---|---|
| | Galvanised Iron Profile Sheet 114.2m2 | | (31.55%) | (178.88m2 @577) | (142.75m2@ ₹577/- +36.038m2@ ₹468.73/) | നിന്നും 18.86% കിഴിവ് വരുത്തിയ ₹468.73യാണ് ബാധകമായിട്ടുള്ളത് |
| | ആകെ | | | ₹248178/- | ₹231119/- | |

കരാറുകാരന് ₹17,059/- (248178-231119) അധികം നൽകിയിട്ടുണ്ട്. ₹17,059/-യുടെ 12% ജി.എസ്.ടി. നഷ്ട പരിഹാര തുകയായ ₹2,047/- ഉൾപ്പെടെ ആകെ ₹19,106/- കരാറുകാരന് അധികം നൽകിയിട്ടുണ്ട്. കരാറുകാരന് അധികം തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.23/തീ. 16.03.2023) ഫയൽ പരിശോധിച്ച് നഷ്ട തുക ഉത്തരവാദിയായ കരാറുകാരനിൽ നിന്ന് ഈടാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് ഇപ്രകാരം നഷ്ടമായ ₹19,106/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-20 ആധുനിക അറവുശാല നിർമ്മാണം - ലക്ഷ്യം കൈവരിക്കാത്ത പദ്ധതി മാലിന്യ നിർമ്മാർജ്ജനത്തിനായി ഉപയോഗപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്ട് നം. | 328/21 |
| പദ്ധതി അടങ്കൽ | ₹19000000/- |
| അളവ് ബുക്ക് | 9657, 9885 & 9886 |
| പദ്ധതി ചെലവ് വിശദാംശങ്ങൾ (328/21) | ചെക്ക് നം. 046164/19.03.13, ₹3800000/-<br>ചെക്ക് നം. 040632/24.03.13, ₹2200000/-<br>ചെക്ക് നം. 195331/21.12.13, ₹1200000/-<br>ചെക്ക് നം. 26212330/09.01.15, ₹3000000/-<br>ചെക്ക് നം. 212647/10.04.15, ₹2000000/-<br>ചെക്ക് നം. 212612/07.04.15, ₹1200000/-<br>ചെക്ക് നം. 860220/13.04.16, ₹3700000/-<br>ചെക്ക് നം. 3732303/29.03.21, ₹1703821/- |
| ആകെ | ₹18403821/- |

മറ്റ് അനുബന്ധ പ്രോജക്ടുകൾ

| പദ്ധതിയുടെ പേര് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | |
|---|---|---|---|
| സ്ലോട്ടർ ഹൗസിന് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ (പ്രോജക്ട് 391/21) | ₹2700000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | വൗച്ചർ നം. 42000329/05.01.21 | ₹1778523 |
| | | 42000417/31.03.21 | ₹200000 |
| സ്ലറി ടാങ്ക്, കള്ളസ് കുഴി നിർമ്മാണം (പ്രോജക്ട് 455/22) | ₹1000000/- (ധനകാര്യ കമ്മീഷൻ | വൗച്ചർ നം. 22101811/31.03.22 | ₹896908 |

| | | | |
|---|---|---|---|
| | ഗ്രാന്റ്) | | |
| | | ആകെ | ₹2875431 |

കുമളി ഗ്രാമ പഞ്ചായത്തിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് ₹1,90,00,000/- അടങ്കൽ നിശ്ചയിച്ച് 2012-13 വർഷം ആവിഷ്കരിച്ച പദ്ധതിയുടെ നിർവ്വഹണ ചുമതല അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരുന്നത്. നിർമ്മിതി കേന്ദ്രവുമായി 08.08.2012ൽ ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെടുകയും ചെയ്തു(കരാർ നം.001/AE/LSGD/KLY/12-13 Dt.08.08.12). പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ മൂലം പദ്ധതിക്ക് വേണ്ടി ചെലവഴിച്ച ₹1,84,03,821/-യും അനുബന്ധ പദ്ധതികൾക്കായി ചെലവഴിച്ച ₹2875431/-യുമുൾപ്പെടെ ₹21279252/- പാഴ് ചെലവായി മാറിയിരിക്കുകയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. പദ്ധതി ആസൂത്രണത്തിലെ അപാകതകൾ മൂലം അറവുശാല പ്രവർത്തനക്ഷമമല്ല

വൃത്തിയും ശുദ്ധിയുമുള്ള അന്തരീക്ഷത്തിലും ചുറ്റുപാടിലും മാംസം പാകപ്പെടുത്തി ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാമപഞ്ചായത്ത് ആധുനിക അറവുശാലയ്ക്ക് രൂപം നൽകിയത്. ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥിതി ചെയ്യുന്ന വളപ്പിൽ തന്നെയാണ് ആധുനിക അറവുശാലയും നിർമ്മിച്ചിട്ടുള്ളത്. രണ്ട് സ്ഥാപനങ്ങളിലേക്കുമുള്ള പ്രവേശന കവാടവും ഒന്നുതന്നെയാണ്. മാലിന്യ സംസ്കരണ പ്ലാന്റിനെയും അറവുശാലയെയും തമ്മിൽ ചുറ്റുമതിൽ നിർമ്മിച്ച് വേർതിരിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യത്തിന്റെ അപര്യാപ്തയും മുഖ്യ പ്രശ്നമായി നില നിൽക്കുന്നു. ആധുനിക അറവുശാലയും മാലിന്യ സംസ്കരണ പ്ലാന്റും ഒരേ കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാമെന്ന വസ്തുത പദ്ധതി ആസൂത്രണ സമയത്ത് പരിഗണിച്ചില്ല. മാലിന്യ പ്ലാന്റിന്റെ ദുർഗന്ധപൂർണ്ണമായ അന്തരീക്ഷത്തിൽ ശുചിത്വമാർന്ന മാംസം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധ്യമാകില്ലെന്ന സാമാന്യ യുക്തി പോലും പരിഗണിക്കാതെയാണ് ഗ്രാമപഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയിട്ടുള്ളത്. സ്ഥല പരിശോധന നടത്തി ആധുനിക അറവുശാല നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഉറപ്പ് വരുത്താതെയാണ് ശുചിത്വ മിഷൻ പദ്ധതിക്ക് 13.03.2012ൽ സാങ്കേതിക അനുമതി നൽകിയിട്ടുള്ളത്. അറവുശാലയിലേക്ക് ആവശ്യമായ ശുദ്ധജലത്തിന്റെ ലഭ്യതയും ഉറപ്പ് വരുത്തിയിരുന്നില്ല. കേരള വാട്ടർ അതോറിറ്റിയുടെ ഹൗസ് കണക്ഷൻ സംവിധാനം മാത്രമാണ് നിലവിലുള്ളത്. ബുധൻ, ഞായർ ദിവസങ്ങളിൽ മാത്രമാണ് ജലം ലഭ്യമാകുന്നത്. അറവുശാലയുടെ പ്രവർത്തനത്തിന് പ്രതിദിനം ഏകദേശം 6000 ലിറ്റർ വെള്ളം ആവശ്യമാണെന്നിരിക്കെ അറവുശാലയിലേക്ക് ആവശ്യമായ ജല ലഭ്യത ഉറപ്പ് വരുത്താതിരുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ്. ആധുനിക അറവുശാല രണ്ട് നിലകളിലായിട്ടാണ് പണി കഴിച്ചിരിക്കുന്നത്. അറവുശാല രണ്ട് നിലകളിലായതുമൂലം ഫിൽട്ടറിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഫിൽട്ടറിംഗ് സംവിധാനത്തിന്റെ തകരാർ, ജല ലഭ്യതയുടെ അപര്യാപ്തത എന്നിവ മൂലം ആധുക അറവുശാലയുടെ പ്രവർത്തനം നിർത്തി വെച്ചിരിക്കുകയാണ്.

2. അറവുശാലയുടെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തി

നിർമ്മിതി കേന്ദ്രവുമായി ഗ്രാമ പഞ്ചായത്ത് ഒപ്പുവെച്ച 08.08.2012ലെ 001/AE/LSGD/KLY/2012-13 നമ്പർ കരാറിൽ അറവുശാലയുടെ നിർമ്മാണം 31.03.2013-നകം പൂർത്തീകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 8 വർഷത്തിന് ശേഷമാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 13.04.2016-നുള്ളിൽ പ്രോജക്ട് ചെലവിന്റ 90 ശതമാനവും നിർമ്മിതി കേന്ദ്രയ്ക്ക് കൈമാറിയിരുന്നെങ്കിലും പദ്ധതിയുടെ പൂർത്തീകരണത്തിലുണ്ടായ അനന്തമായ കാല താമസം ഉപകരണങ്ങളുടെ പ്രവർത്തനക്ഷമതയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തും നിർമ്മിതി കേന്ദ്രവും തമ്മിൽ ഒപ്പ് വെച്ച കരാറിലെ വ്യവസ്ഥ 8 പ്രകാരം പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണവും ഗുണ നിലവാരവും ഉറപ്പ് വരുത്തേണ്ടത് നിർമ്മിതി കേന്ദ്രത്തിന്റെ ഉത്തരവാദിത്തമായിരുന്നു.

3. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയിട്ടില്ല

പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മിതി കേന്ദ്രം 30.03.2019ലെ Tech/218/12/RNKM നമ്പർ കത്ത് പ്രകാരം അംഗീകാരത്തിനായി ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിരുന്നു. പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനായി തുടർ നടപടികൾ സ്വീകരിക്കുവാൻ 21.01.2021ലെ 9(16) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അസി. എഞ്ചിനിയറെ ചുമതലപ്പെടുത്തുകയും ചെയ്തു. മലിന ജല സംസ്കരണ പ്ലാന്റ്, സെപ്റ്റിക് ടാങ്ക് എന്നീ അത്യന്താപേക്ഷിതമായ ഇനങ്ങൾ ഒഴിവാക്കി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് നാളിതുവരെയും സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അംഗീകാരം നേടിയിട്ടില്ല. പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിന് മുമ്പായി അന്തിമ ബിൽ തയ്യാറാക്കി മുഴുവൻ തുകയും നിർമ്മിതി കേന്ദ്രയ്ക്ക് നൽകുകയും ചെയ്തു.


4. അറവുശാലയുടെ പ്രവർത്തന ഗുണനിലവാരം ഉറപ്പ് വരുത്താതെ അന്തിമ ബിൽ തുക അനുവദിച്ചു

അറവുശാലയിലേക്ക് ആവശ്യമായ മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുള്ളത് നിർമ്മിതി കേന്ദ്രമാണ്. യന്ത്ര സാമഗ്രികൾ വാങ്ങിക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന കാര്യം വ്യക്തമല്ല. ടെണ്ടർ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ, നിർമ്മിതി കേന്ദ്രയുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് ടെണ്ടർ നടപടികളിലൂടെ മാത്രമെ അറവുശാലയിലേക്ക് ആവശ്യമായ മെക്കാനിക്കൽ/ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങാവൂ എന്ന് പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി 18.08.2014ൽ വിളിച്ച് കൂട്ടിയ യോഗത്തിൽ ഗ്രാമപഞ്ചായത്തിന് നിർദ്ദേശമായി നൽകിയിരുന്നു. അറവുശാലയിൽ സ്ഥാപിച്ചിരിക്കുന്ന മെഷിനറികൾ ട്രയൽ റൺ നടത്തി പദ്ധതി പൂർണ്ണ പ്രവർത്തന സജ്ജമാണെന്നും അറവുശാല നിർമ്മാണത്തിൽ അപാകതകളില്ലെന്നും ഒരു വിദഗ്ധ സമിതിയെ കൊണ്ട് പരിശോധിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കാതെ നിർമ്മിതി കേന്ദ്രയ്ക്ക് അന്തിമ ബിൽ അനുവദിച്ച് നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. പദ്ധതിയുടെ പൂർത്തീകരണത്തിലുണ്ടായ 7 വർഷത്തെ കാലതാമസം ഉപകരണങ്ങളുടെ പ്രവർത്തനക്ഷമതയെ കാര്യമായി ബാധിച്ചേക്കാമെന്ന വസ്തുതയും പരിഗണിക്കാതെയാണ് അന്തിമ ബിൽ തയ്യാറാക്കി നൽകിയിട്ടുള്ളത്. കാലടി ഗ്രാമപഞ്ചായത്തിലെയും വിജയകരമായി പ്രവർത്തിക്കുന്ന മറ്റ് സ്ഥലങ്ങളിലെയും ആധുനിക അറവുശാലകൾ സെക്രട്ടറിയുടെ നേതൃത്വത്തിൽ പരിശോധിച്ച് പ്രായോഗിക പരിജ്ഞാനം നേടി പദ്ധതി നടത്തിപ്പിനായി ഉപയോഗപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല.

5. ആധുനിക അറവുശാല മാലിന്യ നിർമ്മാർജ്ജനത്തിനായി ഉപയോഗപ്പെടുത്തുന്നു

പദ്ധതിയുടെ ഉദ്ഘാടന കാലം മുതൽ തന്നെ വിവിധ കാരണങ്ങളാൽ ആധുനിക അറവുശാലയുടെ പ്രവർത്തനം തകരാറിലായിരുന്നു. ഏകദേശം രണ്ടേകാൽ കോടിയോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ആധുനിക അറവുശാല നിലവിൽ മാലിന്യ കൂമ്പാരമായി മാറിയിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് അറവുശാല നിലവിൽ ഉപയോഗിച്ച് വരുന്നത്.







6. പ്രവർത്തന സജ്ജമല്ലാത്ത പ്രവൃത്തിക്ക് വേണ്ടി 2021-22 വർഷം വീണ്ടും ₹8,96,908/-യുടെ പാഴ് ചെലവ്

പദ്ധതിയുടെ ഉദ്ഘാടനത്തിന് ശേഷം നാളിതുവരെയും ആധുനിക അറവുശാല പ്രവർത്തന സജ്ജമായിരുന്നില്ല. അറവുശാലയുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള അപാകതകൾ സംബന്ധിച്ച് വിദഗ്ധമായ പഠനം നടത്തി ആയത് പരിഹരിക്കുന്നതിന് പകരം അറവുശാലയ്ക്കുവേണ്ടി സ്ലറി ടാങ്ക് കക്കൂസ് കുഴി നിർമ്മാണത്തിനായി (പ്രോജക്ട് നം. 455/22) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹10,00,000/- വകയിരുത്തുകയും വൗച്ചർ നമ്പർ 22101811/തീ. 31.03.2022 പ്രകാരം ₹8,96,908/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പരാജയ കാരണങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ 2021-22 വർഷം വിനിയോഗിച്ച ₹8,96,908/-യും നിഷ് ഫലമായിരിക്കുകയാണ്. പദ്ധതി യാതൊരുവിധത്തിലും പ്രവർത്തനക്ഷമമാക്കുവാൻ കഴിയില്ലെന്ന് ഉറപ്പുണ്ടായിട്ടും പദ്ധതിക്ക് വേണ്ടി വിനിയോഗിച്ച ₹8,96,908/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ആധുനിക അറവുശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.27/തീ. 16.03.2022) മറുപടി നൽകിയിട്ടില്ല.

1-21 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും - പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതര ക്രമക്കേട്

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത വിർജിൻ പൂച്ചട്ടിയിൽ “പച്ചക്കറി കൃഷിയും വിത്തും വളവും നൽകൽ” എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ വിർജിൻ പ്ലാസ്റ്റിക് പൂച്ചട്ടിയിൽ പോട്ടിംഗ് നിറച്ച് പച്ചക്കറി തൈ നട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ സാമ്പത്തിക വർഷാവസാനം ഏറ്റെടുത്ത പ്രസ്തുത പദ്ധതിയിൽ താഴെ സൂചിപ്പിച്ചിട്ടുള്ള അപാകതകളും ക്രമക്കേടുകളും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പദ്ധതിയുടെ അടങ്കൽ ഇ-ടെണ്ടർ പരിധിയായ അഞ്ച് ലക്ഷത്തിൽ താഴെ വരുന്ന തരത്തിൽ അഞ്ച് പദ്ധതിയായി ഏറ്റെടുത്ത് ഇ-ടെണ്ടർ ഒഴിവാക്കി.
- ടെണ്ടർ നടപടിയില്ലാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി 24354 എണ്ണം വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ നേരിട്ട് വാങ്ങുന്നതിന് പണം നൽകിയിരിക്കുന്നു.
- കാൽ ലക്ഷം വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ വാങ്ങുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് ഭരണസമിതി തീരുമാനിച്ചത് സാമ്പത്തിക വർഷാവസാനം 23.02.2022ൽ മാത്രം.
- കുടുംബശ്രീ യൂണിറ്റുകൾ/കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന (10 ഇഞ്ച് വലുപ്പമുള്ള ചട്ടികൾ) താണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങൽ നടത്തിയിരിക്കുന്നു.
- വാങ്ങിയെന്ന് അവകാശപ്പെടുന്ന വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന് യാതൊരു രേഖയുമില്ല.

. ഗുണഭോക്തൃവിഹിതം നിർബന്ധമായ പദ്ധതി, ഗുണഭോക്തൃവിഹിതം വകയിരുത്താതെയാണ് വിഭാവനം ചെയ്തത്.

1) ഒരു പദ്ധതിയുടെ അടങ്കൽ ഇ-ടെണ്ടർ പരിധിയായ അഞ്ച് ലക്ഷത്തിൽ താഴെ വരുന്ന തരത്തിൽ അഞ്ച് പദ്ധതിയായി ഏറ്റെടുത്ത് ഇ-ടെണ്ടർ ഒഴിവാക്കിയിരിക്കുന്നു

സംസ്ഥാന സർക്കാരിന്റെ 12.05.2015ലെ സ.ഉ.(എം.എസ്.) നം. 13/2015/ഐ.റ്റി.ഡി. ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ മുതലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ രീതി ബാധകമാക്കിയിട്ടുള്ളതാണ്. എന്നാൽ വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിനായുള്ള ₹21,92,000/-യുടെ പദ്ധതി താഴെ പറയും പ്രകാരം അഞ്ച് പദ്ധതികളായി ഏറ്റെടുക്കുകയും ഇ-ടെണ്ടർ നടപടി ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. കൂടാതെ ഇത്രയും വലിയ വാങ്ങൽ നടത്തുമ്പോൾ ലഭിക്കാവുന്ന വിലക്കുറവ് ലഭിക്കാതിരിക്കുകയും ചെയ്തത് മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുകയും ചെയ്തിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ ₹ | ബിൽ നം. തീയതി/ രസീത് നം./തീയതി | ചെലവ് തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 529/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് നം. 8 | 498000 | 21100252008701440174/24.3.22 | 373500 | ഗുണഭോക്തൃവിഹിതം നാളിതുവരെ വിതരണക്കാരന് നൽകിയിട്ടില്ല |
| | | | 121010107386/31.03.2022 (ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ പഞ്ചായത്തിൽ ഒടുക്കിയത്) | 124500 | |
| 2 | 530/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് നം. 14 | 498000 | 21100252008701440182/24.03.22 | 373500 | ഗുണഭോക്തൃവിഹിതം നാളിതുവരെ വിതരണക്കാരന് നൽകിയിട്ടില്ല |
| | | | 21010107387/31.03.2022 (ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ പഞ്ചായത്തിൽ ഒടുക്കിയത്) | 124500 | |
| 3 | 531/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് 1 മുതൽ 10 വരെ | 498000 | 21100252008701440194/24.03.22 | 373500 | ഗുണഭോക്തൃവിഹിതം നാളിതുവരെ വിതരണക്കാരന് നൽകിയിട്ടില്ല |
| | | | 21010107388/31.03.2022 (ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ പഞ്ചായത്തിൽ ഒടുക്കിയത്) | 124500 | |
| 4 | 532/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് 11 മുതൽ 20 വരെ | 498000 | 21100252008701440144/24.03.22 | 373500 | ഗുണഭോക്തൃവിഹിതം നാളിതുവരെ വിതരണക്കാരന് നൽകിയിട്ടില്ല |
| | | | 21010107389/31.03.2022 (ഗുണഭോക്തൃവിഹിതം കൃഷി ഓഫീസർ പഞ്ചായത്തിൽ ഒടുക്കിയത്) | 124500 | |
| 5 | 533/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും (എസ്.സി.പി.) | 200000 | 21100252008701440114/24.03.22 | 200000 | |
| | ആകെ | 2192000 | | 2192000 | |

2) ടെണ്ടർ നടപടിയില്ലാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ₹21,92,000/- വിലമതിക്കുന്ന 24354 എണ്ണം വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ നേരിട്ട് വാങ്ങുന്നതിന് പണം നൽകിയിരിക്കുന്നു

വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് അഞ്ച് പദ്ധതികളിലായി ₹21,92,000/- അടങ്കൽ വകയിരുത്തിയ പദ്ധതിയിൽ ₹90/- നിരക്കിൽ 24354 എണ്ണം വാങ്ങൽ നടത്തിയിരിക്കുന്നത് ടെണ്ടർ നടപടി ഒഴിവാക്കി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (കെയ്കോ) നിന്നാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങളും നടീൽ വസ്തുക്കളും ജൈവ വളവും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (കെയ്കോ) നിന്നും ടെണ്ടർ കൂടാതെ വാങ്ങുവാൻ അനുമതി നൽകണമെന്ന കെയ്കോ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 18.12.2019ലെ സ.ഉ.(സാധാ)നം.2881/2019 /ത.സ്വ.ഭ.വ. ഉത്തരവിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) സ്വന്തമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നടീൽ വസ്തുക്കൾ ഉൾപ്പെടുന്നില്ലായെന്നതിനാൽ കെയ്കോയിൽ നിന്നും വാങ്ങൽ നടത്തിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

3) കാൽ ലക്ഷം വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ വാങ്ങുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് ഭരണസമിതി തീരുമാനിച്ചത് സാമ്പത്തിക വർഷാവസാനം 23.02.2022ൽ മാത്രം

കാർഷിക മേഖലയിലെ പദ്ധതികൾ വേനൽക്കാലത്ത് നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് നിലനിൽക്കെ കുടിവെള്ളത്തിന് പോലും ക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിൽ കാൽ ലക്ഷം വരുന്ന വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ വാങ്ങി വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ 23.02.2022ലെ 4-ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും പദ്ധതി നടപ്പാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇത്രയും വലിയ തുകയുടെ ചെലവുള്ള പദ്ധതി നടപടിക്രമം പാലിച്ച് നടപ്പാക്കുവാൻ കഴിയില്ല എന്ന് വ്യക്തമായിരിക്കെ പദ്ധതിയുമായി ഭരണ സമിതി മുന്നോട്ട് പോയത് പദ്ധതി ആസൂത്രണത്തിലെ ഗുരുതരമായ പിഴവാണ്.

4) കുടുംബശ്രീ യൂണിറ്റുകൾ/കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന(10 ഇഞ്ച് വലുപ്പമുള്ള ചട്ടികൾ)താണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങൽ നടത്തിയിരിക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം 75% സബ്സിഡി നിരക്കിൽ ഗ്രോബാഗ്/മൺചട്ടിയാണ് വാങ്ങി നൽകേണ്ടത്. എന്നാൽ ഇവിടെ വിർജിൻ പ്ലാസ്റ്റിക് ചട്ടിയിലാണ് തൈകൾ നൽകിയിരിക്കുന്നത്. ലയൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും കുടുംബശ്രീ യൂണിറ്റുകൾ/കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന(10 ഇഞ്ച് വലുപ്പമുള്ള ചട്ടികൾ)താണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരിക്കെ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും അവരുടെ ഉല്പന്നം അല്ലാതിരുന്നിട്ടും നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കാതെ സപ്ലൈയർ നിശ്ചയിച്ച വിലയായ ₹90/- നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

5) വാങ്ങിയെന്ന് അവകാശപ്പെടുന്ന വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന് യാതൊരു രേഖയുമില്ല

അഞ്ച് പദ്ധതികളിലായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (കെയ്കോ) നിന്നും ₹90/- നിരക്കിൽ 24354 എണ്ണം വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകൾ വാങ്ങിയ ടാക്സ് ഇൻവോയ്സ് ഫയിൽ സൂക്ഷിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | കെയ്കോ ഇൻവോയ്സ് നം./തീയതി | തുക ₹ | തൈകളുടെ എണ്ണം | വിതരണം ചെയ്ത വിവരം |
|---|---|---|---|---|---|
| 1 | 529/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് നം. 8 | 294/21.03.2022 | 498000 | 5533 | വിതരണം ചെയ്തതായി രേഖയില്ല |
| 2 | 530/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് നം. 14 | 295/21.03.2022 | 498000 | 5533 | വിതരണം ചെയ്തതായി രേഖയില്ല |
| 3 | 531/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് 1 മുതൽ 10 വരെ | 296/21.03.2022 | 498000 | 5533 | വാർഡ് മെമ്പർമാർ മൊത്തമായി കൈപ്പറ്റിയിരിക്കുന്നു |
| 4 | 532/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് 11 മുതൽ 20 വരെ | 297/21.03.2022 | 498000 | 5533 | വാർഡ് മെമ്പർമാർ മൊത്തമായി കൈപ്പറ്റിയിരിക്കുന്നു |
| 5 | 533/22 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും (എസ്.സി.പി.) | 298/21.03.2022 | 200000 | 2233 | വാർഡ് മെമ്പർമാർ മൊത്തമായി കൈപ്പറ്റിയിരിക്കുന്നു |
| | ആകെ | | 2192000 | 24354 | |

പദ്ധതി പ്രകാരം വാങ്ങിയിരിക്കുന്നു എന്ന് പറയുന്ന 24354 വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി തൈകളിൽ മുകളിലെ പട്ടികയിൽ ക്രമ നമ്പർ 1, 2 എന്നിവ പ്രകാരമുള്ള 11066 തൈകൾ ലഭിച്ചതായോ വിതരണം ചെയ്തതായോ യാതൊരു രേഖയുമില്ല. ശേഷിക്കുന്ന 13299 എണ്ണം വാർഡ് മെമ്പർമാർ മൊത്തമായി കൈപ്പറ്റിയതായി ഒപ്പിട്ട് നൽകിയിരിക്കുന്ന ഒരു പേപ്പർ മാത്രമാണ് ഉള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷ, അവരുടെ കൈപ്പറ്റ് രേഖകൾ എന്നിവ ഇല്ലാത്ത സാഹചര്യത്തിൽ വാങ്ങൽ നടത്തിയെന്ന് അവകാശപ്പെടുന്ന തൈകൾ പൂർണ്ണമായും ലഭിച്ചുവെന്നോ ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഗുണഭോക്താക്കളുടെ കൈവശം എത്തിയിട്ടുണ്ടെന്നോ ഉറപ്പാക്കുവാനുള്ള യാതൊരു തെളിവുകളും ഇല്ല. സർക്കാർ നിർദ്ദേശം അനുസരിച്ച് സ്ഥലവിസ്തൃതി

കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 എണ്ണം ആണ് നൽകേണ്ടത്. എന്നാൽ ഇവിടെ ഗുണഭോക്താക്കളോട് അപേക്ഷ പോലും സ്വീകരിച്ചിട്ടില്ല.

6) ഗുണഭോക്തൃവിഹിതം നിർബന്ധമായ പദ്ധതി, ഗുണഭോക്തൃവിഹിതം വകയിരുത്താതെയാണ് വിഭാവനം ചെയ്തത്

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് 25% ഗുണഭോക്തൃവിഹിതം വകയിരുത്തി നടപ്പാക്കേണ്ട പദ്ധതിയാണെന്നിരിക്കെ ഗുണഭോക്തൃ വിഹിതം വകയിരുത്താതെയാണ് പദ്ധതി ഏറ്റെടുത്തത്. എന്നാൽ പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നില്ലെങ്കിലും പട്ടിക ജാതി വിഭാഗത്തിനുള്ള പദ്ധതിയൊഴികെയുള്ള പദ്ധതികൾക്കായി താഴെ പറയും പ്രകാരം അടങ്കൽ തുകയുടെ 25% ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ ₹ | ഗുണഭോക്തൃവിഹിതം രസീത് നം./ തീയതി | ചെലവ് തുക ₹ |
|---|---|---|---|---|
| 1 | 529/22<br>വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് നം. 8 | 498000 | 121010107386/31.03.2022 | 124500 |
| 2 | 530/22<br>വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും, വാർഡ് നം. 14 | 498000 | 21010107387/31.03.2022 | 124500 |
| 3 | 531/22<br>വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് 1 മുതൽ 10 വരെ | 498000 | 21010107388/31.03.2022 | 124500 |
| 4 | 532/22<br>വിർജിൻ പൂച്ചട്ടിയിൽ പച്ചക്കറി കൃഷിയും വിത്തും വളവും വാർഡ് 11 മുതൽ 20 വരെ | 498000 | 21010107389/31.03.2022 | 124500 |
| | ആകെ | 1992000 | | 498000 |

മേൽ പ്രകാരം ഒടുക്കിയിട്ടുള്ള ഗുണഭോക്തൃ വിഹിതം സ്വീകരിച്ചതിന് ഗുണഭോക്താക്കൾക്ക് പൂർണ്ണമായും വ്യക്തിഗത രസീത് കൊടുത്തതായി കാണുന്നില്ല. ആയതിനാൽ ഗുണഭോക്തൃവിഹിതം സ്വീകരിച്ചതിൽ അപാകത ഉണ്ടായിരിക്കുന്നു എന്ന് വ്യക്തമാണ്. കൂടാതെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ള ഗുണഭോക്തൃവിഹിതം തുക സ്ഥാപനത്തിന് അനുവദിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 16.03.2023ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 29ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രോജക്ടിന് മാർച്ച് മാസം അവസാനമാണ് അംഗീകാരം ലഭിച്ചതെന്നും വെറ്റിംഗിനായി എ.ഡി.എ.-യ്ക്ക് സമർപ്പിച്ചപ്പോൾ 75% സബ്സിഡി മാത്രമേ നൽകാവൂ എന്ന് നിർദ്ദേശിച്ചതിനാലാണ് പദ്ധതി തുക 75% മാത്രം ചെലവഴിച്ചതെന്നും പദ്ധതി ഗുണഭോക്തൃവിഹിതം വകയിരുത്തി നടപ്പാക്കുന്നതിന് ഈ വർഷം സ്പിൽഓവർ പദ്ധതിയായി ഏറ്റെടുത്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ടെണ്ടർ വിളിച്ച് പദ്ധതി നടപ്പാക്കുവാൻ സമയം ലഭിക്കാത്തതിനാലാണ് കെയ്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയതെന്നും അറിയിച്ചിട്ടുണ്ട്. തൈകൾ അതാത് വാർഡിൽ നേരിട്ട് ഇറക്കിയതിനാലാണ് വാർഡ് മെമ്പർമാർ വഴി വിതരണം നടത്തിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ വാദഗതികൾ അംഗീകരിക്കുവാൻ കഴിയുന്നതല്ല. മാർച്ച് മാസത്തിൽ ഏറ്റെടുക്കുന്ന പദ്ധതിക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള വാങ്ങൽ നടപടിക്രമം പാലിക്കുവാൻ സമയം ലഭിക്കില്ലായെന്ന് അറിഞ്ഞുകൊണ്ട് തന്നെയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. മാത്രമല്ല കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വിത്തുകളും തൈകളും ടെണ്ടർ കൂടാതെ വാങ്ങുവാൻ പാടില്ലയെന്ന സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോൾ നിയമ വിരുദ്ധമായി വാങ്ങൽ നടത്തിയത് അംഗീകരിക്കാവുന്നതല്ല. ഏത് സാഹചര്യത്തിലും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകേണ്ടതായ തൈകൾ വാർഡ് മെമ്പർമാർ മൊത്തമായി കൈപ്പറ്റുകയും ആയത് വിതരണം ചെയ്തതിന്റെ യാതൊരു രേഖയും ഇല്ലാതിരിക്കുകയും ചെയ്തിരിക്കുന്നത് ഗുരുതരമായ ക്രമക്കേടാണ്. വിതരണ രേഖകൾ ഒന്നും ഇല്ലാത്തതിനാൽ ഇൻവോയ്സ് പ്രകാരമുള്ള എണ്ണം ലഭിച്ചതായോ വിതരണം ചെയ്തതായോ ഉറപ്പാക്കുവാൻ കഴിയുന്നില്ല. ഗുണഭോക്താക്കളുടെ അപേക്ഷയോ കൈപ്പറ്റ് വിവരമോ ഇല്ലാതെ തൈകൾ

വിതരണം നടത്തിയിട്ടുണ്ടെന്ന വാദം വിശ്വസനീയമല്ല.

മുകളിൽ വിശദീകരിച്ചത് പ്രകാരമുള്ള ഗുരുതര ക്രമക്കേട് പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായതിനാൽ പദ്ധതി ചെലവ് സംബന്ധിച്ച യഥാർത്ഥ വസ്തുത കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് വിശദമായ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ചെലവ് തുകയുടെ വിനിയോഗത്തിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ വിതരണം ചെയ്തിട്ടില്ലാത്ത ഗുണഭോക്തൃവിഹിതം ഒഴികെയുള്ള ₹16,94,000/- (2192000-498000) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 കാർഷിക പദ്ധതികളിലെ വിത്തുകളും തൈകളും ടെണ്ടർ നടപടിയില്ലാതെ നേരിട്ട് വാങ്ങുകയും ഗുണഭോക്താവിന് നേരിട്ട് നൽകാതെ ജന പ്രതിനിധികൾ മൊത്തമായി കൈപ്പറ്റുകയും ചെയ്യുന്ന

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ടെണ്ടർ നടപടി കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുകയും വാങ്ങിയ വിത്തുകളും തൈകളും ഗുണഭോക്താവിന് നൽകാതെ ജന പ്രതിനിധികൾക്ക് മൊത്തമായി നൽകുകയും ചെയ്തിരിക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ ₹ | ബിൽ/വൗച്ചർ നം./തീയതി | ചെലവ് തുക ₹ | വിത്തുകളുടെ/ തൈകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 36/22<br>സുഭിക്ഷ കേരളം - വാഴകൃഷി | 300000 | 21100252008701214154/<br>26.02.2022 | 30000 | 18750 |
| 2 | 341/22<br>സുഭിക്ഷകേരളം - തരിശുനില കൃഷി -വാഴ കൃഷി | 200000 | 21100252008701205379/<br>25.02.22 | 200000 | 12500 |
| 3 | 527/22<br>സുഭിക്ഷ കേരളം –<br>പച്ചക്കറി കൃഷി<br>വാർഡ് 1-10<br>വനിത (Polybag Vegegtable Plant) | 498000 | 21100252008701440161/<br>24.03.2022 | 498000 | 41500 |
| 4 | 528/22<br>സുഭിക്ഷ കേരളം –<br>പച്ചക്കറി കൃഷി<br>വാർഡ് 11-20<br>വനിത (Polybag Vegegtable Plant) | 498000 | 21100252008701440166/<br>24.03.2022 | 498000 | 41500 |
| 5 | 340/22<br>സുഭിക്ഷ കേരളം - തരിശുനില കൃഷി -<br>പച്ചക്കറി കൃഷി<br>(Polybag Vegegtable Plant) | 800000 | 21100252008701205390/<br>25.02.2022 | 500000 | 41670 |

| | | | | | |
|---|---|---|---|---|---|
| 6 | 339/22<br>സുഭക്ഷകേരളം - തരിശുനില കൃഷി - കിഴങ്ങ് വർഗ്ഗ കൃഷി ചെയ്യൽ (കാച്ചിൽ, ചേന, ചേമ്പ്, മഞ്ഞൾ) | 600000 | 21100252008701440089/<br>24.03.2022 | 400000 | 8000 കി.ഗ്രാം |
| | ആകെ | 2890000 | | 2396000 | 81220 എണ്ണം, 8000 കി.ഗ്രാം |

മേൽ പദ്ധതി പ്രകാരം ആകെ അടങ്കൽ ₹28,90,000/- ഉണ്ടായിരുന്നിട്ടും യാതൊരു ടെണ്ടർ നടപടികളും സ്വീകരിക്കാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (കെയ്കോ) നിന്നും നേരിട്ട് വാങ്ങൽ നടത്തിയിരിക്കുന്നു. ഇത് പ്രകാരം ആകെ 81220 എണ്ണം തൈകളും കാച്ചിൽ, ചേന ചേമ്പ് , മഞ്ഞൾ തുടങ്ങിയ 8000 കിലോ ഗ്രാം വിത്തിനങ്ങളും വാങ്ങുന്നതിന് കെയ്കോയ്ക്ക് ₹23,96,000/- നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക പദ്ധതികൾക്കാവശ്യമായ കാർഷിക യന്ത്രങ്ങളും നടീൽ വസ്തുക്കളും ജൈവ വളവും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (കെയ്കോ) നിന്നും ടെണ്ടർ കൂടാതെ വാങ്ങുവാൻ അനുമതി നൽകണമെന്ന കെയ്കോ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 18.12.2019ലെ സ.ഉ.(സാധാ)നം.2881/2019 /ത.സ്വ.ഭ.വ. ഉത്തരവിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) സ്വന്തമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നടീൽ വസ്തുക്കൾ ഉൾപ്പെടുന്നില്ല എന്നതിനാൽ കെയ്കോയിൽ നിന്നും വാങ്ങൽ നടത്തിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. വാഴ വിത്ത് ₹16/- നിരക്കിലും പച്ചക്കറി തൈ (Polybag Vegegtable Plant) ₹12/- നിരക്കിലുമാണ് വാങ്ങിയിട്ടുള്ളത്. മാത്രമല്ല ഇത്രയും കൂടിയ അളവിൽ വിത്തുകളും തൈകളും വാങ്ങിയതിൽ ഒന്ന് പോലും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല. വാങ്ങിയ ഇനങ്ങൾ അപ്പാടെ ഓരോ വാർഡിലേയും ജന പ്രതിനിധികൾ മൊത്തമായി കൈപ്പറ്റിയതിന്റെ രേഖയാണ് ഉള്ളത്. കൂടാതെ വാങ്ങിയെന്ന് പറയുന്ന ഇനങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്യുകയോ, ഗുണഭോക്താക്കളുടെ അപേക്ഷ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ തുക ചെലവഴിച്ചതിന് തത്തുല്യമായ ഇനങ്ങൾ ലഭിച്ചിട്ടുള്ളതായി ഉറപ്പാക്കുവാൻ ആവശ്യമായ രേഖകൾ ഇല്ല. അപാകതകൾ സംബന്ധിച്ച് 16.03.2023 നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 28ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കൃഷി വകുപ്പിന്റെ 16.09.2022ലെ ജി.ഒ.(ആർ.റ്റി.)നം. 813/2022 ഉത്തരവ് പ്രകാരം കെയ്കോയിൽ നിന്നും തൈകൾ നേരിട്ട് വാങ്ങുന്നതിന് അനുമതിയുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് അംഗീകരിക്കുവാൻ കഴിയുന്നതില്ല. കാരണം, ഇവിടെ പരാമർശിച്ചിട്ടുള്ള പദ്ധതി നടപ്പാക്കിയിട്ട് ആറ് മാസം കഴിഞ്ഞ് 2022-23 സാമ്പത്തിക വർഷം കൃഷി വകുപ്പ് ഇറക്കിയ പ്രസ്തുത ഉത്തരവിൽ കെയ്കോ നേരിട്ട് ഉല്പാദിപ്പിക്കുന്ന തൈകൾ കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ഒരു വർഷത്തേക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്ന സമയത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിൽ വ്യക്തമായി പറഞ്ഞിരിക്കുന്നത് കെയ്കോയിൽ നിന്നും തൈകൾ ടെണ്ടർ കൂടാതെ വാങ്ങുവാൻ പാടില്ലയെന്നാണ്. കൂടാതെ ഫല വൃക്ഷത്തൈകൾ വാർഡുകളിൽ നേരിട്ട് ഇറക്കിയതിനാലാണ് വാർഡ് മെമ്പർമാർ വഴി വിതരണം നടത്തിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാൽ വാർഡ് മെമ്പർമാർ വഴി വിതരണം നടത്തിയ യാതൊരു രേഖയുമില്ല. മൊത്തമായി വാർഡ് മെമ്പർമാർ കൈപ്പറ്റിയതായി മാത്രമാണ് കാണുന്നത്. ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള തൈകൾ വാർഡ് മെമ്പർമാർ മൊത്തമായി കൈപ്പറ്റുകയും ആയത് വിതരണം ചെയ്തതിന് രേഖകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ ക്രമക്കേടാണ്. മാത്രമല്ല തൈകൾ പൂർണ്ണമായും ലഭിച്ചിട്ടുണ്ടോയെന്നതും സംശയാസ്പദമാണ്.

മുകളിൽ വിശദീകരിച്ചത് പ്രകാരമുള്ള ഗുരുതര ക്രമക്കേട് പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായതിനാൽ പദ്ധതി ചെലവ് സംബന്ധിച്ച യഥാർത്ഥ വസ്തുത കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് വകുപ്പ്തല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ഈ സാഹചര്യത്തിൽ ₹23,96,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 സുഭിക്ഷ കേരളം - ഫലവൃക്ഷത്തൈ വിതരണം - കാർഷിക കർമ്മസേനയെ ഇടനിലക്കാരായി ടെണ്ടർ നടപടിയില്ലാതെ വാങ്ങൽ നടത്തിയിരിക്കുന്നു

| ക്രമ നം. | പദ്ധതി | അടങ്കൽ | ബിൽ/വൗച്ചർ നം./തീയതി | തുക ₹ |
|---|---|---|---|---|
| 1 | 548/22<br>സുഭിക്ഷ കേരളം – ഫല വൃക്ഷത്തൈ വിതരണം (വനിത) | 155675 | 21100252008701527620/ 30.03.2022 | 155675 |
| 2 | 549/22<br>സുഭിക്ഷ കേരളം – ഫല വൃക്ഷത്തൈ വിതരണം (എസ്.സി.പി.) | 400000 | 21100252008701527634/ 30.03.2022 | 200000 |
| | | | 21100252008701527654/ 30.03.2022 | 199960 |
| | ആകെ | 555675 | | 555635 |

സുഭിക്ഷ കേരളം-ഫല വൃക്ഷത്തൈ വിതരണം എന്ന പദ്ധതിക്കായി റമ്പൂട്ടാൻ, മാവ്, സപ്പോട്ട തുടങ്ങിയ തൈകൾ വിതരണം ചെയ്യുന്നതിന് കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 548/22, 549/22 എന്നീ പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു. പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് തൈകൾ വാങ്ങുന്നതിന് കൃഷിഭവന്റെ കീഴിലുള്ള കാർഷിക കർമ്മ സേനയ്ക്ക് തുക നൽകുകയും കർമ്മ സേന തൈകൾ മണ്ണാറത്തറയിൽ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങി നൽകുകയും ചെയ്തിരിക്കുന്നു. കാർഷിക കർമ്മസേന ഇടനിലക്കാരായി നിന്ന് മണ്ണാറത്തറ ഗാർഡൻസ് എന്ന സ്ഥാപനത്തിൽ നിന്നും തൈകൾ വാങ്ങി കൂടിയ വിലയ്ക്ക് കൃഷി ഓഫീസിന് നൽകുകയാണ് ഉണ്ടായത്. വാങ്ങിയ തൈകളും അവയുടെ വിലയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | തൈകൾ | എണ്ണം | മണ്ണാറത്തറ ഗാർഡൻ ഈടാക്കിയ യൂണിറ്റ് വില | ആകെ | കർമ്മസേന ഈടാക്കിയ യൂണിറ്റ് വില | ആകെ |
|---|---|---|---|---|---|---|
| (എ) | 21100252008701527620/30.03.2022 ₹155675/- | | | | | |
| 1 | റമ്പൂട്ടാൻ (ബഡ്ഡ്) | 180 | 327 | 58860 | 330 | 59400 |
| 2 | മാവ് (ഗ്രാഫ്റ്റ്) | 180 | 257 | 46260 | 260 | 46800 |
| 3 | സപ്പോട്ട (ഗ്രാഫ്റ്റ്) | 180 | 273 | 49140 | 275 | 49500 |
| | ആകെ | 540 | | 154260 | | 155700/- Payment Limited To ₹ 155675/- |
| (ബി) | 21100252008701527634/30.03.2022 ₹200000/- | | | | | |
| 1 | റമ്പൂട്ടാൻ (ബഡ്ഡ്) | 231 | 327 | 75537 | 330 | 76230 |
| 2 | മാവ് (ഗ്രാഫ്റ്റ്) | 231 | 257 | 59367 | 260 | 60060 |
| 3 | സപ്പോട്ട (ഗ്രാഫ്റ്റ്) | 231 | 272 | 62832 | 275 | 63525 |
| 4 | പ്ലാവ് | 1 | 185 | 185 | 185 | 185 |
| | ആകെ | 694 | | 197921 | | 200000 |
| (സി) | 21100252008701527654/30.03.2022 ₹199960/- | | | | | |
| 1 | റമ്പൂട്ടാൻ (ബഡ്ഡ്) | 231 | 327 | 75537 | 330 | 76230 |
| 2 | മാവ് (ഗ്രാഫ്റ്റ്) | 231 | 257 | 59367 | 260 | 60060 |
| 3 | സപ്പോട്ട (ഗ്രാഫ്റ്റ്) | 231 | 272 | 62832 | 275 | 63525 |
| 4 | പ്ലാവ് | 1 | 145 | 145 | 185 | 185 |
| | ആകെ | 694 | | 197881 | | 199960 |

തൈകൾ വിതരണം ചെയ്യുന്നതിന് കാർഷിക കർമ്മസേനയ്ക്ക് തുക അനുവദിക്കുവാനുള്ള കാരണം വ്യക്തമല്ല. ഇപ്രകാരം വാങ്ങിയ തൈകൾ ഗുണഭോക്താക്കൾക്ക് നേരിട്ട് തൈകൾ വിതരണം ചെയ്യാതെ വാർഡ് മെമ്പർമാർക്ക് മൊത്തമായി നൽകിയിരിക്കുന്നു. ടെണ്ടർ നടപടി ഒഴിവാക്കി കാർഷിക കർമ്മസേനയെ ഇടനിലക്കാരായി വാങ്ങൽ നടത്തിയിരിക്കുന്നത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. കൂടാതെ തൈകൾ ഗുണഭോക്താക്കൾക്ക് നൽകാതെ വാർഡ് ജന പ്രതിനിധികൾക്ക് മൊത്തമായി നൽകിയിരിക്കുന്നതും ഗുരുതര വീഴ്ചയായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 16.03.2023ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 30ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിന് മാർച്ച് മാസം അവസാനമാണ് അംഗീകാരം ലഭിച്ചതെന്നും ആയതിനാൽ ടെണ്ടർ വിളിച്ച് പദ്ധതി നടപ്പാക്കുവാൻ സമയം ലഭിക്കാത്തതിനാൽ കൃഷിഭവന്റെ കീഴിലുള്ള കാർഷിക കർമ്മസേന വഴി പദ്ധതി നടപ്പാക്കുകയാണ് ഉണ്ടായതെന്നും ഫല വൃക്ഷത്തൈകൾ വാർഡുകളിൽ നേരിട്ട്

ഇറക്കി നൽകുകയാണ് ചെയ്തതെന്നും ആയതിനാലാണ് വാർഡ് മെമ്പർമാർ വഴി വിതരണം നടത്തിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുവാൻ കഴിയുന്നതല്ല. കാരണം, 2022 ഫെബ്രുവരി 23ന് പഞ്ചായത്ത് ഭരണ സമിതി ഇപ്രകാരം പദ്ധതി ഏറ്റെടുക്കുന്നതിന് തീരുമാനിക്കുമ്പോൾ തന്നെ പദ്ധതി അംഗീകാരം വാങ്ങി വാങ്ങൽ നടപടിക്രമം പാലിച്ച് പദ്ധതി നടപ്പാക്കുവാൻ സമയം ലഭിക്കില്ലയെന്ന് ബോദ്ധ്യമുണ്ടായിരുന്നിട്ടും പദ്ധതി ഏറ്റെടുക്കുകയും മാർച്ച് മാസത്തിൽ വലിയ കുടിവെള്ള ക്ഷാമം നില നിൽക്കുന്ന പഞ്ചായത്ത് പ്രദേശത്ത് ഇപ്രകാരം ഫല വൃക്ഷത്തൈകൾ നടപടി ക്രമം കൂടാതെ തിടുക്കത്തിൽ വിതരണം ചെയ്യുന്നതിന് പദ്ധതി ഏറ്റെടുക്കുന്നത് തന്നെ സംശയാസ്പദമാണ്. കൂടാതെ കൃഷിഭവന്റെ കീഴിലുള്ള കാർഷിക കർമ്മസേനയുടെ പ്രവർത്തനത്തിലും ചുമതലയിലും ഉൾപ്പെടാത്ത ഫല വൃക്ഷത്തൈ വിതരണം എന്ന പദ്ധതി നടപ്പാക്കുവാൻ അവരെ ചുമതലപ്പെടുത്തിയ കൃഷി ഓഫീസർ കൃത്യനിർവ്വഹണത്തിൽ ഗുരുതരവും മന:പൂർവ്വവുമായ വീഴ്ച വരുത്തിയിരിക്കുകയാണ്. കൂടാതെ തൈകൾ വാർഡുകളിൽ ഇറക്കിയതിനാൽ വാർഡ് മെമ്പർമാർ വഴി വിതരണം ചെയ്തു എന്നതും അംഗീകരിക്കുവാൻ കഴിയില്ല, കാരണം വിതരണം നടത്തിയെങ്കിൽ കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. എന്നാൽ അപ്രകാരം യാതൊരു രേഖയും ഇല്ല. വിതരണ രേഖകൾ ഒന്നും ഇല്ലാത്തതിനാൽ വാങ്ങിയതായി പറയുന്ന എണ്ണം തൈകൾ ലഭിച്ചതായോ വിതരണം ചെയ്തതായോ ഉറപ്പാക്കുവാൻ കഴിയുന്നില്ല. ആയതിൽ ഇതിന്മേൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ വകുപ്പ് തലത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി ചെലവിന്റെ നിജസ്ഥിതി ബോധ്യപ്പെടുത്തുന്ന രേഖകൾ ഇല്ലാത്തതിനാൽ ₹5,55,635/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 പൊതുവിഭാഗം ലൈഫ് പാർപ്പിട പദ്ധതിയുടെ സംസ്ഥാന വിഹിതം, ഹഡ്കോ ലോൺ വിഹിതം എന്നിവയുടെ ചെലവ് തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത് നടപ്പാക്കിയ പൊതുവിഭാഗം ലൈഫ് പാർപ്പിട പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള സംസ്ഥാന വിഹിതം, ഹഡ്കോ വായ്പ എന്നീ ഇനത്തിൽ 2021-22 വർഷം രണ്ട് പ്രോജക്ടിലായി (177/22, 268/22) ആകെ ₹15,70,000/- വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഈ ഇനത്തിലുള്ള ആകെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ചെലവ് സംബന്ധിച്ച് കൃത്യത ഉറപ്പാക്കുവാനായി തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് 16.03.2023ന് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 18ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ സംസ്ഥാന വിഹിതവും ഹഡ്കോ വായ്പ വിഹിതവും വി.ഇ.ഒ.-യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി ചെക്ക് മുഖേന തുക അനുവദിക്കുന്ന എന്നതിനാൽ ആകെ ചെലവ് തുക ₹15,70,000/- തന്നെയാണെന്ന് സെക്രട്ടറി ഉറപ്പാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ തനത് ഫണ്ട്, സംസ്ഥാന വിഹിതം, വായ്പ വിഹിതം തുടങ്ങിയവയുടെ ചെലവ് വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തുന്നു എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

### 1-25 ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ചെലവ് തടസ്സം ₹47,80,000/-

69/22, ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) നിർവ്വഹണത്തിനായി ചുവടെ ചേർത്തിട്ടുള്ള ബില്ലുകൾ പ്രകാരം ഓഡിറ്റ് വർഷം ₹47,80,000/- ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത തുകയുടെ ബിൽ പകർപ്പ്, വ്യക്തിഗത രജിസ്റ്റർ തുടങ്ങിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 17.03.2023ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 33ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹47,80,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | ബിൽ നം. /തീയതി | തുക ₹ |
|---|---|---|

| | | |
|---|---|---|
| 1 | 21100252013401305277/11.03.22 | 470000 |
| 2 | 21100252013401390989/20.03.22 | 100000 |
| 3 | 21100252013401403105/22.03.22 | 40000 |
| 4 | 21100252013401403110/22.03.22 | 40000 |
| 5 | 21100252013401335057/15.03.22 | 50000 |
| 6 | 21100252013401258771/07.03.22 | 100000 |
| 7 | 21100252013400547664/22.10.21 | 380000 |
| 8 | 21100252013400501687/11.10.21 | 240000 |
| 9 | 21100252013400446589/25.09.21 | 660000 |
| 10 | 21100252013400371762/03.09.21 | 340000 |
| 11 | 21100252013400327348/18.08.21 | 300000 |
| 12 | 21100252013400900446/07.01.22 | 180000 |
| 13 | 21100252013400970607/18.01.22 | 710000 |
| 14 | 21100252013400676653/20.11.21 | 120000 |
| 15 | 21100252013400711796/27.11.21 | 290000 |
| 16 | 21100252013400609874/05.11.21 | 180000 |
| 17 | 211002520134006372243/11.11,21 | 120000 |
| 18 | 21100252013400291795/11.08.21 | 460000 |
| | ആകെ | 4780000 |

1-26 ആശ്രയ പദ്ധതിയ്ക്കായി നൽകിയ തുകയുടെ ചെലവ് വിവരം ലഭ്യമല്ല

157/22, ആശ്രയ പദ്ധതിക്കായി 22.10.2021ലെ 21100252013400547665 നമ്പർ ബിൽ പ്രകാരം ₹5,00,000/- അഗതി രഹിത കേരളം, കുടുംബശ്രീ എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. പ്രസ്തുത തുകയുടെ ചെലവ് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 17.03.2023ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 35ന് മറുപടി ലഭ്യമാക്കിയില്ല. കുടുംബശ്രീക്ക് കൈമാറിയ തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹5,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|
| 2210089/28.04.2021 | ₹300000/- |
| ആകെ | ₹300000/ |

20 വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശുചിത്വ മിഷൻ തുകയും ഗ്രാമപഞ്ചായത്ത് വിഹിതവും ഉൾപ്പെടെ ₹3,00,000/- മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)ക്ക് മേൽ സൂചിത വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരും (എച്ച്.ഐ.-മാർ) ക്ലറിക്കൽ വിഭാഗവും ചെലവ് രേഖകൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന്

ബാധ്യസ്ഥരാണ്. എന്നാൽ പ്രസ്തുത വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ₹3,00,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 കുടിവെള്ള പ്രോജക്ടുകൾക്ക് നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ചുവടെ കൊടുത്തിരിക്കുന്ന കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തികൾ കമ്മീഷൻ ചെയ്ത് വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നം. | എസ്റ്റിമേറ്റ് നം. | ബിൽ നം./വൌച്ചർ നം./തീയതി | തുക ₹ |
|---|---|---|---|---|
| 1 | എ. കെ. ജി.-പടി നാലാം മൈൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 6 (260/22) | 2021/17859 | XVFC/2021-22/P/23/28.02.2022 | 500000 |
| 2 | കൊല്ലംപട്ടട പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 13 (274/22) | 2021/19011 | XVFC/2021-22/P/27/28.02.2022 | 500000 |
| 3 | അഞ്ചാം നമ്പർ കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (282/22) | എസ്റ്റിമേറ്റ് ഫയലിലില്ല | XVFC/2021-22/P/26/28.02.2022 | 500000 |
| 4 | വലിയകണ്ടം ഭാഗം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (515/22) | എസ്റ്റിമേറ്റ് ഫയലിലില്ല | XVFC/2021-22/P/98/30.03.2022 | 500000 |
| 5 | നൂലാംപാറ വാർഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (516/22) | എസ്റ്റിമേറ്റ് ഫയലിലില്ല | XVFC/2021-22/P/97/30.03.2022 | 500000 |
| 6 | അമരാവതി വാർഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (517/22) | എസ്റ്റിമേറ്റ് ഫയലിലില്ല | XVFC/2021-22/P/95/30.03.2022 | 500000 |
| 7 | റോസാപൂക്കണ്ടം പാലം പൈപ്പ്ലൈൻ അടിസ്ഥാന സൌകര്യങ്ങൾ വാർഡ് 9 (263/22) | 2021/19019 | XVFC/2021-22/P/31/28.02.2022 | 250000 |
| 8 | റോസാപൂക്കണ്ടം പാലം വലത് ഭാഗം പൈപ്പ്ലൈൻ അടിസ്ഥാന സൌകര്യങ്ങൾ - വാർഡ് 10 (265/22) | 2021/19017 | XVFC/2021-22/P/35/28.02.2022 | 250000 |
| 9 | കോളാ ബാബു പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ അടിസ്ഥാന സൌകര്യങ്ങൾ - വാർഡ് 10 (266/22) | 2021/19016 | XVFC/2021-22/P/25/28.02.2022 | 250000 |
| 10 | മന്നാക്കുടി നടപ്പാത പൈപ്പ്ലൈൻ നീട്ടൽ (471/22) | എസ്റ്റിമേറ്റ് ഫയലിലില്ല | XVFC/2021-22/P/102/30.03.2022 | 250000 |
| 11 | പളിയകുടി മോഹനൻ പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (383/22) | എസ്റ്റിമേറ്റ് ഫയലിലില്ല | 2110025201330099O452/07.02.2022 | 300000 |
| 12 | കുഴിക്കണ്ടം വാർഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (519/22) | എസ്റ്റിമേറ്റ് ഫയലിലില്ല | XVFC/2021-22/P/96/30.03.2022 | 300000 |
| 13 | പളിയകുടി രാജാത്തി പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | എസ്റ്റിമേറ്റ് | 21100252013300990456/07.02.2022 | 398000 |

| | | | | |
|---|---|---|---|---|
| | (382/22) | ഫയലിലില്ല | | |
| 14 | മന്നാകുടി നടപ്പാത പൈപ്പ്ലൈൻ എക്സ്റ്റൻഷൻ - വാർഡ് 11 (271/22) | 2021/19014 | XVFC/2021-22/P/30/28.02.2022 | 400000 |
| 15 | ഒസാദ്പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 8 (262/22) | 2021/19020 | XVFC/2021-22/P/33/28.02.2022 | 100000 |
| 16 | വൈറ്റ് ഹൌസ് ഭാഗം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ - വാർഡ് 11 (267/22) | എസ്റ്റിമേറ്റ് ഫയലിലില്ല | XVFC/2021-22/P/29/28.02.2022 | 100000 |
| 17 | വലിയകണ്ടം കണ്ണൻപടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ - വാർഡ് 14 (278/22) | 2021/19009 | XVFC/2021-22/P/34/28.02.2022 | 100000 |
| 18 | കമ്പിപ്പാലം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് - 12 (272/22) | 2021/19013 | XVFC/2021-22/P/24/28.02.2022 | 150000 |
| 19 | സൊസൈറ്റിപ്പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ - വാർഡ് 12 (273/22) | 2021/19012 | XVFC/2021-22/P/21/28.02.2022 | 150000 |
| 20 | അട്ടപ്പള്ളം പള്ളിപ്പറമ്പ് ഭാഗം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 15 (280/22) | 2021/19007 | XVFC/2021-22/P/28/28.02.2022 | 150000 |
| 21 | ആനക്കൽ പുതുവൽ ഡോൺബോസ്കോ ഭാഗം പൈപ്പ്ലൈൻ നീട്ടൽ വാർഡ് 15 (470/22) | എസ്റ്റിമേറ്റ് ഫയലിലില്ല | XVFC/2021-22/P/99/30.03.2022 | 150000 |
| 22 | മേക്കാട്ട്പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 5 (259/22) | 2021/17858 | XVFC/2021-22/P/94/30.03.2022 | 200000 |
| 23 | കരിവേലിപ്പടി ദേവസ്യ പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 9 (264/22) | 2021/19018 | XVFC/2021-22/P/36/28.02.2022 | 200000 |
| 24 | മുസ്ലീം പള്ളി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ - വാർഡ് 14 (275/22) | 2021/19010 | XVFC/2021-22/P/22/28.02.2022 | 200000 |
| 25 | ഹ്യൂണ്ടായ് ഭാഗം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ - വാർഡ് 14 (279/22) | 2021/19008 | XVFC/2021-22/P/32/28.02.2022 | 200000 |
| | ആകെ | | | 7098000 |

പ്രോജക്ട് നം. 282/22, 515/22, 516/22, 517/22, 471/22, 383/22, 519/22, 382/22, 267/22, 470/22 എന്നീ പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ഫയലിൽ ഇല്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ ഫയലിലില്ല. നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി പ്രത്യേകമായി മോണിറ്റർ ചെയ്യണമെന്നും KSEB, KWA, GWD തുടങ്ങിയ സ്ഥാപനങ്ങൾ കാലതാമസം കൂടാതെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം അതത് തദ്ദേശ

സ്ഥാപനങ്ങൾക്ക് നൽകണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.03.2022ലെ ഡിഎ1/64/22 സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/തീ. 09.03.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ₹70,98,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 ബിൽ ഓഫ് സപ്ലൈ നൽകിയ സ്ഥാപനം ജി.എസ്.ടി. ഈടാക്കി

അങ്കണവാടി പോഷകാഹാര വിതരണത്തിനായി ന്യൂട്രിമിക്സ് വാങ്ങിയതിന് ജി.എസ്.ടി. ഈടാക്കുവാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. അധികമായി നൽകിയതുമൂലം ₹90,980/- സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്.

| പ്രോജക്റ്റിന്റെ പേര് | ബിൽ നം./ചെക്ക് നം./തീയതി | തുക (₹) | ഫണ്ട് |
|---|---|---|---|
| അങ്കണവാടി പോഷകാഹാരം ജനറൽ (2/22) | 2110025200860014134/28.06.2021 | 1072831 | വികസന ഫണ്ട് പൊതുവിഭാഗം |
| | 2110025200860296593/12.08.2021 | 508298 | |
| | 2110025200860776949/22.12.2021 | 1036830 | |
| | 21100252008601360371/17.03.2022 | 322385 | |
| | 21100252008601003402/25.01.2022 | 157182 | |
| | 21100252008601127516/15.02.2022 | 169785 | |
| അങ്കണവാടി പോഷകാഹാരം എസ്.സി.പി (3/22) | 21100252008600489507/07.10.2021 | 227501 | വികസന ഫണ്ട് പട്ടികജാതി വിഭാഗം |

CGST Act, 2017ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ Tax Invoice-ന് പകരം Bill Of Supply ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഇടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ ₹73.50/-(₹70.00 + ₹3.50)യാണ് വില. എന്നാൽ, ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് എ-വൺ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, അമരാവതി എന്ന സ്ഥാപനം Bill Of Supply നൽകിയിട്ടുള്ളതെങ്കിലും 5 ശതമാനം ജി.എസ്.ടി.-യും ഈടാക്കിയിട്ടുണ്ട്. സ്ഥാപനം നൽകിയിട്ടുള്ള Bill Of Supplyയിൽ ജി.എസ്.ടി. ഈടാക്കുവാൻ അർഹതയില്ലെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ 32AAYFA5861D1ZC പ്രകാരം Composite Tax Payer ആണ്. ജി.എസ്.ടി-യും ഈടാക്കിയത് കാരണം ₹90,980/- അധികമായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | Bill Of Supply നം/തിയതി | വാങ്ങിയ അളവ് | ന്യൂട്രിമിക്സിന്റെ വില (₹), ജി.എസ്.ടി (5%) ഉൾപ്പടെ | അകെ ഈടാക്കിയ തുക (₹) | ഈടാക്കാവുന്ന തുക (₹70/-) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|
| 1 | 32/22.04.2021 | 2043.00 | 73.50 | 150160 | 143010 | 7150 |
| 2 | 33/28.05.2021 | 2390.00 | 73.50 | 175665 | 167300 | 8365 |
| 3 | 34/28.06.2021 | 2049.00 | 73.50 | 150601 | 143430 | 7171 |
| 4 | 45/29.07.2021 | 2411.00 | 73.50 | 177208 | 168770 | 8438 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 47/11.08.2021 | 2040.00 | 73.50 | 149940 | 142800 | 7140 |
| 6 | 60/20.10.2021 | 1953.00 | 73.50 | 143545 | 136710 | 6835 |
| 7 | 68/23.11.2021 | 2331.00 | 73.50 | 171328 | 163170 | 8158 |
| 8 | 69/28.02.2022 | 4236.00 | 73.50 | 311346 | 296520 | 14826 |
| 9 | 73/23.12.2021 | 2010.00 | 73.50 | 147735 | 140700 | 7035 |
| 10 | 77/27.01.2022 | 2310.00 | 73.50 | 169785 | 161700 | 8085 |
| 11 | 59/22.09.2021 | 2222.00 | 73.50 | 163317 | 155540 | 7777 |
| | | | ആകെ | 1910630 | 1819650 | 90980 |

സ്ഥാപനം ഈടാക്കിയ ജി.എസ്.ടി. സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികമായി ഈടാക്കിയ തുക എ-വൺ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, അമരാവതിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ₹90,980/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച് -

കുമളി ഗ്രാമപഞ്ചായത്തിലെ മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലേക്ക് ₹9,15,712/-യുടെ സാധന സാമഗ്രികൾ തങ്കമണിയിലുള്ള നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും നാളിതുവരെയായും വിതരണം നടത്തിയിട്ടില്ല. ₹1,80,000/-യുടെ ടാർപോളിൻ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയതായും കാണുന്നു. ഇത്രയും കൂടിയ തുകയ്ക്കുള്ള ടാർപോളിൻ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല 2020-21ലും സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും ഫസ്റ്റ് എയിഡ് കിറ്റ് 89 എണ്ണവും ടാർപോളിൻ 3 എണ്ണവും വിതരണം നടത്തുവാൻ അവശേഷിക്കുന്നതായി കാണുന്നു. ഇത്രയുംനാൾ വിതരണം നടത്താതെ തന്നെ വീണ്ടും സാധന സാമഗ്രികൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത ₹9,15,712/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - യഥാസമയം മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 396/22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| ബിൽ നം./തീയതി/തുക | 1) 21100252008400581797/28.10.2021, ₹10000/- |

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങലിനായി ആകെ ₹10,000/- കേരള ഹോംകോ-യിൽ ഒടുക്കിയിരുന്നെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭിക്കാത്തത് ഡിസ്പെൻസറിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുവാൻ ഇടയുണ്ട്. ആയതിനാൽ മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തിക വർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 കുടിവെള്ള വിതരണം - രേഖകൾ ഹാജരാക്കിയില്ല

| വൗച്ചർ നമ്പർ/തീയതി | തുക ₹ |
|---|---|

| | |
|---|---|
| 22100331/16.06.2021 | 150505 |

വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് ശ്രീ. ആൽബിൻ ജോൺ എന്ന വ്യക്തിക്ക് മേൽ സൂചിത വൗച്ചർ പ്രകാരം ₹1,50,505/- നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ, വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ്. റിപ്പോർട്ട് തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ചെലവഴിച്ച ₹1,50,505/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് - ചെലവ് രേഖകൾ ഹാജരാക്കിയില്ല

526/22, കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് എന്ന പദ്ധതിയിൽ 07.03.2022ലെ 21100252013401258765 നമ്പർ ബിൽ പ്രകാരം ₹5,00,000/- കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി കാണുന്നു. റിവോൾവിംഗ് ഫണ്ട് വിതരണം നടത്തിയതിന്റെയും തിരിച്ചടവിന്റെയും കണക്ക് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 17.03.2023ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 36ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹5,00,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 വിവിധ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം നടത്തിയ ചെലവ് അവയ്ക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ തീയതി | തുക ₹ | ഇനം | തടസ്സകാരണം |
|---|---|---|---|---|
| 1 | 22100001/03.04.21 | 79450 | സെക്രട്ടറിയുടെ ശമ്പളം | മേലധികാരി ഒപ്പ് വെച്ചിട്ടില്ല |
| 2 | 22100193/25.05.21 | 32439 | പഞ്ചായത്ത് വാഹനത്തിന് ഇന്ധനം നിറച്ചത് | ബിൽ, രസീത് ഹാജരാക്കിയില്ല |
| 3 | 22100194/25.05.21 | 50868 | പഞ്ചായത്തിന്റെ ഖരമാലിന്യ വാഹനത്തിന് ഇന്ധനം നിറച്ചത് | ബിൽ, രസീത് ഹാജരാക്കിയില്ല |
| 4 | 22100417/13.07.21 | 699194 | ലൈബ്രറി സെസ്സ് ഒടുക്കിയത് | രസീത് ഹാജരാക്കിയില്ല |
| 5 | 22100421/13.07.21 | 52892 | വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കുന്നതിന് | രസീത് ഹാജരാക്കിയില്ല |
| 6 | 22100619/17.09.21 | 11072 | എൽ.ഐ.സി. പ്രീമിയം ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 7 | 22100676/21.10.21 | 79450 | സെക്രട്ടറിയുടെ ശമ്പളം | മേലധികാരി ഒപ്പ് വെച്ചിട്ടില്ല |
| 8 | 22101047/22.12.21 | 31771 | എൻ.പി.എസ്. ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 9 | 22101048/22.12.21 | 31771 | എൻ.പി.എസ്. ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 10 | 22101112/30.12.21 | 121250 | എൻ.ആർ.ഇ.ജി. – കമ്പ്യൂട്ടർ വാങ്ങി നൽകിയത് | കൈപ്പറ്റ് വിവരം ഹാജരാക്കിയില്ല |
| 11 | 22101146/25.01.22 | 80998 | സെക്രട്ടറിയുടെ ശമ്പളം | മേലധികാരി ഒപ്പ് വെച്ചിട്ടില്ല |
| 12 | 22101158/25.01.22 | 31000 | ശബരിമല ജോലിക്കായി നിയമിച്ചത് | വൗച്ചറുകൾ ഹാജരാക്കിയില്ല |
| 13 | 22101201/25.01.22 | 30835 | എൻ.പി.എസ്. ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 14 | 22101202/25.01.22 | 30835 | എൻ.പി.എസ്. ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 15 | 221012227/25.01.22 | 16176 | വാഹന ഇൻഷുറൻസ് പുതുക്കുന്നതിനായി പിൻവലിച്ചത് | രസീത് ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| 16 | 22101256/23.02.22 | 20065 | ദിവസ വേതന ഡ്രൈവറുടെ ശമ്പളം | മസ്റ്റർ റോൾ ഹാജരാക്കിയില്ല |
| 17 | 22210259/23.02.22 | 14500 | മുരിക്കടി ക്ളീനിംഗ് തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിന് | മസ്റ്റർ റോൾ ഹാജരാക്കിയില്ല |
| 18 | 22210260/23.02.22 | 189000 | മുരിക്കടി ക്ളീനിംഗ് തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിന് | മസ്റ്റർ റോൾ ഹാജരാക്കിയില്ല |
| 19 | 22101285/24.02.22 | 30553 | എൻ.പി.എസ്. ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 20 | 22101285/24.02.22 | 30553 | എൻ.പി.എസ്. ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 21 | 22101394/03.03.22 | 20065 | ദിവസ വേതന ഡ്രൈവറുടെ ശമ്പളം | മസ്റ്റർ റോൾ ഹാജരാക്കിയില്ല |
| 22 | 22101460/08.03.22 | 30553 | എൻ.പി.എസ്. ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 23 | 22101461/08.03.22 | 30553 | എൻ.പി.എസ്. ഒടുക്കിയത് | ചെലാൻ ഹാജരാക്കിയില്ല |
| 24 | 22101682/17.03.22 | 41306 | പഞ്ചായത്ത് വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി പിൻവലിച്ചത് | രസീത് ഹാജരാക്കിയില്ല |
| | ആകെ | 1787149 | | |

മേൽ പറഞ്ഞിരിക്കുന്നവയ്ക്ക് ഉപോൽബലകമായ രേഖകൾ ഹാജരാക്കാത്തതിനാൽ ₹17,87,149/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 കാലി വീപ്പയുടെ വില ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കരാറുകാർക്ക് നൽകിയ അന്തിമ ബിൽ തുകയിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ തുക ₹ | കരാറുകാരൻ & അളവ് ബുക്ക് | പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ച ബിറ്റുമിൻ (ബാരൽ) | കാലി വീപ്പയുടെ വിലയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ₹ | | ബിൽ നം./ തീയതി & തുക ₹ |
|---|---|---|---|---|---|---|
| | | | | കാലി വീപ്പ@ ₹238/barrel | GST 18% | |
| മദർ തെരേസ റോഡ് (364/22) | 500000 | മനോജ് എൻ.കെ 594/2020-21 | 16 ബാരൽ (VG30-1542.1kg, SS1-652.86kg, RS1-211.2kg) | 3808 | 685 | 21100252013500280943/ 09.08.21 ₹482119/- |
| അട്ടപ്പള്ളം കുര്യൻ കോളനി റോഡ് ( 312/22) | 500000 | സിനി സന്തോഷ് 14/21-22 | 19 (VG30-2250.36kg; RS1244.38kg, | 4522 | 814 | വൗച്ചർ നം. 22101798/31.03.22; ₹449052/- |

| | | | | | | |
|---|---|---|---|---|---|---|
| | | | SS1-420.75kg) | | | |
| എക്സ്ചേഞ്ച് പടി ടവർ റോഡ് (432/22) | 500000 | മനോജ് എൻ.കെ 553/21-22 | 14 (VG30-1395.7kg; RS1-181.96kg, SS1-562.28kg) | 3332 | 600 | വൗച്ചർ നം. 22101798/31.03.22; ₹496539/- |
| മുരിക്കടി കര്യൻ കോളനി റോഡ് (112/22) | 500000 | മുരളീധരൻ നായർ 131/21-22 | 23 ബാരൽ (VG30-2464.88kg; RS1-257,27kg, SS1-347.82kg) | 5474 | 985 | 2110025201350 1178918/ 22.02.22; ₹402698/- |
| | | | ആകെ | 17136 | 3084 | |

ടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.26/തീ. 16.03.23) മറുപടി നൽകിയിട്ടില്ല. കാലി വീപ്പയുടെ വിലയിനത്തിലുള്ള നഷ്ടം ₹20,220/- ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-36 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2021-22ൽ ആവിഷ്കരിച്ച പദ്ധതികളിൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ടെണ്ടർ രേഖകൾ, ടാക്സ് ഇൻവോയ്സുകൾ എന്നിവ വ്യാജമായി ചമച്ച് 17 പ്രോജക്ടുകൾക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹77,18,919/- ചെലവഴിച്ചു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തീയതി | ചെലവ് (₹) |
|---|---|---|---|---|
| 1 | ഓടമേട് വാർഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (403/22) | 495000 | 21100252013300645802/20.11.2021 | 485000 |
| 2 | വെള്ളാരംകുന്ന് വാർഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (407/22) | 495000 | 21100252013300645805/20.11.2021 | 485000 |
| 3 | സ്പ്രിംഗ്‌വാലി വാർഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (408/22) | 495000 | 21100252013300645807/22.11.2021 | 485000 |
| 4 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 13 (253/22) | 495000 | 21100252013300467836/05.10.2021 | 495000 |
| 5 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 6 (254/22) | 495000/- | 21100252013300467838/05.10.2021 | 495000 |
| 6 | കൊല്ലംപട്ടട വാർഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (257/22) | 495000 | 21100252013300832346/24.12.2021 | 495000 |
| 7 | റോസാപൂക്കണ്ടം വാർഡിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (474/22) | 495000 | 21100252013301107726/14.02.2022 | 477000 |
| 8 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 618 (476/22) | 495000 | 21100252013301107739/14.02.2022 | 477000 |
| 9 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 3, വാർഡ് 19 (141/22) | 425000 | 21100252013300092474/15.06.2021 | 424991 |
| 10 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 9, വാർഡ് 17 (142/22) | 425000 | 21100252013300092431/15.06.2021 | 424991 |
| 11 | അട്ടപ്പള്ളം പത്തുമുറി വാർഡുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (144/22) | 425000 | 21100252013300092436/15.06.2021 | 424991 |
| 12 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -15 (145/22) | 425000 | 21100252013300092440/15.06.2021 | 424991 |
| 13 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 425000 | 21100252013300092442/15.06.2021 | 424991 |

| | | | | |
|---|---|---|---|---|
| | വാർഡ് -17 (149/22) | | | |
| 14 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -9 (161/22) | 425000 | 211002520133000924444/15.06.2021 | 424991 |
| 15 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -2, വാർഡ് -9 (162/22) | 425000 | 211002520133000924446/15.06.2021 | 424991 |
| 16 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് – 8 (166/22) | 425000 | 211002520133000924449/15.06.2021 | 424991 |
| 17 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -4 (167/22) | 425000 | 211002520133000924451/15.06.2021 | 424991 |
| | ആകെ | 7785000 | | 7718919 |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി അഞ്ച് ലക്ഷത്തിൽ താഴെ അടങ്കലിൽ 17 പ്രോജക്ടുകളായാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്. 12.05.2015ലെ സ.ഉ(സാധാ)നം.13/2015/ഐ.ടി.ഡി. പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ഇ-ടെണ്ടർ നടപടികൾ മാത്രമേ സ്വീകരിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒരേ തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നതിന് പല പദ്ധതികൾ ആവിഷ്കരിച്ച നടപടി ക്രമവിരുദ്ധമാണ്. ഇ-ടെണ്ടർ നടപടി ക്രമങ്ങളിൽ നിന്നും ഒഴിവാകുന്നതിന് വേണ്ടിയാണ് ഇത്തരം ക്രമവിരുദ്ധ നടപടി സ്വീകരിച്ചിട്ടുള്ളത്. ഒരേ ടെണ്ടർ നോട്ടീസിലൂടെ വിവിധ പ്രോജക്ടുകൾക്ക് വ്യത്യസ്ത ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്ട് അംഗീകരിച്ച തീയതി | ടെണ്ടർ ക്ഷണിച്ച തീയതി | പ്രോജക്ടുകൾ | സ്പെസിഫിക്കേഷൻ |
|---|---|---|---|---|
| എ2-161/ 2021-22 | 02.02.2021 (1-4) | 20.04.2021 | 141/22, 142/22 , 144/22, 145/22, 149/22, 161/22, 162/22, 166/22, 167/22 | LED Light 30 W Models, Solar Panel Poly Crystalline 150w/Mono 100 W, Battery Capacity Minimum 80 Ah Lithium Ion/Lifep04 Battery, Output 2000/2500 Lumen Li/gt Mounting Height 6m Above Ground Level Minimum 3'postlight Backup Time Full Night, Warranty Period Minimum 3 Year |
| എ2-161/ 2021-22 | 02.02.2021 (1-4) | 21.05.2021 | 253/22, 254/22, 257/22 | LED Light 50 W Models, Solar 1000+gst Panel Poly-crystalline 150w/Mono 100 W, Battery Capacity Minimum 80 Ah Lithium-ion/Lifep04 Battery, Output 2000/2500 Lumen Li/gt Mounting Height 6m Above Ground Level Minimum 3'postlight Backup Time Full Night, Warranty Period Minimum 3 Year |
| എ2-161/ 2021-22 | 02.02.2021 (1-4) | 02.10.2021 | 403/22, 407/22, 408/22 | LED Light 30 W Models, Solar Panel Poly-crystalline 150w/Mono 100 W, Battery Capacity Minimum 80 Ah Lithium Ion/Lifep04 Battery, Output 2000/2500 Lumen Li/gt Mounting Height 6m Above Ground Level Minimum 3'postlight Backup Time Full Night, Warranty Period Minimum 3 Year |
| എ2-474/ 2021-22 | 11.11.2021 (3-1) | 18.12.2021 | 474/22, 476/22 | LED Light 30 W Models, SolarPanel Poly-crystalline 150w/Mono 100 W, Battery Capacity Minimum 80 Ah Lithium-ion/Lifep04 Battery, Output 2000/2500 Lumen Li/gt Mounting Height 6m Above Ground Level Minimum 3'postlight Backup Time Full Night, Warranty Period Minimum 3 Year |

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ സർക്കുലറിലെ ഖണ്ഡിക 7.1ൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷനുകൾ, വില എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കാനായി തെരഞ്ഞെടുക്കുന്ന സ്ഥലത്തിന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറ് മരങ്ങളുടെയോ മറ്റ് കെട്ടിടങ്ങളുടെയോ നിഴൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ പതിക്കാൻ പാടില്ലയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ മോഡലുകളുടെ ബാറ്ററിയുടെ ഏറ്റവും കുറഞ്ഞ ശേഷി, സോളാർ പാനലിന്റെ വാട്ട്,

ലൂമിനി, പോസ്റ്റിന്റെ ഉയരം, അടിസ്ഥാന വില എന്നിവ 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം, വ്യക്തമാക്കിയിട്ടുണ്ട്.

| മോഡൽ നം. | ഇനം | സോളാർ പാനൽ | ബാറ്ററി (മിനിമം ശേഷി+20% അനുവദനീയം | ലൂമിനി (+25% അനുവദനീയം | പോസ്റ്റിന്റെ ഉയരം | അടിസ്ഥാന വില (അഞ്ച് വർഷത്തെ വാറണ്ടി ഉൾപ്പെടെ (₹) |
|---|---|---|---|---|---|---|
| മോഡൽ 1 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 75 W | 250 Wh Lithium Ferro Phophate | 8 W | Height-4 M, Dia- 3 Inch | 35, 625 |
| മോഡൽ 2 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 150 W | 768 Wh Lithium Ferro Phophate | 20 W | Height-4 M, Dia- 4 Inch | 71,250 |
| മോഡൽ 3 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 200 W | 1152 Wh Lithium Ferro Phophate | 36 W | Height-5 M, Dia- 4 Inch | 95,000 |
| മോഡൽ 4 | സോളാർ സ്ട്രീറ്റ് ലൈറ്റ് | 600 W | 3072 Wh Lithium Ferro Phophate | 24 W 4 സെറ്റ് | Octagonal, Dia- 6 Inch | 2,85,000 |

എന്നാൽ, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ക്ഷണിച്ച ടെണ്ടർ നോട്ടീസ് പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള സോളാർ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

| | |
|---|---|
| LED Light | 30 W |
| Solar Panel | Poly Crystalline 150W/Mono 100W |
| Battery | LiFeP04 80 Ah |
| Output | 2000/2500 Lumen |
| Height | 6m |
| Warranty | 3 Years |

അനെർട്ടിന്റെ സാങ്കേതിക സഹായം തേടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 40/18.03.2023) സ്പെസിഫിക്കേഷൻ നിശ്ചയിച്ച് നൽകുന്നതിന് അനർട്ടിന് കത്ത് നൽകിയിരുന്നെന്നും എന്നാൽ അനർട്ടിൽ നിന്നും മറുപടി ലഭിച്ചില്ലെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത് വസ്തുതാപരമല്ല. 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ സോളാർ തെരുവ് വിളക്കുളുടെ സ്പെസിഫിക്കേഷൻ വ്യക്തമായി നൽകിയിട്ടുള്ളതിനാൽ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് അനർട്ടിന് പ്രത്യേക കത്തെഴുതേണ്ട ആവശ്യമില്ല. അനർട്ടിന് നൽകിയ കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുകയോ മറുപടിക്കൊപ്പം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

3. അനെർട്ട് സംസ്ഥാന തലത്തിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള സോളാർ സംവിധാനം സ്ഥാപിച്ച് നൽകുന്നതിന് എം-പാനൽ ചെയ്ത് നൽകുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച്, അനെർട്ടിൽ നിന്നും സാങ്കേതിക സഹായം ലഭ്യമാക്കി, സിസ്റ്റം സ്ഥാപിക്കേണ്ടതാണെന്നും 02.06.2017ലെ ഡി.എ-1/244/2017/തസ്വഭവ. സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 7.5(6) പ്രകാരം അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് എം-പാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സാരധിഷ്ഠിത ടെണ്ടറല്ല ക്ഷണിച്ചിട്ടുള്ളത്. ഫയൽ പ്രകാരം ടെണ്ടറുകളിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്ടുകൾ | പങ്കെടുത്ത സ്ഥാപനങ്ങൾ |
|---|---|---|
| എ2-161/2021-22/ 20.04.2021 | 141/22, 142/22, 144/22, 145/22, 149/22, 161/22, 162/22, 166/22, 167/22 | 1. സെമികോൺ കൺട്രോൾസ്, പട്ടം<br>2. സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ<br>3. ആത്മജ ഇൻഡസ്ട്രീസ്, പാലക്കാട്<br>4. സാൻ ആന്റോണിയോ, കളമശേരി |

| | | |
|---|---|---|
| എ2-161/2021-22/<br>21.05.2021 | 253/22,<br>254/22,<br>257/22 | 1. ഇ. ജി. എൻറർപ്രൈസസ്, എറണാകുളം<br>2. സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ<br>3. ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കുമ്പനാട്<br>4.സാൻ ആന്റോണിയോ,കളമശേരി |
| എ2-161/2021-22/<br>02.10.2021 &<br>എ2-474/2021-22/<br>18.12.2021 | 403/22, 407/22,<br>408/22 &<br>474/22, 476/22 | 1. സെമികോൺകൺട്രോൾസ്,പട്ടം<br>2. സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ<br>3. ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കുമ്പനാട്<br>4. സ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പാല |

4. ടെണ്ടറിൽ പങ്കെടുത്ത ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ടെണ്ടർ ഫോം വില, ഇ.എം.ഡി., സെക്യൂരിറ്റി/നിക്ഷേപം എന്നിവ ഈടാക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച് എറണാകുളം ജില്ലാ ഇൻഡസ്ട്രീസ് സെന്റർ മാനേജർ നൽകിയ സാക്ഷ്യപത്രത്തിന്റെ കാലാവധി കഴിഞ്ഞതാണെങ്കിലും ആയവ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | സർട്ടിഫിക്കറ്റ് നം. | ഇളവ് അവസാനിച്ച തീയതി |
|---|---|---|
| സെമികോൺ കൺട്രോൾസ്, പട്ടം | DICEKM/2514/2020-A8/03.09.2020 | 02.09.2021 |
| സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ | DICEKM/1041/2020-A8/08.08.2020 | 07.02.2021 |
| ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കുമ്പനാട് | DICEKM/1625/2020-A8/06.07.2020 | 06.06.2021 |

എ2-161/2021-22/21.05.2021 നോട്ടീസ് പ്രകാരം ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള ഇ.ജി. എൻറർപ്രൈസസ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ ഫോം വില, ഇ.എം.ഡി., സെക്യൂരിറ്റി നിക്ഷേപം എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങളില്ല.

ടെണ്ടർ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ചിട്ടില്ല. കൂടാതെ എല്ലാ സ്ഥാപനങ്ങളും ടെണ്ടർ രേഖകൾ ഒരേ ദിവസം തന്നെ വാങ്ങി പഞ്ചായത്തിന് സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ചത് കോവിഡ്-19 കാരണം ലോക്ഡൗൺ ആയിരുന്ന സമയത്താണ്. കൂടാതെ എല്ലാ ടെണ്ടറുകളും തപാൽ മാർഗ്ഗമല്ലാതെ നേരിട്ട് വാങ്ങി തിരികെ നൽകിയിരിക്കുന്നതും ടെണ്ടർ രേഖകൾ കൃത്രിമമായി സൃഷ്ടിച്ചതിന് തെളിവാണ്.

5. സ്ഥാപനങ്ങൾ ടെണ്ടർ ഫോമിനൊപ്പം സമർപ്പിച്ചിട്ടുള്ള പ്രാഥമിക കരാറിൽ എർപ്പെടുന്നതിനുള്ള സ്റ്റാമ്പ് പേപ്പറുകളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. 2019 മുതൽ വാങ്ങിയ മുദ്രപ്പത്രങ്ങളാണ് സ്ഥാപനങ്ങൾ ടെണ്ടറിനൊപ്പം സമർപ്പിച്ചത്. ടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളും ഒരേ രീതിയിൽ 2019, 2020 വർഷങ്ങളിലെ മുദ്രപ്പത്രങ്ങൾ സമർപ്പിച്ചിട്ടുള്ളത് വ്യാജമായി ടെണ്ടർ രേഖകൾ സൃഷ്ടിച്ചതിന് തെളിവാണ്. സ്ഥാപനങ്ങൾ വാങ്ങിയ മുദ്രപ്പത്രങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | സെമികോൺ കൺട്രോൾസ്, പട്ടം | സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ | ആത്മജ ഇൻഡസ്ട്രീസ്, പാലക്കാട് | സാൻ ആന്റോണിയോ, കളമശേരി | ഇ.ജി എൻറർ പ്രൈസസ്, എറണാകുളം | ലൈറ്റ്കിംഗ് എന്റർ പ്രൈസസ്, കമ്പനാട് |
|---|---|---|---|---|---|---|
| 141/22 | CK308100, 308096/ 01.02.2021 | CK762307/ 05.11.2019, 308097/ 11.02.2020 | CC472241, 472240, 472248, 472247/ 09.03.2021 | BX568712, 568711/ 26.06.2020, CR062373/ 12.06.2020 | | |
| 142/22 | BX568896, 568895, 568894, 568893/ 26.06.2020 | CR062387, 062385/ 12.06.2020 | BZ996072, 996071/ 10.03.2021, CC472239, 472238/ 09.03.2021 | BX568731, 568728, 568727, 568724/ 26.06.2020 | | |
| 144/22 | BX568759, 568758, 568903, 568902/ 26.06.2020 | BX568841, 568883, 568842/ 26.06.2020, BZ996066/ 10.03.2021 | BZ996060, 996067/ 10.03.2021 | CC547646, 547647, 547645/ 05.03.2021 | | |
| 145/22 | CV550518/ 29.01.2021, BZ996075, 996074/ 10.03.2021 | BX568814, 568734/ 26.06.2020, BZ996077, 996076/ 10.03.2021 | CR062371, 062370/ 12.06.2020 | CC547636, 547638, 547637, 547644/ 05.03.2021 | | |
| 149/22 | BX568766, 568772, 568771, 568770/ 26.06.2020 | BX568709, 568708, 568707, 568706/ 26.06.2020 | CR062388, 062389/ 12.06.2020 | CC547645, 547643, 547634, 547635/ 05.03.2021 | | |
| 161/22 | CK762306/ 05.11.2019, CB815967/ 04.09.2021 | CC473586, 473585, 473584, 473583/ 22.03.2021 | CC472236, 472222, 472217/ 09.03.2021 | CC473611, 473606, 473601/ 22.03.2021 | | |
| 162/22 | BX568900, 568899, 568897, 568896/ 26.06.2020 | BX568723, 568722, 568721, 568720/ 26.06.2020 | CC472237, 472235, 472243, 472242/ 09.03.2021 | BX568719, 568716, 568715, 568714/ 20.06.2020 | | |
| 166/22 | CC473593, 473591, 473592/ 22.03.2021 | DF511731, 511732/ 09.07.2021 | BZ99065, 99064, 99063, 99062/ 10.03.2021 | DF511733, 511734/ 09.07.2021 | | |
| 167/22 | DF511738, 511739/ 09.07.2021 | DF511737, 511729/ 09.07.2021 | DF511741, 511742/ 09.07.2021 | മുദ്രപ്പത്രം ഫയലിലില്ല | | |
| 254/22 | | CR062381, 062380/ 12.06.2020 | | CC547649, 547650, 547651, 547652/ 05.03.2021 | BX568971, 568972, 568975, 568967/ 26.06.2020 | BZ996086, 996087, 996092/ 10.03.2021, BX568978/ 26.06.2020 |
| 257/22 | | CR062382, 062375/ 12.06.2020 | | CC547653, 547654, 547655, 547648/ 05.03.2021 | BX568970, 568977, 568973, 568968/ 26.06.2020 | BX568976/ 26.06.2020, BZ996089, 996088, 996085/ 10.03.2021 |

| | | | | | | |
|---|---|---|---|---|---|---|
| 253/22 | | CR062386, 062376/ 12.06.2020 | | CC547656, 547657, 547658, 547659/ 05.03.2021 | BX568974/ 26.06.2020, CK762323/ 05.03.2019, CC547679, 547681/ 05.03.2021 | BZ996091, 996090, 996093/ 10.03.2021 |

പ്രോജക്റ്റ് നം. 403/22, 407/22, 408/22, 474/22, 476/22 എന്നിവയുടെ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ പ്രാഥമിക കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രാഥമിക ഉടമ്പടി വെയ്ക്കാത്ത സ്ഥാപനങ്ങളുടെ ടെണ്ടർ അംഗീകരിച്ചത് ക്രമവിരുദ്ധമാണ്.

6. 06.02.2018ലെ സ.ഉ.(സാധാ)നം.348/2018/തസ്വഭവ. പ്രകാരം സോളാർ എനർജി പ്രോജക്റ്റുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായും ജില്ലാ എഞ്ചിനീയർ അനെർട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് എന്നിവർ അംഗങ്ങളുമായി രൂപീകരിക്കുന്ന കമ്മിറ്റി അക്ഷയോർജ്ജ പ്രോജക്റ്റുകൾ പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ നിർവ്വഹണം പൂർത്തിയായാൽ അനെർട്ട് ജില്ലാ എഞ്ചിനീയറുടെ പരിശോധന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. അനർട്ടിന്റെ സാങ്കേതിക സഹായം തേടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 40/18.03.2023) സ്പെസിഫിക്കേഷൻ നിശ്ചയിച്ച് നൽകുന്നതിന് അനർട്ടിന് കത്ത് നൽകിയിരുന്നെന്നും എന്നാൽ അനെർട്ടിൽ നിന്നും മറുപടി ലഭിച്ചില്ലെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, അനെർട്ടിന് നൽകിയ കത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുകയോ മറുപടിക്കൊപ്പം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

7. വിവിധ പ്രോജക്റ്റുകളുടെ ടെണ്ടർ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്റ്റ് നം. | ടെണ്ടറിൽ വിജയിയായ സ്ഥാപനം | ഒരു യൂണിറ്റിന് ക്വോട്ട് ചെയ്ത തുക (₹) | പഞ്ചായത്ത് കമ്മിറ്റി തീരുമാനം |
|---|---|---|---|---|
| എ2-161/ 2021-22/ 20.04.2021 | 141/22, 142/22, 144/22, 145/22, 149/22, 161/22, 162/22, 166/22, 167/22 | സാൻ ആന്റോണിയോ, കളമശേരി | 35416 | 12.05.2021 (2-1) |
| എ2-161/ 2021-22/ 21.05.2021 | 253/22, 254/22, 257/22 | സാൻ ആന്റോണിയോ, കളമശേരി | 55450 | 21.06.2021 (3-4) |
| എ2-161/ 2021-22/ 02.10.2021 | 403/22, 407/22, 408/22 | സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പാല | 48500 | 02.11.2021 (3-1) |
| എ2-474/ 2021-22/ 18.12.2021 | 474/22, 476/22 | സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പാല | 47750 | 29.01.2022 (3-3) |

ഒരേ സ്പെസിഫിക്കേഷനിലുള്ള തെരുവ് വിളക്കുകൾക്ക് യൂണിറ്റൊന്നിന് സാൻ ആന്റോണിയോ എന്ന സ്ഥാപനം 05/2021ൽ ₹35,416/- ക്വോട്ട് ചെയ്തപ്പോൾ 21.06.2021ൽ ക്വോട്ട് ചെയ്തത് ₹55,000/- ആണ്. കേവലം ഒരു മാസത്തിനുള്ളിൽ ഒരു യൂണിറ്റ് തെരുവ് വിളക്കിന് ₹20,034/- അധികരിച്ചത് അംഗീകരിക്കുവാൻ സാധിക്കില്ല. വിലയിൽ വലിയ വ്യതിയാനം ഉണ്ടായിട്ടും സ്ഥാപനവുമായി നെഗോസേഷ്യൻ നടത്താതെ ടെണ്ടർ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. സുതാര്യത ഇല്ലാതെ ടെണ്ടർ നടപടികളിൽ സ്വീകരിച്ചതിനാലാണ് പഞ്ചായത്ത് ഫണ്ടിന് വലിയ നഷ്ടം വന്നത്.

തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് സാൻ ആന്റോണിയോ, കളമശേരി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ പരിശോധിച്ചതിൽ പ്രോജക്റ്റ് നം. 144/22, 145/22 എന്നിവയ്ക്ക് ഒരേ ബില്ലുകളാണ് സമർപ്പിച്ചിട്ടുള്ളത്. പ്രോജക്റ്റ് നം. 141/22ന്

23.06.2021ലെ നം.SAC00110 ബിൽ സമർപ്പിച്ചപ്പോൾ 23.05.2021ൽ നൽകിയ ബില്ലുകൾ SAC00110 സീരിയൽ നമ്പറിന് ശേഷമുള്ളതാണ്. പ്രോജക്ട് നം.166ന് സമർപ്പിച്ചിട്ടുള്ള ബിൽ മേൽ സീരിയലിന് വ്യത്യസ്തമായി SAC2/23.05.2021 സീരിയലിലും പ്രോജക്ട് നം.257 സമർപ്പിച്ചിട്ടുള്ള ബിൽ 710/28.09.2021 എന്ന വ്യത്യസ്ത നമ്പറിലുമാണ്. 2020-21 ഓഡിറ്റിനോട് അനുബന്ധിച്ച് ലഭ്യമാക്കിയ എറണാകുളം ജില്ലാ സ്ക്വാഡ് നം.1 സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ 28.09.2022ലെ SQ1EKM/ENQ/KSA/2022-23 റിപ്പോർട്ട് പ്രകാരം എസ്.എ. (സാൻ ആന്റോണിയോ) എന്റർപ്രൈസസ് കളമശ്ശേരി എന്ന സ്ഥാപനം കുമളി ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ ജി.എസ്.ടി. ഒടുക്കിയിട്ടില്ലെന്നും ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്തിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പാലാ സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ രണ്ട് നിരക്കിലാണ് ജി.എസ്.ടി. ഈടാക്കിയിട്ടുള്ളത്. ജി.എസ്.ടി. കൗൺസിലിന്റെ 21.09.2021ലെ യോഗ തീരുമാന പ്രകാരം സോളാർ തെരുവ് വിളക്കുകളുടെ ജി.എസ്.ടി. നിരക്ക് 2021 ഒക്ടോബർ മുതൽ 5 ശതമാനത്തിൽ നിന്നും 12 ശതമാനമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ, സ്ഥാപനം 2021 നവംബറിൽ 12 ശതമാനം ജി.എസ്.ടി. ഈടാക്കിയപ്പോൾ 2022 ഫെബ്രുവരിയിൽ 5 ശതമാനം ജി.എസ്.ടി. ആണ് ഈടാക്കിയിട്ടുള്ളത്. ഒരേ സ്ഥാപനം വ്യത്യസ്ത നിരക്കിൽ ജി.എസ്.ടി. ഈടാക്കിയതായി ബില്ലിൽ കാണിച്ചിട്ടുള്ളത് ടെണ്ടർ നടപടികളിൽ കൃത്രിമം നടന്നതിന് തെളിവാണ്. കൂടാതെ, സ്ഥാപനത്തിന്റെ ബില്ലുകളുടെ സീരിയൽ നമ്പറുകളും വ്യത്യസ്തമാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | സ്ഥാപനം | ബിൽ നം./തീയതി | യൂണിറ്റ് | ഒരു യൂണിറ്റിന്റെ വില ₹ | ബിൽ തുക ₹ | ജി.എസ്.ടി നിരക്ക് |
|---|---|---|---|---|---|---|---|
| 1 | 141/22 | സാൻ ആന്റോണിയോ, കളമശേരി | SAC00110/ 23.06.2021 | 12 | 35416 | 424991 | 5% |
| 2 | 142/22 | | SAC00111/ 23.05.2021 | 12 | 35416 | 424991 | 5% |
| 3 | 144/22 | | SAC00116/ 23.05.2021 | 12 | 35416 | 424991 | 5% |
| 4 | 145/22 | | SAC00116/ 23.05.2021 | 12 | 35416 | 424991 | 5% |
| 5 | 149/22 | | SAC00113/ 23.05.2021 | 12 | 35416 | 424991 | 5% |
| 6 | 161/22 | | SAC00115/ 23.05.2021 | 12 | 35416 | 424991 | 5% |
| 7 | 162/22 | | SAC00114/ 23.05.2021 | 12 | 35416 | 424991 | 5% |
| 8 | 166/22 | | SAC2/ 23.05.2021 | 12 | 35416 | 424991 | 5% |
| 9 | 167/22 | | SAC00117/ 23.05.2021 | 12 | 35416 | 424991 | 5% |
| 10 | 253/22 | | SAC00120/ 20.12.2021 | 9 | 55000 | 495000 | 5% |
| 11 | 254/22 | | SAC00119/ 20.12.2021 | 9 | 55000 | 495000 | 5% |
| 12 | 257/22 | | 710/ 28.09.2021 | 9 | 55000 | 495000 | 5% |
| 13 | 403/22 | സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പാല | 00005/ 02.11.2021 | 10 | 48500 | 485000 | 12% |
| 14 | 407/22 | | 00007/ 02.11.2021 | 10 | 48500 | 485000 | 12% |
| 15 | 408/22 | | 00006/ 02.11.2021 | 10 | 48500 | 485000 | 12% |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 474/22 | | A000016/ 08.02.2023 | 10 | 47700 | 477000 | 5% |
| 17 | 476/22 | | A000015/ 08.02.2023 | 10 | 47700 | 477000 | 5% |

8. ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചുവെന്നത് സംബന്ധിച്ച രേഖകൾ ഫയലില്ല. കൂടാതെ, വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക്/ആസ്തി രജിസ്റ്ററുകളിലും തെരുവ് വിളക്കുകളുടെ രജിസ്റ്ററുകളിലും രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കിയതിനാലും മുകളിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ കാരണവും പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹77,18,919/- തടസപ്പെടുത്തുന്നു. സോളാർ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. തുക പ്രോജക്ടുകൾ അംഗീകരിച്ച ഭരണ സമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തപക്ഷം 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-37 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 2021-22ൽ ആവിഷ്കരിച്ച പദ്ധതികൾ പ്രകാരം മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ടെണ്ടർ രേഖകൾ, ടാക്സ് ഇൻവോയ്സുകൾ എന്നിവ വ്യാജമായി ചമച്ച് ഏഴ് പ്രോജക്ടുകൾക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹31,52,500/- ചെലവഴിച്ചു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തീയതി | ചെലവ് (₹) |
|---|---|---|---|---|
| 1 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -811 (255/22) | 495000 | 21100252013300832332/24.12.2021 | 487250 |
| 2 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -13 (256/22) | 495000 | 21100252013300832337/24.12.2021 | 487250 |
| 3 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -11 (175/22) | 495000 | 21100252013300159444/30.06.2021 | 495000 |
| 4 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -1, വാർഡ് -19 (176/22) | 495000 | 21100252013300159451/30.06.2021 | 495000 |
| 5 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -12 (168/22) | 400000 | 21100252013300159436/30.06.2021 | 396000 |
| 6 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് -10, വാർഡ് -11 (174/22) | 400000 | 21100252013300159439/30.06.2021 | 396000 |
| 7 | മിനിമാസ്റ്റ് ലൈറ്റ് വാർഡ് -16, വാർഡ് -14 വാർഡ് -2 (181/22) | 400000 | 21100252013300159457/30.06.2021 | 396000 |
| | ആകെ | 3180000 | | 3152500 |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി അഞ്ച് ലക്ഷത്തിൽ താഴെ അടങ്കലിൽ ഏഴ് പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്. 12.05.2015ലെ സ.ഉ(സാധാ)നം.13/2015/ ഐ.ടി.ഡി പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ഇ-ടെണ്ടർ നടപടികൾ മാത്രമേ സ്വീകരിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒരേ തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നതിന് പല പ്രോജക്ടുകൾ ആവിഷ്കരിച്ച നടപടി ക്രമവിരുദ്ധമാണ്. ഇ-ടെണ്ടർ നടപടി ക്രമങ്ങളിൽ നിന്നും ഒഴിവാകുന്നതിന് വേണ്ടിയാണ്

ഇത്തരം ക്രമവിരുദ്ധ നടപടി സ്വീകരിച്ചിട്ടുള്ളത്. ഒരേ ടെണ്ടർ നോട്ടീസിലൂടെ വിവിധ പ്രോജക്ടുകൾക്ക് വ്യത്യസ്ത ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്ട് അംഗീകരിച്ച തീയതി | ടെണ്ടർ ക്ഷണിച്ച തീയതി | പ്രോജക്ടുകൾ | സ്പെസിഫിക്കേഷൻ |
|---|---|---|---|---|
| എ2-161/ 2021-22 | 02.02.2021 (1-4) | 20.01.2021 | 175/22, 176/22, 168/22, 174/22, 181/22 | Offer For Supply, Installation Of 6M Mini Mast LED Light System Including 4 Nos. Of 80W LED Luminaries 8M 4" Class B GI Tubular Pole With Accessories Automatic ON/OFF Timer Switch ELCB, MCB, Meter Box Etc. Civil & Electrical Works Etc.- With 3 Year Warranty |
| എ2-161/ 2021-22 | 17.08.2021 (2-1) | 21.05.2021 | 255/22, 256/22 | Offer For Supply, Installation Of 6M Mini Mast LED Light System Including4 Nos. Of 80W LED Luminaries 8M 4" Class B GI Tublar Pole With Accessories Automatic ON/OFF Timer Switch ELCB, MCB, Meter Box Etc. Civil & Electrical Works Etc.- With 3 Year Warranty |

ഒരേ തരത്തിലുള്ള പദ്ധതിയ്ക്ക് വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 42/18.03.2023) വാർഷിക പദ്ധതിയുടെ ഭേദഗതികളുടെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ അംഗീകാരം ലഭിച്ചതിനാലും ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വെവ്വേറെ പ്രോജക്ടുകൾ തയ്യാറാക്കിയതിനാലുമാണ് 7 പ്രോജക്ടുകൾ നടപ്പാക്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത് വസ്തുതാവിരുദ്ധമാണ്. 5 പ്രോജക്ടുകൾക്ക് 02.02.2021ലും രണ്ട് പ്രോജക്ടുകൾക്ക് 17.08.2021ലും അംഗീകാരം ലഭിച്ചിട്ടുള്ളത്.

ഫയൽ പ്രകാരം ടെണ്ടറുകളിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്ടുകൾ | പങ്കെടുത്ത സ്ഥാപനങ്ങൾ |
|---|---|---|
| എ2-161/ 2021-22/ 20.04.2021 | 175/22, 176/22, 168/22, 174/22, 181/22 | 1. സെമികോൺ കൺട്രോൾസ്, പട്ടം<br>2. സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, എറണാകുളം<br>3. ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കുമ്പനാട്<br>4. ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ |
| എ2-161/ 2021-22/ 21.05.2021 | 255/22, 256/22 | 1. ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ<br>2. സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, എറണാകുളം<br>3. ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കുമ്പനാട്<br>4. സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ |

2. ടെണ്ടറിൽ പങ്കെടുത്ത ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ടെണ്ടർ ഫോം വില, ഇ.എം.ഡി., സെക്യൂരിറ്റി നിക്ഷേപം എന്നിവ ഈടാക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച് എറണാകുളം ജില്ലാ ഇൻഡസ്ട്രീസ് സെന്റർ മാനേജർ നൽകിയ സാക്ഷ്യപത്രത്തിന്റെ കാലാവധി കഴിഞ്ഞതാണെങ്കിലും ആയവ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | സർട്ടിഫിക്കറ്റ് നം. | ഇളവ് അവസാനിച്ച തിയതി |
|---|---|---|
| സെമികോൺ കൺട്രോൾസ്, പട്ടം | DICEKM/2514/2020-A8/03.09.2020 | 02.09.2021 |
| സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ | DICEKM/1041/2020-A8/08.08.2020 | 07.02.2021 |
| ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കുമ്പനാട് | DICEKM/1625/2020-A8/06.07.2020 | 06.06.2021 |

എ2-161/2021-22/21.05.2021 പ്രകാരം ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ ഫോം വില, ഇ.എം.ഡി., സെക്യൂരിറ്റി നിക്ഷേപം എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങളില്ല. ടെണ്ടർ വിശദംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ചിട്ടില്ല. കൂടാതെ, എല്ലാ സ്ഥാപനങ്ങളുടെയും ടെണ്ടർ ഫോമുകൾ ഓരേ ദിവസം തന്നെ വാങ്ങി പഞ്ചായത്തിൽ തിരികെ സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. കോവിഡ്-19 കാരണം ലോക്ഡൌണിലായിരുന്ന സമയത്താണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.കൂടാതെ, എല്ലാ ടെണ്ടറുകളും തപാൽമാർഗ്ഗമല്ലാതെ, നേരിട്ട് വാങ്ങി, തിരികെ നൽകിയിരിക്കുന്നതും ടെണ്ടർ രേഖകൾ വ്യാജമായി സൃഷ്ടിച്ചതിന് തെളിവാണ്.

3. സ്ഥാപനങ്ങൾ ടെണ്ടർ ഫോമിനൊപ്പം സമർപ്പിച്ചിട്ടുള്ള പ്രാഥമിക കരാറിൽ ഏർപ്പെടുന്നതിനുള്ള സ്റ്റാമ്പ് പേപ്പറുകളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. 2019 മുതൽ വാങ്ങിയ മുദ്രപ്പത്രങ്ങളാണ് സ്ഥാപനങ്ങൾ ടെണ്ടറിനൊപ്പം സമർപ്പിച്ചത്. ടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളും ഒരേ രീതിയിൽ 2019, 2020 വർഷങ്ങളിലെ മുദ്രപ്പത്രങ്ങൾ സമർപ്പിച്ചിട്ടുള്ളത് വ്യാജമായി ടെണ്ടർ രേഖകൾ സൃഷ്ടിച്ചതിന് തെളിവാണ്. 2021ൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ എന്ന സ്ഥാപനം 2020ലെ മുദ്രപ്പത്രം സമർപ്പിച്ചിട്ടുള്ളത് തന്നെ വ്യാജരേഖ ചമച്ചതിനുള്ള വ്യക്തമായ തെളിവാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, എറണാകുളം | സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ | ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കമ്പനാട് | ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ | സെമികോൺ കൺട്രോൾസ്, കടമ്പനാട് |
|---|---|---|---|---|---|
| 168/22 | BX568815, 568816, 568817/ 29.06.2020, BW729595/ 27.06.2020 | | BX568809, 568849, 586854, 568850/ 29.06.2020 | BX568810, 5688111, 568812, 568813/ 29.06.2020 | BX568763, 568764, 568765, 568892/ 29.06.2020 |
| 174/22 | CC473612, 473599, 473603, 473602/ 23.03.2021 | | CK308095, 308098/ 15.02.2020 | CG416029/ 03.02.2020, CR062372/ 15.06.2020 | CC4472231/ 23.03.2021, BX568762, 568760, 568761/ 27.06.2020 |
| 175/22 | CT805000/ 25.01.2021, CV550517/ 29.01.2021 | | BW729592, 729593/ 23.06.2020, BX568704, 568705/ 26.06.2020 | BW729954, 729596, 729597, 729598/ 23.06.2020 | BX568766, 568767, 568768, 568769/ 26.06.2020 |
| 176/22 | BW729600/ 23.06.2020, BX568701, 568702, 568703/ 26.06.2020 | | BW729599/ 23.06.2020, CC472234, 472233/ 09.03.2021, BZ996082/ 10.03.2021 | BZ996078, 996079, 996080, 996081/ 10.03.2021 | CV550501/ 29.01.2021, BX568844, 568845/ 26.06.2020, CC472232/ 09.03.2021 |
| 181/22 | CC473587, 473588, 473589, 473590/ 22.03.2021 | | CC473598, 473604, 473605/ 22.03.2021, BX568710/ 26.06.2020 | മുദ്രപ്പത്രം ഫയലിലില്ല | CC473594, 473595, 473596, 473597/ 22.03.2021 |
| 255/22 | CV550507, 550508/ 21.01.2021 | BX568957, 568881, 568884/ 26.06.2020, BZ996061/ 10.03.2021 | BX568826, 568827, 568828, 568829/ 26.06.2020 | BX568832, 568733, 568851, 568855/ 26.06.2020 | |
| 256/22 | CV550505, 550506/ 29.01.2021 | CR062383, 062384/ 12.06.2020 | BX568818, 568819, 268830, 568831/ 26.06.2020 | BX568852, 568856, 568808, 568732/ 26.06.2020 | |

പ്രോജക്ട് നം. 181/22 ടെണ്ടറിൽ പങ്കെടുത്ത ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ പ്രാഥമിക കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രാഥമിക ഉടമ്പടി വെയ്ക്കാത്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചത് ക്രമവിരുദ്ധമാണ്.

4. വിവിധ പ്രോജക്ടുകളുടെ ടെണ്ടർ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്ട് നം. | ടെണ്ടറിൽ വിജയിയായ സ്ഥാപനം | ഒരു യൂണിറ്റിന് ക്വോട്ട് ചെയ്ത തുക (₹) | പഞ്ചായത്ത് കമ്മിറ്റി തീരുമാനം |
|---|---|---|---|---|
| എ2-161/2021-22/ 20.04.2021 | 175/22, 176/22, 168/22, 174/22, 181/22 | ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ | 99750 | 12.05.2021 (2-1) |
| എ2-161/2021-22/ 21.05.2021 | 255/22, 256/22 | ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ | 97450 | 21.06.2021 (3-6) |

ഒരേ സ്പെസിഫിക്കേഷനിലുള്ള തെരുവ് വിളക്കുകൾക്ക് യൂണിറ്റൊന്നിന് സാൻ ആന്റോണിയോ എന്ന സ്ഥാപനം 05/2021ൽ ₹99,750/- ക്വോട്ട് ചെയ്തപ്പോൾ 21.06.2021ൽ ക്വോട്ട് ചെയ്തത് ₹97,450/-ആണ്. കേവലം ഒരു മാസത്തിനുള്ളിൽ ഒരു യൂണിറ്റ് തെരുവ് വിളക്കിന് ₹2,300/- വ്യത്യാസം വന്നിട്ടുണ്ട്. സുതാര്യത ഇല്ലാത്ത ടെണ്ടർ നടപടികളാണ് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്.

5. മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ അംഗീകരിച്ച ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ എന്ന സ്ഥാപനം ടെണ്ടറിനൊപ്പം സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ സ്ഥാപനം മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പാൻ കാർഡ് അനുവദിച്ചതും 27.05.2021നാണ്. സ്ഥാപനം ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുള്ളത് 15.07.2021ൽ മാത്രമാണ്. ടെണ്ടർ സമർപ്പിക്കുന്ന അവസരത്തിൽ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനത്തിൽ നിന്നുമാണ് തെരുവ് വിളക്കുകൾ വാങ്ങിയത്. 2017ലെ ജി.എസ്.ടി. ആക്ട് പ്രകാരം അന്തർസംസ്ഥാന ഇടപാടുകൾക്ക് ഇന്റഗ്രേറ്റഡ് ജി.എസ്.ടി. ആണ് ബാധകം. എന്നാൽ, ബിജിലിടെക് സൊല്യൂഷൻസ് എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള 255/22, 256/22 എന്നീ പ്രോജക്ടുകളുടെ ബില്ലുകളിൽ IGST ഈടാക്കിയപ്പോൾ മറ്റ് ബില്ലുകളിൽ CGST/SGST ആണ് ഈടാക്കിയിട്ടുള്ളത്. ഇതിൽനിന്നും സ്ഥാപനം സമർപ്പിച്ച ബില്ലുകൾ കൃത്രിമമാണെന്ന് വ്യക്തമാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | സ്ഥാപനം | ബിൽ നം./ തിയതി | യൂണിറ്റ് | ഒരു യൂണിറ്റിന്റെ വില ₹ | ബിൽ തുക ₹ | ജി.എസ്.ടി നിരക്ക് |
|---|---|---|---|---|---|---|
| 168/22 | ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ | AA00007/ 22.06.2021 | 4 | 99000 | 396000 | CGST 6%+ SGST 6% |
| 174/22 | | AA00009/ 22.06.2021 | 4 | 99000 | 396000 | CGST 6%+ SGST 6% |
| 175/22 | | AA00012/ 22.06.2021 | 5 | 99000 | 495000 | CGST 6%+ SGST 6% |
| 176/22 | | AA00011/ 22.06.2021 | 5 | 99000 | 495000 | CGST 6%+ SGST 6% |
| 181/22 | | AA00010/ 22.06.2021 | 4 | 99000 | 396000 | CGST 6%+ SGST 6% |
| 255/22 | | AA00004/ 12.05.2021 | 5 | 97450 | 487250 | IGST - 12% |
| 256/22 | | AA00003/ 12.05.2021 | 5 | 97450 | 487250 | IGST - 12% |

6. ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചുവെന്നത് സംബന്ധിച്ച രേഖകൾ ഫയലില്ല. കൂടാതെ, വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക്/ആസ്തി രജിസ്റ്ററുകളിലും തെരുവ് വിളക്കുകളുടെ രജിസ്റ്ററുകളിലും രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കിയതിനാലും മുകളിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ കാരണവും പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹31,52,500/- തടസപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ഉക പ്രോജക്ടുകൾ അംഗീകരിച്ച ഭരണ സമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ

നിന്നും ഈടാക്കേണ്ടതാണ്. പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തപക്ഷം 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-38 പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 2021-22ൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം എൽ.ഇ.ഡി സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ടെണ്ടർ രേഖകൾ, ടാക്സ് ഇൻവോയ്സുകൾ എന്നിവ വ്യാജമായി ചമച്ചും ആറ് പ്രോജക്ടുകൾക്ക് ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹28,81,000/- പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ചെലഴിച്ചു.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തീയതി | ചെലവ് (₹) |
|---|---|---|---|
| സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ വാർഡ് -816 (258/22) | 495000 | 21100252013300832324/24.12.2021 | 492000 |
| സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ വാർഡ് -51012 (410/22) | 498000 | 21100252013300467828/05.10.2021 | 497250 |
| സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ വാർഡ് – 121516 (412/22) | 498000 | 21100252013300467829/05.10.2021 | 497250 |
| സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ വാർഡ് -717 (413/22) | 498000 | 21100252013300467831/05.10.2021 | 497250 |
| സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ വാർഡ് -31819 (414/22) | 498000 | 21100252013300467832/05.10.2021 | 497250 |
| സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ (76/22) | 400000 | 21100252013301332198/17.03.2022 | 400000 |
| ആകെ | 2887000 | | 2881000 |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനായി അഞ്ച് ലക്ഷത്തിൽ താഴെ അടങ്കലിൽ ഏഴ് പ്രോജക്ടുകളായാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്. 12.05.2015ലെ സ.ഉ(സാധാ)നം.13/2015/ഐ.ടി.ഡി പ്രകാരം 5 ലക്ഷത്തിനു മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ഇ-ടെണ്ടർ നടപടികൾ മാത്രമേ സ്വീകരിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒരേ തരത്തിലുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് പല പ്രോജക്ടുകൾ ആവിഷ്കരിച്ച നടപടി ക്രമവിരുദ്ധമാണ്. ഇ-ടെണ്ടർ നടപടിക്രമങ്ങളിൽ നിന്നും ഒഴിവാകുന്നതിനു വേണ്ടിയാണ് പഞ്ചായത്ത് ഇത്തരം ക്രമവിരുദ്ധ നടപടി സ്വീകരിച്ചിട്ടുള്ളത്. ഒരേ ടെണ്ടർ നോട്ടീസിലൂടെ വിവിധ പ്രോജക്ടുകൾക്ക് വ്യത്യസ്ത ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളത്. വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിനു മുമ്പ് തന്നെ 410/22, 412/22, 413/22, 414/22 എന്നീ പ്രോജനടപ്പാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്ട് അംഗീകരിച്ച തിയതി | ടെണ്ടർ ക്ഷണിച്ച തിയതി | പ്രോജക്ടുകൾ | സ്പെസിഫിക്കേഷൻ |
|---|---|---|---|---|
| എ2-161/2021-22 | 02.02.2021 (1-4) | 20.01.2021 | 410/22, 412/22, 413/22, 414/22 | Supply 24w, 230 V Automatic Led Street Light With Clamp Set, Installation Charges For Led Street Light On Kseb Existing Post Including Supervision Charge, 3 Year Warranty |
| എ2-161/2021-22 | 02.02.2021 (1-4) | 21.05.2021 | 258/22 | Supply 24w, 230 V Automatic Led Street Light With Clamp Set, Installation Charges For Led Street Light On Kseb Existing Post Including Supervision Charge, 3 Year Warranty |
| എ2-161/2021-22 | 02.02.2021 (1-4) | 02.10.2021 | 76/22 | Supply 24w, 230 V Automatic Led Street Light With Clamp Set, Installation Charges For Led Street Light On Kseb Existing Post Including Supervision Charge, 3 Year Warranty |

ഒരേ തരത്തിലുള്ള പദ്ധതിയ്ക്ക് വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം. 41/18.03.2023) വാർഷിക പദ്ധതിയുടെ ഭേദഗതികളുടെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ അംഗീകാരം ലഭിച്ചതിനാലും ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകലിൽ വെവ്വേറെ പ്രോജക്ടുകൾ തയ്യാറാക്കിയതിനാലുമാണ് 14 പ്രോജക്ടുകൾ നടപ്പാക്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത് വസ്തുതാവിരുദ്ധമാണ്. എല്ലാ പ്രോജക്ടുകൾക്കും 02.02.2021 തന്നെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഫയൽ പ്രകാരം ടെണ്ടറുകളിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്ടുകൾ | പങ്കെടുത്ത സ്ഥാപനങ്ങൾ |
|---|---|---|
| എ2-161/2021-22/20.04.2021 | 410/22, 412/22, 413/22, 414/22 | 1. അലക്സ് സാമുവൽ, അമരാവതി<br>2. സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പീരുമേട്<br>3. കല്ലൂർ ഏജൻസീസ്, മുണ്ടക്കയം |
| എ2-161/2021-22/21.05.2021 | 258/22 | 1. ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ<br>2. സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, എറണാകുളം<br>3. സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ |
| എ2-161/2021-22/02.10.2021 | 76/22 | 1. ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കുമ്പനാട്<br>2. സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പാല<br>3. സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ |

2. ടെണ്ടറിൽ പങ്കെടുത്ത ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ടെണ്ടർ ഫോം വില, ഇ.എം.ഡി., സെക്യൂരിറ്റി നിക്ഷേപം എന്നിവ ഈടാക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ച് എറണാകുളം ജില്ലാ ഇൻഡസ്ട്രീസ് സെന്റർ മാനേജർ നൽകിയ സാക്ഷ്യപത്രത്തിന്റെ കാലാവധി കഴിഞ്ഞതാണെങ്കിലും ആയവ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | സർട്ടിഫിക്കറ്റ് നം. | ഇളവ് അവസാനിച്ച തീയതി |
|---|---|---|
| സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ | DICEKM/1041/2020-A8/08.08.2020 | 07.02.2021 |
| ലൈറ്റ്കിംഗ് എന്റർപ്രൈസസ്, കുമ്പനാട് | DICEKM/1625/2020-A8/06.07.2020 | 06.06.2021 |

ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, എറണാകുളം, ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ, കല്ലൂർ ഏജൻസീസ്, മുണ്ടക്കയം, സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പീരുമേട് എന്നീ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഫോം വില, ഇ.എം.ഡി, സെക്യൂരിറ്റി നിക്ഷേപം എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങളില്ല. മേൽ അപാകങ്ങളുണ്ടായിട്ടും സ്ഥാപനങ്ങളുടെ ടെണ്ടറുകൾ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പീരുമേട്, സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, എറണാകുളം എന്നീ സ്ഥാപനങ്ങളുടെ രേഖകൾ പരിശോധിച്ചതിൽ ഒരേ സീലാണ് രണ്ട് ടെണ്ടർ ഫോമുകളിലും മുദ്രപ്പത്രത്തിലും അടിച്ചിട്ടുള്ളത്.

3. സ്ഥാപനങ്ങൾ ടെണ്ടർ ഫോമിനൊപ്പം സമർപ്പിച്ചിട്ടുള്ള പ്രാഥമിക കരാറിലേർപ്പെടുന്നതിനുള്ള സ്റ്റാമ്പ് പേപ്പറുകളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. 2019 മുതൽ വാങ്ങിയ മുദ്രപ്പത്രങ്ങളാണ് സ്ഥാപനങ്ങൾ ടെണ്ടറിനൊപ്പം സമർപ്പിച്ചത്. ടെണ്ടറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളും ഒരേ രീതിയിൽ 2019, 2020 വർഷങ്ങളിലെ മുദ്രപ്പത്രങ്ങൾ സമർപ്പിച്ചിട്ടുള്ളത് വ്യാജമായി ടെണ്ടർ രേഖകൾ സൃഷ്ടിച്ചതിനു തെളിവാണ്. 2021ൽ മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള ബിജിലിടെക് സൊല്യൂഷൻസ് ബാംഗ്ലൂർ എന്ന സ്ഥാപനം 2020ലെ മുദ്രപ്പത്രം സമർപ്പിച്ചിട്ടുള്ളത് തന്നെ വ്യാജരേഖ ചമച്ചതിനുള്ള വ്യക്തമായ തെളിവാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പനി, പീരുമേട് | സൺലൈവ് കൺട്രോൾസ്, പെരുമ്പാവൂർ | അലക്സ് സാമുൽ | ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ |
|---|---|---|---|---|
| 410/22 | CV550509, 550510/29.01.2021 | | CC141342, 141343, 141344, 141345/09.03.2021 | |
| 412/22 | CV550515, 550516/27.01.2021 | | മുദ്രപ്പത്രം ഫയലിലില്ല | |
| 413/22 | CV550513, 550514/29.01.2021 | | CC141338, 141339, 141340, 141341/09.03.2021 | |

| | | | | |
|---|---|---|---|---|
| 414/22 | VC550511, 550512/29.01.2021 | | മുദ്രപ്പത്രം ഫയലിലില്ല | |
| 258/22 | CV550502, CV550503/29.01.2021 | BX568843, 568882, 566886, 568885/26.06.2020 | | BX568823, 568825, 568824, 568853/26.06.2020 |

പ്രോജക്ട് നം. 76/22 ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളൊന്നും പ്രാഥമിക കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രാഥമിക ഉടമ്പടി വയ്ക്കാത്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. എ2-161/2021-22/20.04.2021 പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കല്ലൂർ ഏജൻസീസ്, മുണ്ടക്കയം എന്ന സ്ഥാപനം ലോക്ഡൌൺ ആയതിനാൽ മുദ്രപ്പത്രം ലഭ്യമല്ലാത്തതിനാൽ പ്രാഥമിക കരാർ വയ്ക്കുവാൻ സാധിച്ചില്ലെന്ന കാണിച്ച് നൽകിയ കത്ത് അംഗീകരിച്ച് ടെണ്ടർ അംഗീകരിച്ചു. എന്നാൽ, സ്ഥാപനം അന്തിമ കരാറിൽ ഏർപ്പെട്ടിട്ടുള്ളത് 2021ൽ വാങ്ങിയ മുദ്രപ്പത്രത്തിലാണ്. പ്രോജക്ട് നം. 258/22ന് ബിജിലിടെക് സൊല്യൂഷൻസിൻ, ബാംഗ്ലൂർ എന്ന സ്ഥാപനം തുക ക്വോട്ട് ചെയ്തിട്ടില്ലെങ്കിലും സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിത് ക്രമവിരുദ്ധമാണ്.

4. വിവിധ പ്രോജക്ടുകളുടെ ടെണ്ടർ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ടെണ്ടർ നോട്ടീസ് നം. | പ്രോജക്ട് നം. | ടെണ്ടറിൽ വിജയിയായ സ്ഥാപനം | ഒരു യൂണിറ്റിന് ക്വോട്ട് ചെയ്ത തുക (₹) | പഞ്ചായത്ത് കമ്മിറ്റി തീരുമാനം |
|---|---|---|---|---|
| എ2-161/2021-22 /20.04.2021 | 410/22, 412/22, 413/22, 414/22 | കല്ലൂർ ഏജൻസീസ്, മുണ്ടക്കയം | 1941 | 12.05.2021 (2-3) |
| എ2-161/2021-22 /21.05.2021 | 258/22 | ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ | തുക ക്വോട്ട് ചെയ്തിട്ടില്ല. | 21.06.2021 (3-6) തുക ₹2300/- |
| എ2-161/2021-22 /02.10.2021 | 76/22 | സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പിനി, പാല | 2650 | 29.01.2022 (3-4) |

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ അംഗീകരിച്ച ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ എന്ന സ്ഥാപനം ടെണ്ടറിനൊപ്പം സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ സ്ഥാപനം മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും പാൻ കാർഡ് അനുവദിച്ചതും 27.05.2021നാണ്. സ്ഥാപനം ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുള്ളത് 15.07.2021ൽ മാത്രമാണ്.

തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് സ്റ്റാർലിറ്റ് ട്രേഡിംഗ് കമ്പിനി, പാല, ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ എന്നിവർ സമർപ്പിച്ചിട്ടുള്ള ബില്ലുകൾ പരിശോധിച്ചതിൽ ഇൻവോയ്സുകൾ ഒരേ സീരിയൽ നമ്പറിലുള്ളതാണ്. രണ്ട് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ബില്ലുകൾ ഓരേ സീരിയലിലും രീതിയിലും വന്നിട്ടുള്ളത് വ്യാജമായി ബില്ലുകൾ തയ്യാറാക്കിയതിനാലാണ്. കല്ലൂർ ഏജൻസീസ്, മുണ്ടക്കയം ഒരു തെരുവ് വിളക്കിന് ജി.എസ്.ടി ഉൾപ്പെടെ ₹1941/-യാണ് ക്വോട്ട് ചെയ്തത്. എന്നാൽ, തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം ഒരു യൂണിറ്റ് തെരുവ് വിളക്കിന്റെ വില ₹1950/- ആണ്. അധിക നിരക്ക് നൽകിയതിനാൽ സ്ഥാപനത്തിന് ₹9180/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | സ്ഥാപനം | ഈടാക്കിയ തുക | | | | അംഗീകരിച്ച ടെണ്ടർ പ്രകാരം | | അധികം അനുവദിച്ചത് (₹) |
|---|---|---|---|---|---|---|---|---|
| | | ബിൽ നം./ തിയതി | യൂണിറ്റ് | ഒരു യൂണിറ്റിന്റെ വില | ബിൽ തുക | ഒരു യൂണിറ്റിന്റെ വില | അനുവദിക്കാവുന്ന തുക (₹) | |
| 410/22 | കല്ലൂർ ഏജൻസീസ്, മുണ്ടക്കയം | 152/06.07.2021 | 255 | 1950 | 497250 | 1941 | 494955 | 2295 |
| 412/22 | | 146/02.07.2021 | 255 | 1950 | 497250 | 1941 | 494955 | 2295 |
| 413/22 | | 153/06.07.2021 | 255 | 1950 | 497250 | 1941 | 494955 | 2295 |
| 414/22 | | 119/22.06.2021 | 255 | 1950 | 497250 | 1941 | 494955 | 2295 |
| 258/22 | ബിജിലിടെക് സൊല്യൂഷൻസ്, ബാംഗ്ലൂർ | AA00005/ 01.12.2021 | 214 | 2299.06 | 492000 | | | |
| 76/22 | സ്റ്റാർലിറ്റ് ട്രേഡിംഗ് | AA000014/ | 151 | 2649.06 | 400000 | | | |

| | കമ്പിനി, പാല | 11.02.2022 | | | | | | |
|---|---|---|---|---|---|---|---|---|

5. ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചുവെന്നത് സംബന്ധിച്ച രേഖകൾ ഫയലില്ല. കൂടാതെ, വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക്/ആസ്തി രജിസ്റ്ററുകളിലും തെരുവ് വിളക്കുകളുടെ രജിസ്റ്ററുകളിലും രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കിയതിനാലും മുകളിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ കാരണവും പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹28,81,000/- തടസപ്പെടുത്തുന്നു.

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. തുക പ്രോജക്ടുകൾ അംഗീകരിച്ച ഭരണ സമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തപക്ഷം 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരമുള്ള നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-39 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് | ബിൽ നം./തിയതി | തുക ₹ | ഫണ്ട് |
|---|---|---|---|---|
| 1 | മാലിന്യസംസ്കരണ പ്ലാന്റിലേയ്ക്ക് അനുബന്ധ സാമഗ്രികൾ വാങ്ങൽ (492/22) | XVFC/2021-22/P/41/07.03.2021 | 475000 | ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് |
| 2 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (394/22) | XVFC/2021-22/P/55/22.03.2021 | 499950 | ധനകാര്യ കമ്മീഷൻ അൺടൈഡ് ഗ്രാന്റ് |
| | | XVFC/2021-22/P/81/24.03.2021 | 97800 | |
| | | XVFC/2021-22/P/82/24.03.2021 | 268361 | |
| | | XVFC/2021-22/P/88/24.03.2021 | 68523 | |
| 3 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ – തുടർ പ്രവർത്തനങ്ങൾ (41/22) | രേഖകൾ ലഭ്യമല്ല | 36000 | തനത് ഫണ്ട് |
| 4 | സോളാർ ലൈറ്റ് മെയിന്റനൻസ് (557/22) | രേഖകൾ ലഭ്യമല്ല | 59800 | തനത് ഫണ്ട് |
| 5 | എം.ജി.എൻ.ആർ.ജി.എ. ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ (234/22) | രേഖകൾ ലഭ്യമല്ല | 121250 | തനത് ഫണ്ട് |
| 6 | സമഗ്ര കായിക വികസന പദ്ധതി-സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണവും കായിക താരങ്ങൾക്ക് പരിശീലനവും (80/22) | XVFC/2021-22/P/42/07.03.2021 | 64428 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 7 | അമരാവതി കാരക്കണ്ടം കുടിവെള്ള പദ്ധതി (235/22) | 21100252013300706275/30.11.2021 | 199332 | വികസന ഫണ്ട്-പൊതുവിഭാഗം |
| | | ആകെ | 1890084 | |

ഫയലുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിന് 16.03.2023ൽ ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും ഫയലുകൾ

പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹1890084/- തടസപ്പെടുത്തുന്നു.

1-40 വീഡിയോ കോൺഫറൻസ് ഹാളിന് അധിക സൌകര്യങ്ങൾ ഒരുക്കൽ- കൃത്രിമമായി സ്പെസിഫിക്കേഷനുകൾ നൽകി ജെം-ലൂടെ സാധനങ്ങൾ വാങ്ങി

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം ആവിഷ്കരിച്ച് മാനദണ്ഡ വിരുദ്ധമായി നടപ്പാക്കിയ വീഡിയോ കോൺഫറൻസ് ഹാളിന് അധിക സൌകര്യങ്ങൾ ഒരുക്കൽ എന്ന പ്രോജക്ടിന് ₹24,96,170/- പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | ബിൽ നം./തീയതി | തുക ₹ |
|---|---|---|
| വീഡിയോ കോൺഫറൻസ് ഹാൾ അധികം സൌകര്യങ്ങൾ (468/22) | 21100252013301288464/11.03.2022 | 29250.00 |
| | 21100252013301283792/11.03.2022 | 225000.00 |
| | 21100252013301283883/11.03.2022 | 68250.00 |
| | 21100252013301283893/11.03.2022 | 30000.00 |
| | 21100252013301283924/11.03.2022 | 224000.00 |
| | 21100252013301283948/11.03.2022 | 174000.00 |
| | 21100252013301283988/11.03.2022 | 82400.00 |
| | 21100252013301284073/11.03.2022 | 67770.00 |
| | 21100252013301283863/11.03.2022 | 498000.00 |
| | 21100252013301283835/11.03.2022 | 332500.00 |
| | 21100252013301283846/11.03.2022 | 295000.00 |
| | 21100252013301284089/11.03.2022 | 300000.00 |
| | 21100252013301284103/11.03.2022 | 170000.00 |

വീഡിയോ കോൺഫറൻസ് ഹാളിന് അധിക സൌകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് എടുത്തിട്ടില്ല. ഭരണ സമിതിയുടെ 07.12.2021ലെ 8-1 തീരുമാനപ്രകാരം വീഡിയോ കോൺഫറൻസ് ഹാളിന് അധിക സൌകര്യങ്ങൾ ഒരുക്കുന്നതിന് പ്രോജക്ട് ജെം മുഖേന നടപ്പാക്കുന്നതിന് തീരുമാനിച്ചു. ജെം-ലൂടെ ടെണ്ടർ/ബിഡിംഗ് സ്വീകരിക്കുന്നതിന് പകരം, അഞ്ച് ലക്ഷത്തിൽ കുറവ് തുകകളായി വിഭജിച്ച് പ്രോജക്ട് നടപ്പാക്കുകയാണ് ചെയ്തത്. ഭരണ സമിതിയുടെ 28.01.2022ലെ 1-1 തീരുമാന പ്രകാരം വീഡിയോ കോൺഫറൻസ് ഹാളിന് അധിക സൌകര്യങ്ങൾ ഒരുക്കുന്നതിന് മൂന്ന് നിർമ്മാതാക്കളിൽ നിന്നും ബിഡ് വാങ്ങിയതിൽ കുറവ് തുക ക്വോട്ട് ചെയ്ത ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗകരിച്ചതായി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, അഞ്ച് ലക്ഷത്തിൽ താഴെയുള്ള പ്രോജക്ടുകളായി വിഭജിച്ച് ബിഡ് ചെയ്തതിനാൽ മത്സരം ഉറപ്പാക്കിയിട്ടില്ല. ജെം മുഖേന അഞ്ച് ലക്ഷത്തിൽ താഴെ വിലയുള്ള സാധനങ്ങളുടെ ബിഡിംഗ് നടത്തുമ്പോൾ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സാധനത്തിന്റെ മൂന്ന് വ്യത്യസ്ത സ്പെസിഫിക്കേഷനുകൾ നൽകി അതിൽ ഒരു സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ബിഡിംഗ് നടത്തി സപ്ലൈ ഓർഡർ നൽകുന്ന ഘട്ടത്തിൽ മാത്രമേ സാധനം വിതരണം ചെയ്യുന്ന ഏജൻസിയുടെ വിശദാംശങ്ങൾ അറിയുവാൻ സാധിക്കൂ. മത്സരക്ഷമത ഉറപ്പാക്കിയെന്ന് വ്യാജമായി വരുത്തി ആർ.ജെ. എന്റർപ്രൈസസ്, കോട്ടയവുമായി തെറ്റായ മാർഗ്ഗത്തിലൂടെ ഇടപെടൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ബിഡ് ചെയ്ത 21 സാധനങ്ങളും ഓരേ സ്ഥാപനത്തിൽ നിന്നും വാങ്ങണമെങ്കിൽ വിതരണ

ഏജൻസിയുമായി ചേർന്ന് ജെം-ൽ കൃത്രിമം നടത്തിയാൽ മാത്രമേ സാധിക്കൂ. വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് നൽകിയിട്ടുള്ള സവിശേഷ സ്പെസിഫിക്കേഷൻ ആർ.ജെ എന്റർപ്രൈസസ്, കോട്ടയം പഞ്ചായത്തിനു നൽകിയോ സ്ഥാപനം തന്നെ ജെം-ൽ പഞ്ചായത്തിന്റെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ജെം-ൽ സ്പെസിഫിക്കേഷനുകൾ നൽകിയാ ആണ് വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് വ്യക്തമാണ്. ജെം-ൽ കോമ്പറ്റേറ്റീവ് ബിഡിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിലില്ല. ബിഡിംഗിൽ പങ്കെടുത്തു എന്ന് ഭരണസമിതി തീരുമാനത്തിൽ പറയുന്നുണ്ടെങ്കിലും ടെണ്ടറിൽ പങ്കെടുത്ത് മറ്റ് രണ്ട് സ്ഥാപനങ്ങളുടെ വിവരങ്ങൾ പരാമർശിച്ചിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. കോമ്പറ്റേറ്റീവ് ബിഡിംഗ് നടത്തിയാൽ വിലക്കുറവ് ലഭിക്കുമായിരുന്ന സാധനങ്ങളാണ് വലിയ വിലയ്ക്ക് വാങ്ങിയിട്ടുള്ളത്

1. Plywood 18mm With Installation-₹498000/-

2. Interactive Panel (1nos)-₹332500/-

3. People Link Elite 20x Camera (1nos)-₹300000/-

4. UPS Hykon 5kv (1nos), Tubular Battery 150 Ah(10nos)-₹295000/-

5. Modular Switch (8nos)-₹2160/-

6. Studio Master Wireless Microphone-₹22900/-

7. Pvc Box Electrical (6nos)-₹1560/-

8. Office Table (1nos)-₹7500/-

9. Pvc Ceiling Light (8nos)-₹22400/-

10. PVC Door (1nos)-₹1250/-

11. People Link DSP Unit-₹170000/-

12. Chair Cushion Type (30nos)-₹225000/-

13. Gi Pipe (40nos)-₹68250

14. PVC Insulated Wires(250mtr)-₹30000/-

15. Carpet-₹224000/-

16. Rack 9U-₹7627/-

17. Amplifier Ahuja-₹20338/-

18. Ahuja Wall Speaker (As*312B)6nos-₹24915/-

19. Speaker Calble-₹16949/-

20. Voltas Invertor A/C 1.5 Ton (3nos)-₹135937/-

21. Bajaj Wall Fan (6nos)-₹24788/-

സാധനങ്ങൾ സപ്ലൈ ചെയ്ത ആർ.ജെ. എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനം 19 ഇഞ്ച് പ്ലൈവുഡാണ് ₹4,98,000/- ക്വോട്ട് ചെയ്തതെങ്കിലും സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം 18 ഇഞ്ച് പ്ലൈവുഡാണ് വിതരണം ചെയ്തിട്ടുള്ളത്. സ്ഥാപനത്തിന്റെ ബിൽ അംഗീകരിച്ച് ₹4,98,000/- നൽകിയിട്ടുണ്ട്. പ്രോജക്ടിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യാജ ബിംഡിംഗ് നടത്തി ക്രമവിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിനാൽ

പ്രോജക്ടിനായി ചെലവഴിച്ച ₹24,96,170/- തടസപ്പെടുത്തുന്നു.

1-41 ഫയലുകൾ അപൂർണ്ണം-ചെലവ് തടസപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം ആവിഷ്കരിച്ച് നടപ്പാക്കിയ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ ഫയലുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം | പ്രോജക്ട് | ബിൽ നം./തിയതി | തുക | ഫണ്ട് | പരാമർശം |
| --- | --- | --- | --- | --- | --- |
| 1 | ഘടക സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ (89/22) | 2110025201330133220б/ 15.03.2022 | 258800 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | ലഭ്യമാക്കിയ രേഖകൾ പ്രകാരം ഒരു പ്രോജക്ടിന് മൂന്ന് വ്യത്യസ്ത ക്വട്ടേഷനുകളാണ് ക്ഷണിച്ചിട്ടുള്ളത്. ഹാജരാക്കിയ രേഖകൾ അപൂർണ്ണമാണ്. |
| 2 | ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങൽവാങ്ങൽ (86/22) | 21100252013301285893/ 11.03.2022 | 150000 | വികസന ഫണ്ട്-പൊതുവിഭാഗം | കേരള ബുക്ക് മാർക്കിൽ നിന്നും വാങ്ങിയ പുസ്തകങ്ങൾ ലൈബ്രറികൾക്ക് കൈമാറി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളില്ല. |
| 3 | റോസാപ്പൂക്കണ്ടം വാർഡിൽ അംഗൻവാടിക്ക് സ്ഥലം വാങ്ങൽ (190/22) | 211002520133008938б5/ 11.01.2022 | 1360687 | വികസന ഫണ്ട്-പൊതുവിഭാഗം | സ്ഥലം വാങ്ങിയതിന് ക്ഷണിച്ച ടെണ്ടർ വിവരങ്ങൾ, സ്ഥലം പോക്കുവരവ് ചെയ്തതിന്റെ വിവരങ്ങൾ ഇല്ല |
| | ആകെ | | 1769487 | | |

ഫയലുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിന് 16.03.2023ൽ ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹17,69,487/- തടസ്സപ്പെടുത്തുന്നു.

1-42 ഇലക്ഷൻ ഡെപ്പോസിറ്റ് തുക - മുതൽ കൂട്ടിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ധനകാര്യ പത്രിക പ്രകാരം പ്രസ്തുതയിനത്തിൽ 94,500/- നീക്കിയിരിപ്പുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെങ്കര-കുരിശുമല ടൂറിസ്റ്റ് കേന്ദ്രം വാച്ച് ടവർ - കരാറുകാരന് അധികം തുക നൽകി

14.03.2018ൽ ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ച ചെങ്കര-കുരിശുമല ടൂറിസ്റ്റ് കേന്ദ്രം വാച്ച് ടവർ എന്ന പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യം ₹9,34,270/-യാണെങ്കിലും തനത് ഫണ്ടിൽ നിന്നും വിവിധ ചെക്കുകൾ പ്രകാരം ആകെ ₹9,50,080/- നൽകിയിട്ടുണ്ട്. ഒന്നും രണ്ടും പാർട്ട് ബില്ലുകളിൽ നിന്ന് കുറവ് ചെയ്തിരുന്ന റിട്ടെൻഷൻ തുക മൂന്നാം പാർട്ട് ബില്ലിൽ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക അന്തിമ ബില്ലിൽ വീണ്ടും അനുവദിച്ച് നൽകിയത് മൂലമാണ് അധികം തുക നൽകുവാനിടയായിട്ടുള്ളത്. വിശദാംശങ്ങൾ ഖണ്ഡിക 1-18ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. കരാറുകാരന് ₹15,810/- അധികം നൽകിയത് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരുവിവരം ഖണ്ഡിക 4-10(ബി)യിൽ ചേർത്തിട്ടുണ്ട്.

### 3-2 പളിയക്കടി അംഗണവാടി ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങൾ - സർക്കാർ ഉത്തരവ് പാലിക്കാത്തത് മൂലം അധികം തുക നൽകി

പളിയക്കടി അംഗണവാടി ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിനേക്കാൾ 25%ലും അധികമായി ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ആകെയുള്ള ടെണ്ടർ കുറവിന്റെ (18.86%കുറവ്) അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിക്കേണ്ടതിന് പകരം കരാറുകാരൻ ക്വോട്ട് ചെയ്ത തുകയെ അടിസ്ഥാനമാക്കി അധികമായി ചെയ്തത് ഉൾപ്പെടെയുള്ള മുഴുവൻ അളവിനും തുക അനുവദിച്ചത് മൂലം കരാറുകാരന് ₹19,106/-അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-19ൽ ചേർത്തിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഇപ്രകാരം പഞ്ചായത്തിന് നഷ്ടമായ ₹19,106/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. അധിക ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരുവിവരം ഖണ്ഡിക 4-10(ബി)യിൽ ചേർത്തിട്ടുണ്ട്.

### 3-3 കാലി വീപ്പയുടെ വില ഈടാക്കിയില്ല - ₹20,220/- അധികം നൽകി

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പൊതുമരാമത്ത് ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കരാറുകാർക്ക് നൽകിയ അന്തിമ ബിൽ തുകയിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 1-35 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. കാലി വീപ്പയുടെ വിലയിനത്തിലുള്ള നഷ്ടം ₹20,220/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. അധിക ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് വിവരം ഖണ്ഡിക 4-10 (ബി)യിൽ ചേർത്തിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്റ്റുകൾ

- ഇല്ല -

### 4-3 നിക്ഷേപ പ്രവൃത്തികൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ | എ. കെ. ജി. പടി നാലാം മൈൽ | XVFC/2021-22/P/23/ | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 6 (260/22) | തീ.28.02.2022 | | | |
| | കൊല്ലംപട്ടട പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 13 (274/22) | XVFC/2021-22/P/27/ തീ.28.02.2022 | 500000 | 0 | 500000 |
| | അഞ്ചാം നമ്പർ കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (282/22) | XVFC/2021-22/P/26/ തീ.28.02.2022 | 500000 | 0 | 500000 |
| | വലിയകണ്ടം ഭാഗം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (515/22) | XVFC/2021-22/P/98/ തീ.30.03.2022 | 500000 | 0 | 500000 |
| | നൂലാംപാറ വാർഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (516/22) | XVFC/2021-22/P/97/ തീ.30.03.2022 | 500000 | 0 | 500000 |
| | അമരാവതി വാർഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (517/22) | XVFC/2021-22/P/95/ തീ.30.03.2022 | 500000 | 0 | 500000 |
| | റോസാപൂക്കണ്ടം പാലം പൈപ്പ്ലൈൻ അടിസ്ഥാന സൗകര്യങ്ങൾ വാർഡ് 9 (263/22) | XVFC/2021-22/P/31/ തീ.28.02.2022 | 250000 | 0 | 250000 |
| | റോസാപൂക്കണ്ടം പാലം വലത് ഭാഗം പൈപ്പ്ലൈൻ അടിസ്ഥാന സൗകര്യങ്ങൾ വാർഡ് 10 (265/22) | XVFC/2021-22/P/35/ തീ.28.02.2022 | 250000 | 0 | 250000 |
| | കോളാ ബാബു പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ അടിസ്ഥാന സൗകര്യങ്ങൾ വാർഡ് 10 (266/22) | XVFC/2021-22/P/25/ തീ.28.02.2022 | 250000 | 0 | 250000 |
| അതോറിറ്റി | മന്നാക്കുടി നടപ്പാത പൈപ്പ്ലൈൻ നീട്ടൽ (471/22) | XVFC/2021-22/P/102/ തീ.30.03.2022 | 250000 | 0 | 250000 |
| | പളിയകുടി മോഹനൻ പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (383/22) | 21100252013300990452/ തീ.07.02.2022 | 300000 | 0 | 300000 |
| | കുഴിക്കണ്ടം വാർഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (519/22) | XVFC/2021-22/P/96/ തീ.30.03.2022 | 300000 | 0 | 300000 |
| | പളിയകുടി രാജാത്തി പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (382/22) | 21100252013300990456/ തീ.07.02.2022 | 398000 | 0 | 398000 |
| | മന്നാകുടി നടപ്പാത പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 11 (271/22) | XVFC/2021-22/P/30/ തീ.28.02.2022 | 400000 | 0 | 400000 |
| | ഒസാദ്പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 8 (262/22) | XVFC/2021-22/P/33/ തീ.28.02.2022 | 100000 | 0 | 100000 |
| | വൈറ്റ് ഹൌസ് ഭാഗം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 11 (267/22) | XVFC/2021-22/P/29/ തീ.28.02.2022 | 100000 | 0 | 100000 |
| | വലിയകണ്ടം കണ്ണൻപടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 14 (278/22) | XVFC/2021-22/P/34/ തീ.28.02.2022 | 100000 | 0 | 100000 |
| | കമ്പിപ്പാലം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 12 (272/22) | XVFC/2021-22/P/24/ തീ.28.02.2022 | 150000 | 0 | 150000 |
| | സൊസൈറ്റിപ്പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 12 (273/22) | XVFC/2021-22/P/21/ തീ.28.02.2022 | 150000 | 0 | 150000 |

| | | | | | |
|---|---|---|---|---|---|
| | അട്ടപ്പള്ളം പള്ളിപ്പറമ്പ് ഭാഗം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 15 (280/22) | XVFC/2021-22/P/28/ തീ.28.02.2022 | 150000 | 0 | 150000 |
| | ആനക്കൽ പുതുവൽ ഡോൺബോസ്കോ ഭാഗം പൈപ്പ്ലൈൻ നീട്ടൽ വാർഡ് 15 (470/22) | XVFC/2021-22/P/99/ തീ.30.03.2022 | 150000 | 0 | 150000 |
| | മേക്കാട്ട്പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 5 (259/22) | XVFC/2021-22/P/94/ 30.03.2022 | 200000 | 0 | 200000 |
| | കരിവേലിപ്പടി ദേവസ്യ പടി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 9 (264/22) | XVFC/2021-22/P/36/ തീ.28.02.2022 | 200000 | 0 | 200000 |
| | മുസ്ലീം പള്ളി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 14 (275/22) | XVFC/2021-22/P/22/ തീ.28.02.2022 | 200000 | 0 | 200000 |
| | ഹ്യൂണ്ടായ് ഭാഗം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ വാർഡ് 14 (279/22) | XVFC/2021-22/P/32/ തീ.28.02.2022 | 200000 | 0 | 200000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹73,90,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻ വർഷം വായ്പ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 299564/D/ BU/LSGD/15 തീ. 01.10.2015 | 48280740 | 19531003 | 0 | 5000000 | 1083956 | 14531003 |
| കെ.യു.ആർ.ഡി. എഫ്. സി. - ലൈഫ് ഭവന പദ്ധതി | GO(MS)68/18/ LSGD തീ. 18.05.2018 | 54627115 | 50757194 | 7390000 | 6350667 | 0 | 51796527 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹7000000 |
| തൻവർഷം നിക്ഷേപിച്ച തുക | ₹2500000 |
| ആകെ | ₹9500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹9500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | അമരാവതി സർവ്വീസ് സഹകരണ ബാങ്ക്, കുമളി ശാഖ | 21.11.2018 | 1 വർഷം | 2500000 | - |
| 2 | ഗ്രാമീൺ ബാങ്ക്, കുമളി | 15.11.2018 | 1 വർഷം | 1000000 | - |
| 3 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം | 13..11.2018 | 1 വർഷം | 1000000 | - |
| 4 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം | 17.7.2019 | 1 വർഷം | 1500000 | - |
| 5 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം | 10.02.2021 | 1 വർഷം | 500000 | |
| 6 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം | 10.02.2021 | 1 വർഷം | 500000 | |
| 7 | പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നെടുങ്കണ്ടം | 24.03.2022 | 2 വർഷം | 1000000 | |
| 8 | ചെങ്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്. 1.254 ചെളിമട | 31.03.2022 | 1 വർഷം | 500000 | |
| 9 | ചെങ്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്. 1.254 ചെളിമട | 18.09.2021 | 1 വർഷം | 1000000 | |
| | ആകെ | | | 9500000 | |

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2005-06 | 3-12 | 2009-10 | 2.8 | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് | പരാമർശം തുടരുന്നു |
| 2 | 2006-07 | 3-10 | 2010-11 | 2.14 | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് | പരാമർശം തുടരുന്നു |
| 3 | | - | 2014-15 | അനുബന്ധം | വിഷയാധിഷ്ഠിത | പരാമർശം |

| | | | | | | |
|---|---|---|---|---|---|---|
| | | | | 4 | അവലോകനം | തുടരുന്നു |
| 4 | | - | 2015-16 | 4.1.5 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം | പരാമർശം തുടരുന്നു |
| 5 | 2014-15 | 2-3 | 2016-17 | അനുബന്ധം 3 | വസ്തു നികുതി അപാകതകൾ | പരാമർശം തുടരുന്നു |
| | | | | | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു |
| 6 | | - | 2017-18 | അനുബന്ധം 5 | നിർവ്വഹണ ഏജൻസിയായ കെ.ഡബ്ല്യൂ.എ.- ഉം ആയി കരാർ ചമച്ചില്ല | |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

| സ്ഥാപനത്തിന്റെ പേര് | വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | സ്വയം അടവാക്കിയ തുക, രസീത് നം. തീയതി | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| കുമളി ഗ്രാമ പഞ്ചായത്ത് | 1998-99 | 26 | എൽ. ധർമ്മപാലൻ | എൽ. എഫ്. 4064/ സ്പെ.സെൽ./ (എസ്.സി.2) 2002 തീ.30.05.02/ 19.07.02 | 4440 | ഇല്ല | | | | | | 4440 | |
| | | 29 | | | 25000 | ഇല്ല | | | | | | 25000 | |
| | | 30 | | | 10000 | ഇല്ല | | | | | | 10000 | |
| | | 36 | | | 50000 | ഇല്ല | | | | | | 50000 | |
| | | 37 | | | 1491 | ഇല്ല | | | | | | 1491 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 1999-2000 | 30,33,35, 36,41,42 | എൽ. ധർമ്മപാലൻ | എൽ.എഫ്. 6657/ സ്പെ.സെൽ (എസ്.സി.2) 2003 തീയതി: 04.12.03 | 76900 | ഇല്ല | | | | | | 76900 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 2000-01 | 20(a) | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06 | 900 | ഇല്ല | | | | | | 900 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 22 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06 | 1217 | ഇല്ല | | | | | 1217 | |
| | | 35 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2004 തീയതി: 17.05.06 | 1591 | ഇല്ല | | | | | 1591 | |
| | | 37(1) | റ്റി.വി. തോമസ് | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2006 തീയതി: 16.05.06 | 14440 | ഇല്ല | | | | | 14440 | |
| | | 40 | എൽ. ധർമ്മപാലൻ | എൽ.എഫ്. 21570/ സ്പെ.സെൽ (എസ്.സി.2) 2006 തീയതി: 17.05.06 | 745025 | ഇല്ല | | | | | 745025 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 2001-02 | 14 | എം.എൻ. അബ്ദുൾ റഹിം | എൽ.എഫ്. 9190/ സ്പെ.സെൽ (എസ്.സി.2) 2007 തീയതി: 24.11.09 | 148050 | ഇല്ല | | | | | 148050 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 2002-03 | 3-11, 3-12, 3-13 | റ്റി.വി. തോമസ് | എൽ.എഫ്. 8307/ സ്പെ.സെൽ (എസ്.സി.2) 2007 തീയതി: 26.10.09 | 23819 | ഇല്ല | | | | | 23819 | |
| കുമളി ഗ്രാമ പഞ്ചായത്ത് | 2006-07 | 3-8 | പി.ജെ. ജോസഫ് | എൽ.എഫ്. 23606/ സ്പെ.സെൽ (എസ്.സി./ സി1/11 തീയതി: 07.08.14/ 01.01.14 | 129004 | ഇല്ല | | | | | 129004 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹22046924.70 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹261507836 |

| | |
|---|---|
| ആകെ | ₹283554760.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹232876108.00 |
| ആകെ | ₹50678652.70 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹55136 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹43685049 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 15810 | ശ്രീ. വർഗ്ഗീസ് ജോസഫ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 19106 | ശ്രീ. വർഗ്ഗീസ് ജോസഫ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 20220 | ശ്രീ. വർഗ്ഗീസ് ജോസഫ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-20 | 896908 | | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| 1-21 | 1694000 | | ശ്രീ. സോജി തോമസ്, കൃഷി ഓഫീസർ |
| 1-22 | 2396000 | | ശ്രീ. സോജി തോമസ്, കൃഷി ഓഫീസർ |
| 1-25 | 4780000 | | ശ്രീ. സുർജിത്ത് ശശി, വി.ഇ.ഒ. |
| 1-26 | 500000 | | ശ്രീ. ബൈജു കെ. ലാൽ, അസി. സെക്രട്ടറി |
| 1-27 | 300000 | | ഡോ. ഗീതു വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-23 | 555635 | | ശ്രീ. സോജി തോമസ്, കൃഷി ഓഫീസർ |
| 1-28 | 7098000 | | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| 1-29 | 90980 | 52876 | ശ്രീമതി. സിൽവി കെ. ജെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | | 38104 | ശ്രീമതി. കൊച്ച് റാണി പി.വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-30 | 915712 | | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| 1-32 | 150505 | | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| 1-33 | 500000 | | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| 1-34 | | 1787149 | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |

| | | | |
|---|---|---|---|
| 1-36 | 7718919 | 413742 | ശ്രീ. കെ.സെൻകുമാർ, സെക്രട്ടറി |
| | | 412740 | ശ്രീ. ചെറിയാൻ വി. സി., മെമ്പർ |
| | | 412740 | ശ്രീമതി. മണി മുനിയദാസ്, മെമ്പർ |
| | | 412740 | ശ്രീമതി. ജിസ്സ് ബിനോയി, മെമ്പർ |
| | | 413741 | ശ്രീമതി. ഡെയ്സി സെബാസ്റ്റ്യൻ, മെമ്പർ |
| | | 413741 | ശ്രീമതി. സുലുമോൾ എം. എൽ., മെമ്പർ |
| | | 413741 | ശ്രീ. സൺസി മാത്യു, വൈസ് പ്രസിഡണ്ട് |
| | | 413741 | ശ്രീമതി. രജനി ബിജു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | | 413741 | ശ്രീ. സിദ്ധിഖ് കെ. എം., മെമ്പർ |
| | | 413741 | ശ്രീ. കബീർ എ., മെമ്പർ |
| | | 301818 | ശ്രീമതി. രമ്യ മോഹൻ, മെമ്പർ |
| | | 301818 | ശ്രീ. ജിജോ രാധാകൃഷ്ണൻ, മെമ്പർ |
| | | 413741 | ശ്രീ. വിനോദ് ഗോപി, മെമ്പർ |
| | | 413741 | ശ്രീമതി. ശാന്തി ഷാജിമോൻ, പ്രസിഡണ്ട് |
| | | 301817 | ശ്രീമതി. നോളി ജോസഫ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | | 413740 | ശ്രീമതി. ജയമോൾ മനോജ്, മെമ്പർ |
| | | 227567 | ശ്രീ. പ്രദീപ് റ്റി. എസ്., മെമ്പർ |
| | | 301818 | ശ്രീമതി. ഷൈലജ ഹൈദ്രോസ്, മെമ്പർ |
| | | 301817 | ശ്രീ. സനിൽ വി. കെ., സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | | 301817 | ശ്രീ. റോബിൻ ജോർജ്ജ്, മെമ്പർ |
| | | 301817 | ശ്രീ. വർഗീസ് എം., മെമ്പർ |
| 1-37 | 3152500 | 152440 | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| | | 152439 | ശ്രീ. ചെറിയാൻ വി. സി., മെമ്പർ |
| | | 152439 | ശ്രീമതി. മണി മുനിയദാസ്, മെമ്പർ |
| | | 152439 | ശ്രീമതി. ജിസ്സ് ബിനോയി, മെമ്പർ |
| | | 152439 | ശ്രീമതി. ഡെയ്സി സെബാസ്റ്റ്യൻ, മെമ്പർ |
| | | 152439 | ശ്രീമതി. സുലുമോൾ എം. എൽ., മെമ്പർ |
| | | 152440 | ശ്രീ. സൺസി മാത്യു, വൈസ് പ്രസിഡണ്ട് |
| | | 152440 | ശ്രീമതി. രജനി ബിജു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | | 152439 | ശ്രീ. സിദ്ധിഖ് കെ. എം., മെമ്പർ |
| | | 152439 | ശ്രീ. കബീർ എ., മെമ്പർ |
| | | 152439 | ശ്രീമതി. രമ്യ മോഹൻ, മെമ്പർ |
| | | 152439 | ശ്രീ. ജിജോ രാധാകൃഷ്ണൻ, മെമ്പർ |

| | | | |
|---|---|---|---|
| | | 152439 | ശ്രീ. വിനോദ് ഗോപി, മെമ്പർ |
| | | 152440 | ശ്രീമതി. ശാന്തി ഷാജിമോൻ, പ്രസിഡണ്ട് |
| | | 152440 | ശ്രീമതി. നോളി ജോസഫ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | | 152439 | ശ്രീമതി. ജയമോൾ മനോജ്, മെമ്പർ |
| | | 103714 | ശ്രീ. പ്രദീപ് റ്റി. എസ്., മെമ്പർ |
| | | 152439 | ശ്രീമതി. ഷൈലജ ഹൈദ്രോസ്, മെമ്പർ |
| | | 152440 | ശ്രീ. സനിൽ വി. കെ., സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | | 152439 | ശ്രീ. റോബിൻ ജോർജ്ജ്, മെമ്പർ |
| | | 152439 | ശ്രീ. വർഗീസ് എം., മെമ്പർ |
| 1-38 | 2881000 | 138363 | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| | | 138362 | ശ്രീ. ചെറിയാൻ വി. സി., മെമ്പർ |
| | | 138362 | ശ്രീമതി. മണി മുനിയദാസ്, മെമ്പർ |
| | | 138362 | ശ്രീമതി. ജിസ്സ് ബിനോയി, മെമ്പർ |
| | | 138362 | ശ്രീമതി. ഡെയ്സി സെബാസ്റ്റ്യൻ, മെമ്പർ |
| | | 138362 | ശ്രീമതി. സുലുമോൾ എം. എൽ., മെമ്പർ |
| | | 138363 | ശ്രീ. സൺസി മാത്യു, വൈസ് പ്രസിഡണ്ട് |
| | | 138363 | ശ്രീമതി. രജനി ബിജു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | | 138362 | ശ്രീ. സിദ്ധിഖ് കെ. എം., മെമ്പർ |
| | | 138362 | ശ്രീ. കബീർ എ., മെമ്പർ |
| | | 138361 | ശ്രീമതി. രമ്യ മോഹൻ, മെമ്പർ |
| | | 138361 | ശ്രീ. ജിജോ രാധാകൃഷ്ണൻ, മെമ്പർ |
| | | 138361 | ശ്രീ. വിനോദ് ഗോപി, മെമ്പർ |
| | | 138363 | ശ്രീമതി. ശാന്തി ഷാജിമോൻ, പ്രസിഡണ്ട് |
| | | 138363 | ശ്രീമതി. നോളി ജോസഫ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | | 138361 | ശ്രീമതി. ജയമോൾ മനോജ്, മെമ്പർ |
| | | 113761 | ശ്രീ. പ്രദീപ് റ്റി. എസ്., മെമ്പർ |
| | | 138361 | ശ്രീമതി. ഷൈലജ ഹൈദ്രോസ്, മെമ്പർ |
| | | 138363 | ശ്രീ. സനിൽ വി. കെ., സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | | 138361 | ശ്രീ. റോബിൻ ജോർജ്ജ്, മെമ്പർ |
| | | 138361 | ശ്രീ. വർഗീസ് എം., മെമ്പർ |
| 1-39 | 1890084 | | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| 1-40 | 2496170 | 138677 | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| | | 138676 | ശ്രീ. ചെറിയാൻ വി. സി., മെമ്പർ |

| | | | |
|---|---|---|---|
| | | 138676 | ശ്രീമതി. മണി മുനിയദാസ്, മെമ്പർ |
| | | 138676 | ശ്രീമതി. ജിസ്സ് ബിനോയി, മെമ്പർ |
| | | 138676 | ശ്രീമതി. ഡെയ്സി സെബാസ്റ്റ്യൻ, മെമ്പർ |
| | | 138676 | ശ്രീമതി. സുലുമോൾ എം. എൽ., മെമ്പർ |
| | | 138676 | ശ്രീ. സൺസി മാത്യു, വൈസ് പ്രസിഡണ്ട് |
| | | 138676 | ശ്രീമതി. രജനി ബിജു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | | 138676 | ശ്രീ. സിദ്ധിഖ് കെ. എം., മെമ്പർ |
| | | 138676 | ശ്രീമതി. രമ്യ മോഹൻ, മെമ്പർ |
| | | 138676 | ശ്രീ. ജിജോ രാധാകൃഷ്ണൻ, മെമ്പർ |
| | | 138676 | ശ്രീ. വിനോദ് ഗോപി, മെമ്പർ |
| | | 138677 | ശ്രീമതി. ശാന്തി ഷാജിമോൻ, പ്രസിഡണ്ട് |
| | | 138676 | ശ്രീമതി. നോളി ജോസഫ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | | 138676 | ശ്രീമതി. ജയമോൾ മനോജ്, മെമ്പർ |
| | | 138676 | ശ്രീ. സനിൽ വി. കെ., സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | | 138676 | ശ്രീ. റോബിൻ ജോർജ്ജ്, മെമ്പർ |
| | | 138676 | ശ്രീ. വർഗീസ് എം., മെമ്പർ |
| 1-14 | 2112000 | | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |
| 1-41 | 1769487 | | ശ്രീ. കെ. സെൻകുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റd സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. സെൻകുമാർ,<br>സെക്രട്ടറി | ഇന്റേണൽ വിജിലൻസ് ഓഫീസർ,<br>ഇടുക്കി | പാലപ്പാറ,<br>അട്ടപ്പള്ളം പി.ഒ.<br>പിൻ -685509 |
| ശ്രീ. ചെറിയാൻ വി.സി,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | വാഴത്തോട്ടത്തിൽ, കൊല്ലംപട്ടട,<br>കുമളി-685509 |
| ശ്രീമതി. മണി മുനിയദാസ്,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | HML ലെയ്ൻ,<br>പുതുക്കാട്,<br>ചെങ്കര-685533 |
| ശ്രീമതി. ജിസ്സ് ബിനോയി,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | നടൂപ്പറമ്പിൽ, വെള്ളാരംകുന്ന്,<br>വെള്ളാരംകുന്ന്-685535 |
| ശ്രീമതി. ഡെയ്സി സെബാസ്റ്റ്യൻ,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | കൊല്ലംപറമ്പിൽ, അട്ടപ്പള്ളം കുമളി,<br>അട്ടപ്പള്ളം-685509 |
| ശ്രീമതി. സുലൃമോൾ എം. എൽ.,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | മോളുപറമ്പിൽ,<br>കുമളി,<br>കുമളി-685509 |
| ശ്രീ. സൺസി മാത്യു,<br>വൈസ് പ്രസിഡണ്ട് | വൈസ് പ്രസിഡണ്ട്,<br>കുമളി ഗ്രാമപഞ്ചായത്ത് | കാരക്കാട്ടിൽ, അമരാവതി,<br>അമരാവതി-685509 |
| ശ്രീമതി. രജനി ബിജു,<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ,<br>കുമളി ഗ്രാമപഞ്ചായത്ത് | കളക്കാട്ടുവടക്കേതിൽ, അമരാവതി,<br>അമരാവതി-685509 |
| ശ്രീ. സിദ്ധിഖ് കെ.എം,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | കൊല്ലംപറമ്പിൽ, അട്ടപ്പള്ളം,<br>അട്ടപ്പള്ളം-685509 |
| ശ്രീ. കബിർ എ.,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | ദാറുസലാം ഹൗസ്, റോസ്സാപ്പൂക്കണ്ടം,<br>കുമളി-685509 |
| ശ്രീമതി.രമ്യ മോഹൻ, മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | മുല്ലയ്ക്കൽ,<br>തേക്കടി,<br>തേക്കടി-685509 |
| ശ്രീ.ജിജോ രാധാകൃഷ്ണൻ, മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | പെരുക്കാട്ടിൽ,<br>തേക്കടി,<br>കുമളി-685509 |

| | | |
|---|---|---|
| ശ്രീ. വിനോദ് ഗോപി,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | പൊട്ടംപ്ലാക്കൽ,<br>കുമളി,<br>കുമളി-685509 |
| ശ്രീമതി. ശാന്തി ഷാജിമോൻ,<br>പ്രസിഡണ്ട് | പ്രസിഡണ്ട്,<br>കുമളി ഗ്രാമപഞ്ചായത്ത് | കളരിയ്ക്കൽ,<br>ലബ്ബക്കണ്ടം,<br>കുമളി-685509 |
| ശ്രീമതി. നോളി ജോസഫ്,<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | സ്റ്റാന്റിംഗ് കമ്മിറ്റി<br>ചെയർപേഴ്സൺ,<br>കുമളി ഗ്രാമപഞ്ചായത്ത് | ഇലഞ്ഞിയിൽ, വലിയകണ്ടം,<br>കുമളി-685509 |
| ശ്രീമതി. ജയമോൾ മനോജ്,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | കാരിമുട്ടം,<br>അട്ടപ്പള്ളം,<br>അട്ടപ്പള്ളം-685509 |
| ശ്രീ. പ്രദീപ് റ്റി. എസ്.,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | തോണിക്കുഴിയിൽ, സ്പ്രിംഗ് വാലി,<br>സ്പ്രിംഗ് വാലി-685509 |
| ശ്രീമതി. ഷൈലജ ഹൈദ്രോസ്,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | അമ്മച്ചിവീട്ടുവളപ്പിൽ, ചോറ്റുപാറ,<br>ചോറ്റുപാറ-685533 |
| ശ്രീ. സനിൽ വി. കെ.,<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ,<br>കുമളി ഗ്രാമപഞ്ചായത്ത് | വെട്ടിക്കൽ,<br>കൊല്ലംപട്ടട,<br>കുമളി-685509 |
| ശ്രീ. റോബിൻ ജോർജ്ജ്,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | കാരയ്ക്കാട്ട്,<br>വെള്ളാരംകുന്ന്, വെള്ളാരംകുന്ന്-685535 |
| ശ്രീ. വർഗീസ് എം.,<br>മെമ്പർ | മെമ്പർ,<br>കുമളി ഗ്രാമപഞ്ചായത്ത് | പനവിളയിൽ,<br>ആനക്കുഴി പുതുവൽ, ചെങ്കര-685533 |
| ശ്രീ. വർഗീസ് ജോസഫ്,<br>അസി. എഞ്ചിനീയർ | | വയലിൽ,<br>കുവപ്പള്ളി പി.ഒ,<br>ഇടുക്കി – 686518 |
| ശ്രീ. സോജി തോമസ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, കുമളി<br>ഗ്രാമപഞ്ചായത്ത് | തുടിയൻപ്ളാക്കൽ,<br>ഇരട്ടയാർ പി.ഒ,<br>ഇടുക്കി – 685516 |
| ഡോ. ഗീതു വർഗ്ഗീസ്,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | | കളപ്പുരയ്ക്കൽ വീട്,<br>അട്ടപ്പള്ളം പി.ഒ,<br>കുമളി, പിൻ -685509 |
| ശ്രീ. ബൈജു കെ. ലാൽ,<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി,<br>കുമളി ഗ്രാമഞ്ചായത്ത് | ലാൽനിവാസ്,<br>ഡീസന്റ് ജങ്ഷൻ, കൊല്ലം, പിൻ |

| | | |
|---|---|---|
| | | -686518 |
| ശ്രീമതി. സിൽവി കെ. ജെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | പോളേപ്പറമ്പിൽ വീട്, സൗത്ത് വാഴക്കുളം പി.ഒ, ആലുവ – 5,പിൻ-683105 |
| ശ്രീമതി. കൊച്ച് റാണി പി.വി., ഐ.സി.ഡി.എസ്.സൂപ്പർവൈസർ | | പാറത്താഴെ, തുറവൂർ പി.ഒ, ജോർദാൻപുരം പിൻ-686514 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2006-07 | എൽ.എഫ്.ഐ 8/1287/13/ 06.11.2013 | 5 | 3-7, 3-8, 3-10, 3-12, 3-17 |
| 2007-08 | കെ.എസ്.എ-ഐ.ഡി.കെ.8/ 1019/17 | 6 | 3-3, 3-6, 3-8, 3-9, 3-14, 3-16 |
| 2008-09 | കെ.എസ്.എ-ഐ.ഡി.കെ.8/804/ 2018/27.16.18 | 3 | 3-8, 3-11, 3-12 |
| 2009-10 | എൽ.എഫ്.ഐ 8-1247/14/ 31.03.15 | 3 | 3-9, 3-10, 3-16 |
| 2010-11 | കെ.എസ്.എ-ഐ.ഡി.കെ.8/229/ 18/01.03.18 | 2 | 3-3, 3-9 |
| 2012-13 | എൽ.എഫ്.ഐ 8-829/2014/ 13.03.15 | 4 | 2-6, 3-1, 3-5, 3-6 |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ 8/ 784/18 04.04.18 | 1 | 3-6 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ 8/ 1143/17/17.10.17 | 3 | 2-3, 3-7, 3-9 |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ.8/ 447/18/18.05.18 | 6 | 2-1, 2-2, 3-6, 3-7, 3-8, 3-9 |
| 2016-17 | കെ.എസ്.എ.-ഐ.ഡി.കെ 8/341/18 22.03.18 | 6 | 2-6, 3-2, 3-7, 3-11, 3-15, 3-16 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ 8/980/18 05.10.2018 | 9 | 2-1, 2-2, 2-3, 3-2, 3-3, 3-6, 3-7, 3-11 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ 8/980/18 05.10.2018 | 8 | 1-20, 1-21, 1-22, 1-24, 1-28, 1-30, 1-34, 1-35 |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ 8/133/22 25.03.2022 | 21 | 1-9 മുതൽ 1-31 വരെ |
| 2020-21 | കെ.എസ്.എ.-ഐ.ഡി.കെ 8/134/22 12.04.2022 | 22 | 1-9 മുതൽ 1-32 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്